
# കാർമ്മൽ

ജാനുവരി 1962 ത്രൈമാസികം



# CARMEL QUARTERLY

JANUARY 1962

മാന്യ വരിക്കാർ അറിവാൻ

കാൎമ്മലിന്റെ വരിപ്പണം കുടിശികയുള്ളവർ ദയവായി അതയച്ചുതന്നു സഹായിക്കണമെന്നു് അഭ്യൎത്ഥിക്കുന്നു.

മാനേജർ "കാൎമ്മൽ"

St. Joseph's Press
Trivandrum-1

15072

വർഷം 15 പു. 15 } ജാനുവരി 1962 { ലക്കം 1

# സമസ്തലോക സമാധാനവാർഷികം

നമ്മുടെ പ്രധാന മന്ത്രി നെഹ്റു കഴിഞ്ഞ നവംബർ മാസം 10-ാം തിയതി ഐക്യരാഷ്ട്രസമിതിയിൽ പ്രസംഗിച്ചുകൊണ്ടിരിക്കവേ, ഒരു നവീനാശയം പ്രകടിപ്പിച്ചിരിക്കുന്നു: 1962-മാണ്ടിനെ സമാധാനത്തിനുവേണ്ടിയുള്ള ഒരു സമസ്തലോകസഹകരണവർഷമായി ഐക്യരാഷ്ട്രസമിതി പ്രഖ്യാപിക്കണമെന്നു്. പഞ്ചശീലങ്ങളും പഞ്ചവത്സരപദ്ധതികളും ആസൂത്രണം ചെയ്ത ഒരു പ്രതിഭാശാലിയിൽനിന്നു പ്രതീക്ഷിക്കാവുന്ന ഒരാശയമാണതു്. പക്ഷേ വായുവിൽ ലയിക്കുന്ന വാക്കും കടലാസിൽ ഉണങ്ങുന്ന മഷിയും മാത്രം സമസ്തലോകസഹകരണത്തിനും സമാധാനത്തിനും മതിയായിരുന്നെങ്കിൽ, എത്രയോ മുമ്പുമുതൽ ലോകം സ്വർഗ്ഗസമാനം ശാന്തമാകുമായിരുന്നു.

സമാധാനവും സൗഭാഗ്യവും പോലെ മനുഷ്യൻ ആഗ്രഹിക്കുന്ന യാതൊന്നുമില്ല. അതവനു് പ്രദാനം ചെയ്യുന്നതിനു് ദൈവം ആഗ്രഹിക്കുന്നതുപോലെ മനുഷ്യൻ അതഭിലഷിക്കുന്നുമില്ല. എന്നിട്ടും യഥാർത്ഥ സമാധാനം മനുഷ്യനില്ല. ലോകം എന്നും കലാപസങ്കീർണ്ണമായിരിക്കുന്നു. അതാണു് വിചിത്രം!

**കവർ ചിത്രം**

എറണാകുളത്തു് ഹൈസ്കൂളിൽ പഠിക്കുന്ന ഞങ്ങളുടെ സന്യാസാർത്ഥികൾ.

എന്തുചെയ്യണം? സമാധാന രാജനായ ക്രിസ്തുവിലേയ്ക്കു പിന്തിരിയുക.

സമസ്തലോകസമാധാനവാർഷികമല്ലേ ആ ലോകൈക ഗുരുവിൻെറ ഓരോ ജന്മദിന വാർഷികവും? അതോരോ കൊല്ലവും സ്വർഗ്ഗീയ സമാധാനദൌത്യത്തിൻെറ വിലയും ആത്മാർത്ഥതയും നമ്മെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. പിതാവായ ദൈവം മനുഷ്യമക്കളുടെ മേൽ മനമുരുകി അവർക്കു നഷ്ടപ്പെട്ട സ്വർഗ്ഗം, ധാനം തിരിച്ചുനൽകുന്നതിനു തൻെറ ഏകജാതനെ ഭൂമിയിലേയ്ക്കു് അയയ്ക്കുന്നു. പുത്രനായ ദൈവം ബുലിത്തിൽ രംഗപ്രവേശം ചെയ്യുന്ന ആദ്യനിമിഷം തന്നെ തൻെറ നിത്യപിതാവിൻെറ സമാധാനസന്ദേശം വിളംബരം ചെയ്യുന്നു; പറയടിച്ചോ പത്രങ്ങൾ വഴിയോ അല്ല, പിന്നെയോ, തൻെറ വിശ്വസ്തദാസരായ വാനാരൂപികൾ വഴി; കുബുദ്ധികളായ മനുഷ്യരോടല്ല, പ്രത്യുത, ആത്മാർത്ഥതയുള്ള ആട്ടിടയന്മാരോടു്.

ഏതു വ്യവസ്ഥയിൽ ? നന്മനസ്സുള്ളവർക്കു മാത്രം.

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ നന്മനസ്സുള്ളവർക്കു സമാധാനം."

ദൈവത്തിനു ഏററം വലിയ മഹത്വം നൽകിയ ആ മനുഷ്യാവതാരകൃത്യംതന്നെയാണു് മനുഷ്യർക്കു ഏററം വലിയ സമാധാനത്തിൻെറയും സൌഭാഗ്യത്തിൻെറയും നിദാനമായിരിക്കുന്നതു്. സമയത്തിൻെറ പരിധിക്കുള്ളിലും തനിക്കു പുറത്തും ദൈവം നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികളിൽ ഏററം മഹത്തരമായതു് മനുഷ്യരക്ഷയ്ക്കു വേണ്ടിയുള്ള തൻെറ പുത്രൻെറ മനുഷ്യാവതാരമാകുന്നു. തൽഫലമായി നമുക്കൊരു ദൈവമനുഷ്യനുണ്ടായി. കരുണാർദ്രമായ ദൈവസ്നേഹത്തിൻെറ അത്യുന്നതമായ ഈ പ്രകടനം ദൈവത്തെ സമ്പൂർണ്ണമായി മഹത്വപ്പെടുത്തിയതിനോടൊപ്പം, മനുഷ്യവർഗ്ഗത്തിനു് അനർഘങ്ങളായ നന്മകളും ആർജ്ജിച്ചിട്ടുണ്ടു്. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ പിതാവിനോടു് മനുഷ്യരെ രമ്യപ്പെടുത്തി. ആദ

ത്തിന്റെ പാപത്തെത്തുടർന്ന് അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗകവാടം നമുക്കായി തുറന്നിട്ടു. നമ്മുടെ രക്ഷയും, വിശുദ്ധീകരണവും, നിത്യഭാഗ്യവും മിശിഹായെ ആശ്രയിച്ചിരിക്കുന്നു. സമാധാനരാജനായി അവതരിച്ച അവിടുന്നു പരിപൂർണ്ണസമാധാനം മനുഷ്യവർഗ്ഗത്തിനു പൊതുവായും, വ്യക്തികൾക്കു പ്രത്യേകമായും വാഗ്ദാനം ചെയ്യുന്നു.

അവിടുത്തെ പരസ്യജീവിതകാലത്ത്, വിശിഷ്യാ, പീഡാനുഭവവേളയിൽ നമ്മുടെ ദിവ്യരക്ഷകൻ തന്റെ സമാധാന രാജ്യം ഏതു തരത്തിലുള്ളതാണെന്നു പ്രസ്പഷ്ടമാക്കിയിട്ടുണ്ട്. അതു കേവലം ഭൗതികമല്ല; അതു നീതിയുടേയും സത്യത്തിന്റേയും സ്നേഹത്തിന്റേയും രാജ്യമാണ്. അതിന്റെ ഭരണഘടനയിലെ ഒരടിസ്ഥാനനിയമമാണ് സീസറിന്റേത് സീസറിനും, ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കണമെന്നുള്ളത്. അതിൽ പൗരത്വം ലഭിക്കുന്നതിന് സത്യസന്ധത അത്യന്താപേക്ഷിതമാണ്. ഈ രാജ്യം സർവ്വപ്രധാനമായി മനുഷ്യഹൃദയങ്ങളിൽ സ്ഥിതിചെയ്യുന്നു. തന്റെ വാക്കുകൾ ശ്രവിച്ച് തന്നെ അനുഗമിക്കുന്നവരാരും അജ്ഞാനാന്ധകാരത്തിൽ നടക്കുകയില്ലെന്ന് ക്രിസ്തുനാഥൻ ഉറപ്പുനൽകുന്നു. അതിനാൽ സമാധാനവും ഹൃദയശാന്തതയും അഭിലഷിക്കുന്നവരെല്ലാം തന്നെ സമീപിക്കുവാൻ അവിടുന്ന് സസ്നേഹം ആഹ്വാനം ചെയ്യുന്നു.

യഹൂദന്മാർ മിശിഹായുടെ ആഹ്വാനം നിരസിച്ചു. തിരഞ്ഞെടുക്കപ്പെട്ട ആ ജനം വഴി തന്റെ സമാധാനരാജ്യം ലോകമെങ്ങും സ്ഥാപിക്കണമെന്നുണ്ടായിരുന്ന അവിടുത്തെ പ്ലാൻ അവർ നശിപ്പിച്ചു. അതിനവരെ പ്രേരിപ്പിച്ചത് അവരുടെ ഹൃദയങ്ങളിൽ നിറഞ്ഞിരുന്ന വക്രതയും സ്വാർത്ഥതയും ആയിരുന്നു.

ഇതുതന്നെയാണ് ക്രിസ്തുവിന്റെ വാക്കുകളെ ശ്രവിക്കാതിരിക്കുന്നതിനു മനുഷ്യരെ ഇന്നും പ്രേരിപ്പിക്കുന്ന കാരണം. സമാധാനം പ്രാപിക്കുന്നതിന് അത്യന്താപേക്ഷിതമായിരിക്കുന്ന ഒരുക്കം സത്യസന്ധതയും സന്മനസ്സുമാണ്. അതാണ് ലോകസമാധാനം പ്രസംഗിക്കുന്ന പലർക്കും ഇല്ലാത്തത്.

ഞങ്ങളുടെ ലേഖകന്മാർക്കും
വായനക്കാർക്കും
ഗുണകാംക്ഷികളേവർക്കും
നവവത്സരമംഗളങ്ങൾ.

അഹംഭാവവും, അസൂയയും, വിദ്വേഷവും, സ്വാർത്ഥതയും നിറഞ്ഞ ഒരാത്മാവിൽ സമാധാനത്തിനാവശ്യമുള്ള പശ്ചാത്തലമില്ല. ഇതു രാഷ്ട്രീയലവലിലും പ്രതിബിംബിക്കും. രാഷ്ട്രങ്ങളെ നയിക്കുന്നവർ ഈ ദുരാശകൾക്കടിമകളെങ്കിൽ, അവർ ജനങ്ങളെ അസമാധാനത്തിലേയ്ക്കും ചിലപ്പോൾ സമൂലനാശത്തിലേയ്ക്കും ആനയിക്കും. ഇതല്ലേ ഇന്നത്തെ ലോകത്തിന്റെ ദുരവസ്ഥ? ശീതസമരവും, ചൂടുസമരവും, വാക്ക്സമരവും, യുദ്ധഭീഷണിയും എല്ലാം സൂചിപ്പിക്കുന്നത് തദ്പ്രണേതാക്കൾക്ക് യഥാർത്ഥ സന്മനസ്സില്ലെന്നാണ്. ആത്മാർത്ഥതയുടെ കുറവുനിമിത്തം ലോകസമാധാനത്തിനു വേണ്ടിയുള്ള അവരുടെ യാതൊരു പ്രയത്നങ്ങളും ഫലപ്രദമാകുന്നില്ല. സമാധാന കോൺഫറൻസുകൾ അലസിപ്പിരിയുന്നു. ഉന്നതതലചർച്ചകളും കൂടിക്കാഴ്ചകളും അർത്ഥമില്ലാത്ത അഥവാ ഏതുവിധത്തിലും വ്യാഖ്യാനിക്കാവുന്ന കുറെ പ്രമേയങ്ങൾ പാസ്സാക്കി പരസ്യപ്പെടുത്തി അവസാനിപ്പിക്കുന്നു. യഥാർത്ഥ സമാധാനമാർഗ്ഗങ്ങൾ ഏവയെന്ന് അന്വേഷിക്കുന്നതിനുപോലും, കൊടും സ്വാർത്ഥത അവരെ അനുവദിക്കുന്നില്ല.

മേഗാ ടൺ ബോമ്പുകളും ഹൈഡ്രജൻ ബോമ്പുകളും മറ്റേതെങ്കിലും ന്യൂക്ലീയർ ആയുധങ്ങളുമല്ല ലോകത്തിൽ സമാധാനം സ്ഥാപിക്കുവാൻ പോകുന്നത്.

മനുഷ്യജീവിതത്തിൽ ആദ്ധ്യാത്മിക മൂല്യങ്ങൾക്കുള്ള സ്ഥാനം പ്രയോഗത്തിൽ അംഗീകരിക്കപ്പെടുന്നതുവരെ ലോകത്തിൽ അസമാധാനം നിലനിൽക്കുക തന്നെ ചെയ്യും. സന്മനസ്സുള്ളവർക്ക് ഈ മൂല്യങ്ങൾ അംഗീകരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. വിശ്വാസവെളിച്ചം കൂടാതെ, ബുദ്ധിയുടെ വെറും സ്വാഭാവികവെളിച്ചംകൊണ്ട് കാണാൻ കഴിയും, മാനവസമുദായത്തിന്റെ സൗഭാഗ്യത്തിനും സമാധാനത്തിനും, സുരക്ഷിതാവസ്ഥയ്ക്കും ആദ്ധ്യാത്മിക മൂല്യങ്ങളെ ആദരിക്കണമെന്ന്. ഇൻഡ്യയുടെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു യാതൊരു മതത്തിന്റെയും അനുയായിയല്ല. എങ്കിലും പലപ്പോഴും അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ആദ്ധ്യാത്മികത്വത്തിന്റെ ആവശ്യകതയെക്കുറി

# അവൻ വരുന്നു

(പി. എക്സ്. പല്ലുവിള)

നിനക്കും സ്ത്രീക്കും മദ്ധ്യേയും നിന്റെ സന്തതിക്കും സ്ത്രീയുടെ സന്തതിക്കും മദ്ധ്യേയും ഞാൻ ശത്രുത്വം സ്ഥാപിക്കും. നീ സർപ്പമോ, അവന്റെ കുതികാലിനു പതികിടക്കുകയും ചെയ്യും.

അവൻ വരുന്നു

പാമ്പിന്റെ കളിയെ, മനുഷ്യസമുദായത്തിന്റെ മേൽപിശാചിനുണ്ടായ ആധിപത്യത്തെ ചോദ്യം ചെയ്യുവാൻ അവൻ വരുന്നു. പുരുഷസംയോഗം കൂടാതെ സ്ത്രീയിൽനിന്നുമാത്രം ജന്മംകൊണ്ടു 'എമ്മാനുവേൽ വരുന്നു. അതേ, ഇതാ വരുന്നു. തലമുറകളുടെ പ്രതീക്ഷകളിലൂടെ, പ്രഭാമയമായ ക്രിസ്മസ് രാത്രിയിലേയ്ക്കു പ്രതിശ്രുതനായ മിശിഹാ.

ഹോ! പ്രാചിയും പ്രതീചിയും നാഗരികതകളും തലമുറകളും ജാതികളും ഗോത്രങ്ങളും എത്രനാൾ പാർത്തിരുന്നതാണ്, ആർത്തിയേറി കാത്തിരുന്നതാണ്, ആ വരാഗമം. ശൂന്യാകാശത്തിലെ വിശാലവീഥികൾ ചുററിപ്പായുന്ന തേജോഗോളങ്ങളിലൂടെ കത്തിജ്ജ്വലിക്കുന്ന തീപ്പന്തങ്ങളുമേന്തി എത്രയോ നൂററാണ്ടുകൾ ആ രാജാധിരാജന്റെ പാദപതനത്തിനു അങ്ങനെ നെഞ്ചുതരിച്ചു കാത്തുകിടന്നിരുന്നു.

അല്ലെങ്കിൽ ഇരുളിൽ ഉഴറിയ ബോധങ്ങൾ പ്രകാശത്തിനു വേണ്ടിവിരയുന്ന കഥയല്ലേ പ്രപഞ്ചചരിത്രം തന്നെ.

> തമസോമാം ജ്യോതിർഗമയ
> അസതോമാം സത്ഗമയ
> അമൃതോമാം മൃതംഗമയ

അന്ധകാരത്തിൽനിന്നു എന്നെ പ്രകാശത്തിലേക്കു നയിയ്ക്കുക. അസത്യത്തിൽ നിന്നു എന്നെ സത്യത്തിലേക്കു നയിയ്ക്കുക. മരണത്തിൽ നിന്നു എന്നെ ജീവനിലേക്കു നയിക്കുക. എന്നിങ്ങനെ ഹോമാഗ്നികളിലൂടെ എത്രയോ ശതവർഷങ്ങൾ ഉയന്നു ഭാരതേഷികളുടെ ഹൃദയോദ്ഗാരങ്ങൾ! 'ത്രാതാവ് എപ്പോൾ വരും ഉദ്ധാരകൻ എപ്പോൾ സമാഗമിക്കും' എന്നു മന്ത്രോച്ചാരണത്തോടുകൂടി എത്രയോ കുഞ്ഞാടുകളെ ഏഷ്യൻ ജനത എഖ്യേമിനു കുരുതികൊടുത്തു.

സമയമാകുന്ന സൂര്യകാന്തി പൂവിന്റെ ഇതളുകൾ പിന്നെയും കൊഴിഞ്ഞുകൊണ്ടിരുന്നു.

പൗരാണിക ഗ്രീക്കുകവിയായ ഹോമർ ചരിത്രത്തിന്റെ നിലയ്ക്കാത്ത പ്രവാഹത്തിലേക്കു വലിച്ചെറിഞ്ഞു തന്റെ അനശ്വരകാല്പനിക കാവ്യശില്പങ്ങളായ ഇലിയഡും ഒഡിസ്സിയും. പരാജിതനായ ഒരു വീരനും വിരഹാർത്തയായ ഒരു മനസ്വിനിയും അവയിൽ മഹത്വം കണ്ടെത്തിയിരിക്കുന്നു. ഒരുനാൾ കാൽവരി

---

ച്ച് ഉയർന്നിപ്പറയാറുണ്ട്. ആധുനികയുഗത്തിന്റെ രണ്ടു ലക്ഷണങ്ങളാണ് ശാസ്ത്രീയതയും ആദ്ധ്യാത്മികതയും. മനുഷ്യനു സുഖപ്രദമായി ജീവിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും പ്രദാനം ചെയ്യുന്ന ശാസ്ത്രം അതേ കൈകൊണ്ടുതന്നെ മനുഷ്യവംശത്തെ നാമാവശേഷമാക്കാനുള്ള മാർഗ്ഗങ്ങളും കണ്ടുപിടിക്കുന്നു. ഇതിന്റെ മദ്ധ്യത്തിലുള്ള ഈ മനുഷ്യജീവിതം എത്ര വിചിത്രമായിരിക്കുന്നു! ഇതിനിടയ്ക്കു ഒരു സമനില പാലിക്കുവാൻ ആദ്ധ്യാത്മികത്വത്തിനു മാത്രമേ സാധിക്കുകയുള്ളൂ. സന്മനസ്സില്ലാതെ, തൽഫലമായി ദൈവവും മതവും കൂടാതെ, ഭൗതികമായി ലോകം എമ്മാത്രം പുരോഗമിക്കുന്നുവോ, അമ്മാത്രം അസമാധാനവും തദ്വാരാ ആദ്ധ്യാത്മികതയുടെ നിലവിളിക്കുന്ന ആവശ്യവും അനുഭവപ്പെട്ടുകൊണ്ടിരിക്കും. പക്ഷേ ചിന്താശീലന്മാർ മാത്രമേ ഗ്രഹിക്കുകയുള്ളൂ ആദ്ധ്യാത്മികത്വം കൊണ്ടല്ലാതെ ലോകത്തെ രക്ഷിക്കുവാൻ സാദ്ധ്യമല്ലെന്ന്.

എന്നാൽ വിശ്വാസവെളിച്ചം ലഭിച്ചിട്ടുള്ള നമുക്ക് ദൃഢബോദ്ധ്യമുണ്ട് ക്രിസ്തുവിന്റെ വാഴ്ച, മനുഷ്യഹൃദയങ്ങളിൽ സംസ്ഥാപിതമാകാതെ, അതായത് ക്രിസ്തീയതത്വങ്ങൾ മനുഷ്യഹൃദയങ്ങളിൽ കയറി പ്രവൃത്തികളിലേയ്ക്ക് കടക്കാതെ, നിലനിൽക്കുന്ന സമാധാനം ഉണ്ടാകയില്ലെന്ന്. ഇതിനുവേണ്ടി രാഷ്ട്രീയനേതാക്കന്മാർ സമസ്തലോകസഹകരണവർഷം പ്രഖ്യാപിക്കുമ്പോൾ, പ്രാർത്ഥന, ത്യാഗം, പ്രവൃത്തി എന്നിവ വഴിയുള്ള നമ്മുടെ സഹകരണം ലോകസമാധാനാർത്ഥം ദൈവത്തിനു സമർപ്പിക്കാം.

യിൽ ഒരു ക്രൂശിതനേയും ക്രൂശിൻ ചുവട്ടിൽ ഒരു വ്യാകുലവതിയേയും ദർശിക്കുംവരെ ലോകം അറിഞ്ഞിരുന്നില്ല എന്താണു അതിന്റെ ഉൾപ്പൊരുളെന്ന്.

കാലമാകുന്ന കലാകാരൻ നീലക്കയിലിനു വെള്ള പൊട്ടുകൾ പിന്നെയും പിന്നെയും നെയ്യുകൊണ്ടിരുന്നു.

ബി. സി. 500 – ൽ എസ്കിലസ് 'പ്രമത്തേവൂസ്' എന്നഗ്രന്ഥം മുഴമിച്ചു. ബന്ധിതനായ പ്രമത്തവൂസിന്റെ കുടൽമാല കഴുകൻ കൊത്തിവിഴുങ്ങുന്ന ചിത്രമാണതിൽ. ഇതു കണ്ടുകൊണ്ടു ഹെർമസ് അൽബിയാദ്ദസ്സിനോടു ചോദിക്കുന്നു: "ഈ അഭിശാപത്തിനു എന്നു അറുതിഎത്തും?" മറുപടി 'ഒരു ദൈവം വന്നു തന്റെ ശിരസ്സിൽ നിന്റെ പാപങ്ങൾ ചുമക്കും വരെ ഈ അഭിശാപത്തിന്നറുതിയുണ്ടാവുകയില്ല'

അഹോ! ഒരു ദൈവത്തിന്റെ അവതാരത്തിന്നു വേണ്ടിയുള്ളദാഹം! കാലത്തിന്റെ ക്രൂരമായ നായാട്ടു നീക്കം പിന്നെയും തുടന്നുകൊണ്ടേ ഇരുന്നു.

സോക്രട്ടീസിനോടു ശിഷ്യൻ ചോദിക്കുന്നു: 'ദേവതമാരോടു ഞാൻ എന്താണു പ്രാർത്ഥിക്കുക'? സോക്രട്ടീസ് തടഞ്ഞു 'നില്ക്കുക, ക്ഷമിക്കുക, പാർത്തിരിക്കുക. വിജ്ഞനായ ഒരു മഹാഗുരു ആവിർഭവിക്കും. എങ്ങനെയാണു ദൈവത്തിന്റേയും മനുഷ്യന്റേയും സന്നിധിയിൽ വിനിവർത്തിക്കേണ്ടതെന്ന് അദ്ദേഹം നിങ്ങളെ പഠിപ്പിക്കും'.

കാലമാകുന്ന വനവേടൻ വൽസരങ്ങളാകുന്ന കളഹംസങ്ങളെ പിന്നേയും എയ്തു വീഴ്ത്തിക്കൊണ്ടേ ഇരുന്നു. ഗൗതമബുദ്ധൻ (ബി. സി. 563—483) പറയുന്നു: 'ലോകത്താഗമിക്കുന്ന ആദ്യത്തെ ബുദ്ധൻ ഞാനല്ല, അവസാനത്തെ ബുദ്ധനും ഞാനല്ല. ഞാൻ സമാധി അടയും. എന്നാൽ ബുദ്ധൻ ഇനിയും ജീവിക്കും. ബുദ്ധൻ സത്യമാകുന്നു. 500 സംവൽസരത്തോളം ബുദ്ധന്റെ സാമ്രാജ്യം വികസിക്കും. നിശ്ചിതനേരത്തു മറെറാരു ബുദ്ധൻ ഉദയം കൊള്ളും. അദ്ദേഹം ഞാൻ പ്രബോധിപ്പിച്ച അതേ സനാതനസത്യംതന്നെ നിങ്ങളെ പഠിപ്പിക്കും.' അപ്പോൾ ആനന്ദഭിക്ഷു ചോദിക്കുന്നു: 'ഞങ്ങൾ അദ്ദേഹത്തെ എങ്ങനെ തിരിച്ചറിയും?' 'എന്റെ നാമം സ്നേഹം' എന്നർത്ഥമായ മൈത്രേയൻ എന്നറിയപ്പെടുന്ന ആൾ ആയിരിക്കും അദ്ദേഹം.

'അതേ, ദൈവം സ്നേഹമാകുന്നു'

റോമൻ നാഗരികതയും വിരയുകയായിരുന്നു രക്ഷകന്റെ വരാഗമത്തിന്നായി.

സിബിൽ ഉറപ്പിച്ചെഴുതുന്നു: 'ലോകത്തെ രക്ഷിക്കുവാൻ നിയുക്തനായ രാജാവു വരും'. റോമൻ ചക്രവർത്തിയായ സിസറോ ചോദിക്കുന്നു, 'ഏതു രാജാവ്?' അതിന്ന്, ചരിത്രത്തിൽ, മറെറാരു റോമാക്കാരനായ പിലാത്തോസ് ക്രിസ്തുവിനെ വിരലു ചൂണ്ടിക്കൊണ്ടു മറുപടി പറയുന്നു: 'ഇതാ ആ മനുഷ്യൻ 'Ecce homo'

റോമൻ ജനത ഒരു സ്വർഗ്ഗീയാദ്ധ്യാപകനെ പാർത്തിരുന്നെന്നു സാക്ഷിക്കുന്ന സ്വേട്ടോണിയസ് "അഗസ്റ്റസ് സീസർ" എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു: 'ഇതാ റോമാക്കാരുടെ രാജാവാകുവാനിരിക്കുന്ന ഒരു പ്രജയെ പ്രസവിക്കുവാൻ പ്രകൃതി പ്രസവവേദന അനുഭവിക്കുന്നുവെന്ന്. ഇതുകേട്ട് റോമൻ സെനററ് ഞെട്ടുന്നു. അക്കൊല്ലം ജനിക്കുന്ന എല്ലാ ആൺ കുട്ടികളേയും വെട്ടിക്കൊല്ലുവാൻ തീട്ടൂരം പുറപ്പെടുത്തുന്നു. പക്ഷെ നടക്കുന്നില്ല. കാരണം സെനററംഗങ്ങളുടെ ഭാര്യമാരിൽ ഭൂരിഭാഗവും ഗർഭവതികളായിരുന്നു.

ടാസിററസ് "ചരിത്രം" എന്ന തന്റെ ഗ്രന്ഥത്തിൽ ഭൂമിയുടെ അതിർത്തികളെ അടക്കി വാഴുവാനിരിക്കുന്ന ഒരു പ്രജയെ യൂദാ പ്രസവിക്കുമെന്നു പ്രസ്താവിക്കുന്നു.

ഹൊറേസ് ഒരു സുവർണ്ണയുഗത്തെ വർണ്ണിക്കുന്നു. വിർജിൽ ബി. സി. 51–ൽ ആ സുവർണ്ണയുഗം സമാഗതമായെന്നു പ്രഖ്യാപിക്കുന്നു. നാലാം കാണ്ഡത്തിൽ ഉരുക്കു യുഗത്തിന്റെ അന്തിമഘട്ടത്തിൽ ജനിക്കുവാനിരിക്കുന്ന ഒരു പുത്രശിശുവിന്റെമേൽ പുഞ്ചിരി പൊഴിച്ചു നിൽക്കുന്ന വിരക്തയായ ഒരു വനിതയുടെ രമണീയചിത്രം വിരാജിക്കുന്നു.

നിലാവും നിഴലും കെട്ടുപിണഞ്ഞ ഹേമന്തരാവുകൾ വീണ്ടും വേഴാമ്പലുകളെ നോക്കി പല്ലിളിച്ചുകൊണ്ടിരുന്നു.

വിജാതീയനായ ബാലാം വരുവാനിരിക്കുന്ന രക്ഷകനെക്കുറിച്ചു പ്രവചിക്കുന്നു. ആ പ്രവചനം 'അവന്റെ നക്ഷത്രം' കിഴക്കു കണ്ടു ഇറങ്ങിയ ജ്യോതിഷ മനീഷികളെ ബത്‌ലഹേമിലേയ്ക്കു സമാനയിക്കുന്നു.

പ്ളേറോ ഒരു ലോഗോസി (Logos) നെ (വചനം) ക്കുറിച്ചും കൺഫ്യൂഷസ് ഒരു മഹാ യോഗിയെ

ക്കറിച്ചും സിബിൽസ് ഒരു സാർവലൌകിക നൃപാല നേയും ഒരു ഉദ്ധാരകനേയും കുറിച്ചും, യവനനാടക കർത്താക്കൾ, ആദിമശാപമൊഴിവാക്കുന്ന ഒരുദ്ധാരക നേയും രക്ഷകനേയും കുറിച്ചും സംസാരിക്കുന്നു. യഹൂദ ജനതയുടെ പാരമ്പര്യവും ഈ പ്രതീക്ഷകളുടെ വർണ്ണ നാളങ്ങൾക്കു ദീപ്തികൂട്ടുകയായിരുന്നു. ക്രിസ്തുവിൻെറ ജനനത്തിനു് രണ്ടായിരം വർഷം മുമ്പ്, 'അബ്രഹാമിൻെറ ഗോത്രത്തിൽ ജനിക്കുന്നവൻ ജനതകളുടെ പ്രതീക്ഷയായിരിക്കും' (ഉത്പത്തി, 49:8) എന്നു് മുന്നറിയിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു ജനിക്കുന്നതിനു് 700 വർഷം മുമ്പ് ബത്ലഹമായിരിക്കും തൻെറ ജന്മസ്ഥാനമെന്നു് പൂർവദർശനം ചെയ്യപ്പെട്ടിരുന്നു. അവിടുന്നു് സമയത്തിൽ ജനനം സ്വീകരിച്ചെന്നാലും നിത്യമായ ഒരു ജനനംകൂടി തനിക്കുണ്ടായിരുന്നെന്നു മിഖയാസ് മുഖാന്തിരം വെളിപ്പെടുത്തിയിരിക്കുന്നു. (മിഖയാസ് 5: 2, 3, 4, 5). ജന്മസ്ഥാനം മാത്രമല്ല കന്യകയിൽനിന്നു ജനിക്കുമെന്ന വിവരവും 700–കൊല്ലം മുമ്പ് അനാവരണം ചെയ്യപ്പെടുന്നു. ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ 'അമ്മാനുവേൽ' എന്നു വിളിക്കപ്പെടും. ക്രിസ്തുവിൻെറ പിറവിക്ക് 700–കൊല്ലം മുമ്പ് പൌരസ്ത്യ നാടുവാഴികൾ സ്വർണ്ണവും സുഗന്ധവർഗ്ഗങ്ങളും തിരുമുല്ക്കാഴ്ചയായി കൊണ്ടുവരുമെന്നും. താൻ ഈജിപ്തിലേയ്ക്ക് ഓടിപ്പോകുമെന്നും (Ossee 11) നസറത്തിൽ നിവസിക്കുമെന്നും (ഇസയാസ് 9) പ്രവചിതമാകുന്നു. ഓറശ്ലമിൻെറ മതിലുകൾ വീണ്ടും പണിചെയ്യുവാൻ സയറസ്സ് ആജ്ഞാപിച്ചശേഷം 490 വർഷം കഴിഞ്ഞു് മിശിഹാ സമാഗതനാകുമെന്നു് സുമാർ 600–സംവൽസരങ്ങൾക്കു മുമ്പ് പ്രവചിക്കപ്പെടുകയായി (ദാനി. 19).

പ്രപഞ്ചമാകുന്ന ശിശുവിൻെറ ജിജ്ഞാസയേറിയ കണ്ണിളം താരകത്തുമിഴികൾ പിന്നെയും പിന്നെയും ചിമ്മിപ്പൊലിയുകയാണ്.

അവിടുത്തേനാമം ഈശോ അഥവാ രക്ഷകൻ ആയിരിക്കുമെന്നു അഞ്ഞൂറാണ്ടുകൾക്കുമുമ്പു അറിയിക്കപ്പെടുന്നു. (Habacuc 3: 18) അവിടുത്തെ സ്വഭാവത്തിൻെറ സവിശേഷതകൾ വിശിഷ്യ, അവിടുന്നു ദയാർദ്രനും (ഇസ. 42. എസക്കി.34) ക്ലേശിതരെ സമാശ്വസിപ്പിക്കുന്നവനും(ഇസ. 61)സ്വന്തംജനതയാൽ പരിത്യക്തനും (ഇസ. 1, 63, 42) ആകുമെന്നതുമാത്രമല്ല അങ്ങേമരണത്തിൻെറ വിശദാംശങ്ങൾകൂടിയും ദീഘർദർശനംചെയ്യപ്പെടുന്നു. അങ്ങേ കൈകാലുകൾ ക്ഷതമേല്ക്കുമെന്നും (സഖ. 13. സങ്കീ. 21, 17) ശത്രുക്കൾ അങ്ങേ വസ്ത്രത്തിനുവേണ്ടി കുറിയിടുമെന്നും അങ്ങേ അസ്ഥികൾ തകൾക്കപ്പെടുകയില്ലെന്നും (സഖ. 11. 12. ഇസ. 1) ദാഹശമനത്തിനു അവിടുത്തേക്കു വിനാഗിരി നൽകപ്പെടുമെന്നും (സങ്കീ. 68, 22) നൂറാണ്ടുകൾക്കപ്പുറം വെളിപ്പെടുത്തുകയായി. എന്തിനു എണ്ണമററ പ്രവചനങ്ങൾ അങ്ങയെ നോക്കി വിരിഞ്ഞിറങ്ങുന്നു. അവിടുന്നു യൂദയായിൽ ആവിർഭവിച്ച അവസരത്തിൽ തന്നെ പൌരാണിക സിനഗോഗുകൾ സമാഹരിക്കുകയാണു് അവിടുത്തേക്കുറിച്ചു വിഭിന്നങ്ങളായ 456 പ്രവചനങ്ങൾ. പ്രാചിയിലും വെളിച്ചമായി. കൂമ്പിയ ആത്മാവിൻെറ താമരദളങ്ങൾ മന്ദം മന്ദം വിരിയുകയാണു്.

കിഴക്കു പ്രാബല്യത്തിൽ നിലകൊള്ളുമെന്നും ലോകത്തിനു ഉപദേഷ്ടാക്കന്മാരും ഭരണാധിപന്മാരും യൂദയായിൽ നിന്നു വരുമെന്നും ഉള്ള പ്രാചീനങ്ങളായ പ്രവചനങ്ങളിൽ പൊതുവെ ജനത വിശ്വസിക്കുന്നു (Hist. 5:13). ചൈനയ്ക്കുമുണ്ടായിരുന്നു ഇതേ പ്രതീക്ഷ. പക്ഷേ, ചൈന ഭൂഗോളത്തിൻെറ മദ്ധ്യഭാഗത്താകയാൽ 'ആ മഹാനായ വിജ്ഞൻ' പടിഞ്ഞാറു ജനിക്കുമെന്നാണു് ചീന നിഗമിച്ചതു്. തങ്ങളുടെ സ്വകീയ സാമ്രാജ്യത്തിൻെറ നാൾവഴിക്കുറിപ്പിൽ ഈ വിശ്വാസം ചീനക്കാർ രേഖപ്പെടുത്തിയിരിക്കുന്നു. ട്ഷിയോ (Teheou) വംശത്തിലെ ട്ഷാവാംങി (Tehao wang) ൻെറ വാഴ്ചക്കാലം 22-ാം വർഷം 4-ാം മാസം 8-ാം ദിവസം രാജസദനത്തെ പ്രഭാപൂർണ്ണമാക്കിയ ഒരു പ്രകാശം തെക്കുപടിഞ്ഞാറ് ദൃശ്യമാകുന്നു. ആ പ്രകാശത്തിൽ വിസ്മയം പൂണ്ട രാജാവ് വിശദീകരണം ആവശ്യപ്പെടുന്നു. ഋഷിമാർ, തങ്ങളുടെ സാമ്രാജ്യത്തിൽ സ്ഥാപിതമാകേണ്ട ഒരു മതത്തിൻെറ ഉപജ്ഞാതാവിൻെറ—പടിഞ്ഞാറു ജനിക്കുവാനിരുന്ന ആ മഹായോഗിയുടെ—ആവിർഭാവത്തെക്കുറിച്ചു എഴുതിയിരുന്ന ഗ്രന്ഥഭാഗങ്ങൾ രാജാവിനെ കാട്ടുന്നു.

ഇസയാസ് എഴുതുന്നു: 'നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കു ഒരു കുമാരൻ നൽകപ്പെട്ടിരിക്കുന്നു. ശക്തനായ ദൈവം, ഭാവിലോകത്തിൻെറ

പിതാവ്, സമാധാനത്തിന്റെ രാജാവ്, (ഇസ. IX 6—7).

ഈ രാജാവു സമയത്തിന്റെ പൂർത്തിയിൽ സമാഗമിക്കുന്നു. ബി. സി. 586 – ൽ ബാബിലോണിലെ നൃപാലനായിരുന്ന ബൽത്താസർ ഒരു സ്വപ്നംകാണുന്നു. തല സ്വർണ്ണവും, നെഞ്ചും കൈകളും വെള്ളിയും, വയറും തുടയും പിച്ചളയും, പാദം ഉരുക്കും കളിമണ്ണും കലർന്നുമായ ഒരു പ്രതിമ. ആ പ്രതിമ പർവ്വതശൃംഗത്തിൽ നിന്നടർന്നുരുളുന്ന പാറമുട്ടിത്തകരുന്നു. ഇതു സാമ്രാജ്യങ്ങളുടെ തകർച്ചയെ സൂചിപ്പിച്ചു. സുവർണ്ണസാമ്രാജ്യമായ ബാബിലോണിനെ രജതസാമ്രാജ്യമായ പേർഷ്യ തകർക്കുന്നു. രജതസാമ്രാജ്യമായ പേർഷ്യയെ പിച്ചള സാമ്രാജ്യമായ ഗ്രീസ് വിഴുങ്ങുന്നു. പിച്ചള സാമ്രാജ്യമായ ഗ്രീസിനെ ഉരുക്കു സാമ്രാജ്യമായ റോമാ ചിതറിയ്ക്കുന്നു. അങ്ങനെ അവസാനം ലോകം ഒന്നാകുന്നു. ഒരു ശിരസ്ഥാനം—റോമാ, ഒരു യജമാനൻ—സീസർ, ഒരു പൊതു ഭാഷ—ലത്തീൻ, പാപത്തിലും വഷളത്തിലും ലോകം ഒന്ന്.

അപ്പോഴാണു, വാനാരൂപികൾ അത്യുന്നതങ്ങളിൽ ദൈവത്തിനുമഹത്വവും ഭൂഭാഗങ്ങളിൽ ദൈവത്തിന്റെ സുഹൃത്തുക്കൾക്കു നിത്യശാന്തിയും ആശംസിക്കവേ, പ്രതീക്ഷ നിറവേറുക. വചനംമാംസമാവുക. മനുഷ്യോല്പത്തിയുടെ കാണാകണ്ണി (missing link) ഗുഹയിൽ തിരയുന്ന ലോകമേ, ബദ്‌ലഹമിലേക്കു നോക്കു. അവിടെയുണ്ടു ദൈവത്തെയും മനുഷ്യനെയും സ്നേഹത്തിലും ശാന്തിയിലും കൂട്ടിവിളക്കുന്ന സാക്ഷാൽ കണ്ണി. ഉണ്ണിമിശിഹാ.

മുപ്പതുവർഷങ്ങൾക്കുടെ കഴിയട്ടെ, ആ മാംസമെടുത്തവചനം തന്നെ, തന്നെക്കുറിച്ചു സാക്ഷ്യം വഹിക്കും:

“പാവങ്ങളെ സുവിശേഷമറിയിക്കുവാനും ഹൃദയം നുറുങ്ങിയവരെ പൊറുപ്പിക്കുവാനും തടവുകാരെ വിമോചിപ്പിക്കുവാനും നയനാന്ധന്മാർക്കു കാഴ്ചയരുളുവാനും മർദ്ദിതരെ മോചിപ്പിക്കുവാനും കർത്താവിനു സ്വീകാര്യമായ വത്സരം പ്രസംഗിക്കുവാനും അവിടുന്നു എന്നെ അഭിഷേകംചെയ്തു അയച്ചിരിക്കുന്നു. (ലൂക്കാ. 4: 18, 19), ഇസയാസ് പഴയനിയമത്തിൽ തന്നെക്കുറിച്ചെഴുതിയിരുന്ന ആ ചുരുൾ ഈശോ ഇങ്ങനെ നിവർത്തിവായിച്ചതിനുശേഷം സിനഗോഗിനെ നോക്കി പറയുന്നു, ‘നിങ്ങൾ കേട്ടതിനുമണ്ണും നിങ്ങളുടെ മുമ്പിൽ ഞാൻ ഇപ്പോൾ വായിച്ച ഈ വിശുദ്ധലിഖിതം ഇതാ ഇന്നു നിറവേറിയിരിക്കുന്നു’. (ലൂക്കാ. 4: 21). നിയമജ്ഞരും ജ്ഞാനികളും ഗുരുക്കന്മാരും അമ്പരന്നു പരസ്പരം തുറിച്ചുനോക്കി.

ഈ തച്ചച്ചെറുക്കനോ മിശിഹാ എന്നു അവജ്ഞനിറഞ്ഞ അവരുടെ വട്ടക്കണ്ണുകൾ വിളിച്ചുകൂവി.

അവൻ വരുന്നു. പ്രതീക്ഷകളുടെ പൊന്നലകളിലൂടെ അവൻ വരുന്നു. ആത്മാവിന്റെ കാമുകൻ വരുന്നു. മധുരസ്വപ്നങ്ങളുടെ മഴവില്ലൊളികളിലൂടെ അവൻ വരുന്നു. അവൻ വരുന്നു. വീണ്ടും വീണ്ടും മദ്ബഹായിലെ ബലികളിലൂടെ എല്ലാം ഇമ്പവും നിറഞ്ഞ ആ ബദ്‌ലഹമിലേ ‘അപ്പം’ വരുന്നു. അവൻ വരുന്നു. സ്വർഗ്ഗീയമായ ഹൃദയാഭിലാഷങ്ങളിലൂടെ അവൻ വരുന്നു. വരുവിൻ നമ്മുടെ ഹൃദയത്തിന്റെ ഗോശാലയിൽ ആ ദിവ്യ രാജാളിയെ നമുക്കു സ്വീകരിക്കാം. വരുവിൻ ആരാധിക്കുവിൻ. പുൽക്കൂട്ടിൽ നമുക്കായി പിറന്നിരിക്കുന്ന പൊന്നുണ്ണിയെ വരുവിൻ ആരാധിക്കുവിൻ. Venite adoremus.

---

“നമ്മിൽത്തന്നെ ഭംഗിയേറിയ ഒരു അരമന സ്ഥിതിചെയ്യുന്നുണ്ടു് എന്നുള്ള വസ്തുത നാം എപ്പോഴും ഓർക്കണം. കെട്ടിടം മുഴുവനും സ്വർണ്ണവും വിലയേറിയ രത്നങ്ങളും കൊണ്ടു് ഉണ്ടാക്കപ്പെട്ടതാണു്. ഒററ വാക്കിൽ പറഞ്ഞാൽ, അതു ദൈവത്തിനു സർവ്വപ്രകാരേണയും അനുയോജ്യമായ ഒന്നുതന്നെ. ഈ കൊട്ടാരം അപ്രകാരമായിരിക്കുന്നതിനുള്ള വിവിധ കാരണങ്ങളിൽ ഒന്നു് നിങ്ങൾ തന്നെയാകുന്നുവെന്ന കാര്യം വിസ്മരിക്കരുതു്. സുകൃതങ്ങളാൽ അലംകൃതവും, നിർമ്മലവുമായ ഒരാത്മാവിനോളം അത്രയധികം മനോഹരമായിട്ടുള്ള വേറെ ഒരു കെട്ടിടവും വാസ്തവത്തിൽ ഇല്ല. സുകൃതങ്ങളുടെ ‘മാററ’നുസരിച്ചു് രത്നങ്ങളുടെ ‘മാററ’ കൂടുന്നു. നിങ്ങളുടെ അതിഥിയായിത്തീരുന്നതിനു് ഇഷ്ടമുള്ള ആ മഹാരാജാവു് ഈ കൊട്ടാരത്തിലത്രേ വസിക്കുന്നതു്.”

(വി. അമ്മ ത്രേസ്യാ, സുകൃതസമണി. അ. 28)

# ക്രിസ്തീയ ജീവിതത്തിൻെറ രണ്ടു നീരുറവകൾ*

(തുടർച്ച)

(ഫാദർ എലിസേവൂസ്, ഒ. സി. ഡി.)

## ദിവ്യകാരുണ്യവും ക്രിസ്തീയജീവിതവും

ജ്ഞാനസ്നാനത്തിലാരംഭിക്കുന്ന ക്രിസ്ത്യാനിയുടെ ബലിജീവിതം മരണത്തിൻെറ ഗാഗുൽത്തായിൽ മാത്രമേ അവസാനിക്കയുള്ളു. ഇതിന്നിടയ്ക്കു് അവനെ നിരന്തരം പോഷിപ്പിച്ചും ശക്തിപ്പെടുത്തിയും ക്രമശഃ ക്രിസ്തുവിലേയ്ക്കു രൂപാന്തരപ്പെടുത്തുന്നതു് ദിവ്യകാരുണ്യസ്വീകരണമാണ്. ഇതും ബലിയും തമ്മിലുള്ള ബന്ധമെന്തു്? ഇതു് ആത്മാവിൽ ഉളവാക്കുന്ന ഫലങ്ങളേവ? ഏതു വ്യവസ്ഥകളിൽ? ഇവയെക്കുറിച്ചാകുന്നു നാം ചിന്തിക്കുവാൻ പോകുന്നതു്.

### 1. ബലിയും ദിവ്യകാരുണ്യസ്വീകരണവും തമ്മിലുള്ള ബന്ധം

ദിവ്യബലിയും ദിവകാരുണ്യവും തമ്മിൽ സ്ഥാപനത്തിലും കൂദാശീകരണത്തിലും അഭേദ്യമായ ബന്ധമുണ്ടു് എന്നു് നാം കണ്ടുകഴിഞ്ഞു; അതുപോലെതന്നെ അവയുടെ ഉപയോഗത്തിലും. ആദിമ ക്രിസ്ത്യാനികൾ ഈ വസ്തുത ശരിയായി ധരിച്ചിരുന്നതിനാലത്രേ കുർബാന കണ്ടിരുന്നപ്പോഴൊക്കെ കുർബാന കൈക്കൊള്ളുകയും ചെയ്തിരുന്നതു്. അഭിലഷണീയമായ ഈ പതിവു് വീണ്ടും നടപ്പിൽവരുത്തുന്നതിനു് നിർബന്ധിക്കുന്നതു് പ്രായോഗികമോ ഫലപ്രദമോ ആകയില്ല. ആഗ്രഹത്താലെങ്കിലും മിശിഹായെ ഉൾക്കൊള്ളാതെ ഒരു കത്തോലിക്കനും പൂജ കണ്ടിട്ടുപോകാൻ പാടില്ലാത്തതാകുന്നു. ത്രെന്തോസ് സൂനഹദോസ് ശക്തിയായി ഉപദേശിക്കുന്നു: "ഈ ദിവ്യബലിയുടെ ഫലം കൂടുതൽ സമൃദ്ധിയായി പ്രാപിക്കത്തക്കവിധം ഓരോ കുർബാനയിലും സന്നിഹിതരാകുന്ന വിശ്വാസികൾ ആത്മികമായ ദിവ്യകാരുണ്യസ്വീകരണം വഴിയായിട്ടു മാത്രമല്ല, കൂദാശപരമായ ദിവ്യകാരുണ്യസ്വീകരണംവഴിയായിട്ടുകൂടെയും പങ്കുകൊള്ളുവാൻ." അതു സ്വീകരിക്കേണ്ട തക്കസമയം കുർബാനയിൽ കാർമ്മികൻ ദിവ്യഭോജനം അനുഭവിച്ച ശേഷമാണു്.

അദ്ദേഹത്തിൻെറ ദിവ്യ കാരുണ്യസ്വീകരണത്തിൽ ക്രിസ്തുവിൻെറ ബലി അവസാനിക്കയും ക്രിസ്ത്യാനിയുടെ ബലി ആരംഭിക്കുകയും ചെയ്യുന്നു. ബലിജീവിതത്തിൻെറ ഉത്തമമാതൃകയായ കുർബാനയിലെ ബലിവസ്തുവിനോടു് യോജിക്കുമ്പോൾ ബലിജീവിതം നയിക്കുന്നതിനു അവൻ ശക്തനായിത്തീരുന്നു. ഈ യോജിപ്പു് യഥാർത്ഥമായി ദിവ്യകാരുണ്യസ്വീകരണത്തിലാണു് സംഭവിക്കുന്നതു്. അവൻ കർത്താവിനെ സ്വീകരിക്കുമ്പോൾ ആത്മനാ മാത്രമല്ല, ശാരീരികമായും അവിടുത്തോടുകൂടി ഏകബലിവസ്തുവായിത്തീരുന്നു. ഒരു ബലിവസ്തുവിൻെറ അരൂപിയിൽ കുർബാന കൈക്കൊള്ളണമെന്നും ഈ സത്യം നമ്മെ അനുസ്മരിപ്പിക്കുന്നു. അതിനാൽ ദിവ്യകാരുണ്യം സ്വീകരിക്കാതെ കുർബാന കണ്ടിട്ടു പോകുന്നവർ ക്രിസ്തീയബലിയിൽ പരിപൂർണ്ണമായി സംബന്ധിക്കുകയോ, അതു് സ്ഥാപിച്ചതിൽ മിശിഹായിക്കുള്ള പരമ താല്പര്യങ്ങളെ ശരിയായി പാലിക്കുകയോ ചെയ്യുന്നു എന്നു പറയാൻ പാടില്ല.

എങ്കിലും പ. കുർബാന ബലിക്കുശേഷം ഒരു കൂദാശയായി—കൂദാശകളുടെ കേന്ദ്രമായി—സ്ഥിതിചെയ്യുന്നതിനാൽ, യോഗ്യതയോടുകൂടി സ്വീകരിക്കുന്നവനിൽ അതിൻെറ വിശിഷ്ടഫലങ്ങൾ ഉളവാക്കാതിരിക്കയില്ല.

* 1961 ഒക്ടോബർ 4-ാം ലക്കം കാർമ്മൽ 119-ാം വശത്തുനിന്നും.

## 2. ഫലങ്ങൾ ഏവ ?

ക്രിസ്തീയ ജീവിതത്തിൻെറ സമൂലപരിവർത്തനമാണ് ദിവ്യകാരുണ്യസ്വീകരണം സാധിക്കുന്നത്. മാമ്മോദീസായിൽ ലഭിക്കുന്ന വരപ്രസാദജീവനെ പ. കുർബാന പോഷിപ്പിച്ചുകൊണ്ട് ആത്മാവിനെ ക്രിസ്തുവിനോട് ഗാഢമായി യോജിപ്പിക്കയും, അവസാനമായി അങ്ങിൽ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ഇവയാകുന്നു ദിവ്യകാരുണ്യസ്വീകരണത്തിൻെറ പ്രധാന ഫലങ്ങൾ.

(1) ആത്മപോഷണം.

ഭക്ഷണപാനീയങ്ങളുടെ സാദൃശ്യത്തിൽ പരിശുദ്ധ കുർബാന സ്ഥാപിതമായിരിക്കുന്നതുതന്നെ അത് നമ്മുടെ ആത്മഭോജനമാണെന്ന് കാണിക്കാനാണ്. സാധാരണ ഭക്ഷണം ശാരീരിക ജീവദായക ശക്തികളെ സംരക്ഷിക്കയും, വളർപ്പിക്കയും, ക്ഷയിച്ചവയെ പുനരുജ്ജീവിപ്പിക്കയും ചെയ്യുന്നു. ഇതുപോലെ ആത്മഭോജനമായ പ. കുർബാന ആദ്ധ്യാത്മികശക്തികളുടെ കാര്യത്തിലും വർത്തിക്കുന്നു. വരപ്രസാദം, ദൈവദത്തസുകൃതങ്ങൾ, പരിശുദ്ധാരൂപിയുടെ ദാനങ്ങൾ, ദൈവതോന്നിപ്പുകൾ ഇവയെല്ലമാണ് ആത്മാവിൻെറ ജീവശക്തികൾ. ഓരോ ദിവ്യകാരുണ്യസ്വീകരണത്തിലും ഇവയെല്ലാം ആത്മാവിൽ വളർച്ചവരുന്നു; അതുപോലെ തന്നെ, സ്നേഹതീക്ഷ്ണതയും പ്രലോഭനങ്ങളോടെതിക്കാനുള്ള മനക്കരുത്തും. ലഘുവായ പാപങ്ങളും ശത്രുക്കളോടുള്ള സമരവും മൂലം ആത്മാവിനു നഷ്ടപ്പെടുന്ന ശക്തികൾ ഈ കൂദാശയുടെ സ്വീകരണത്തിൽവീണ്ടും ലഭിക്കുന്നു. "ജീവനില്ലാത്ത സാധാരണ അപ്പം—ശാരീരികജീവനെ സംരക്ഷിക്കുന്നെങ്കിൽ, ജീവൻെറ അപ്പം—ജീവൻ തന്നെ—ജീവിക്കുന്ന ദൈവത്തിൻെറ മേശയിൽ നിന്നു ഭക്ഷിക്കുന്നവൻ എത്ര അതിശയനീയമായ വിധത്തിൽ ജീവിക്കാതിരിക്കയില്ല?" എന്ന് ബോസ്വേ ചോദിക്കുന്നു. ദൈവപുത്രൻ പ്രകൃത്യാ ജീവനാകുന്നു. അവിടുന്നു സ്വീകരിച്ചിരിക്കുന്ന ശരീരത്തിനും ഈ ജീവനിൽ പൂർണ്ണമായ പങ്കുണ്ട്. അതിനാൽ ഈ സജീവശരീരം ഭക്ഷിക്കുന്നവനും മിശിഹായുടെ ജീവൻ മുഖേന ജീവിക്കുന്നു. ഈ ജീവൻ ആത്മാവിൽ നിറഞ്ഞു തുളുമ്പുന്നതിനും ഒടുവിൽ നിത്യജീവനിലവസാനിക്കുന്നതിനും ഇടയാകുന്നതിയപ്പം മൂലമാണ്.

(2) ദൈവൈക്യം.

പ. കുർബാന നമ്മുടെ ആത്മജീവനെ സമ്പൂർണ്ണമാക്കുകമാത്രമല്ല, പിന്നയോ, ആത്മാവിനെയും ക്രിസ്തുവിനെയും തമ്മിൽ ഗാഢമായി യോജിപ്പിക്കുകൂടി ചെയ്യുന്നു "എൻെറ ശരീരം ഭക്ഷിക്കയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു"(1) എന്നാണല്ലോ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നത്. ഇതൊരു വെറും കൂടിച്ചേർച്ചയല്ല; അഗാധമായ സഹവാസമാണ്: ആത്മാവ് മിശിഹായിലും, മിശിഹാ ആത്മാവിലും.

ആത്മാവ് മിശിഹായിൽ

ഈ സഹവാസത്തേയാണ് ദിവ്യഗുരുനാഥൻ മുന്തിരിച്ചെടിയുടെ ഉപമയിൽ വർണ്ണിച്ചിരിക്കുന്നത്. അവിടുന്നു മുന്തിരിവള്ളിയും നമ്മൾ ശിഖരങ്ങളുമാകുന്നു. ജീവിക്കുന്നതിനും കായ്ക്കുന്നതിനും ചിനപ്പുകൾ തായ്ത്തണ്ടിനോടൊട്ടിനിന്ന് ഒരേ ജീവനീര് വലിച്ചെടുക്കണം. ഇതുപോലെ നമ്മൾ മിശിഹായിൽ നിന്നു പുറപ്പെടുന്ന ആത്മജീവനീരായ വരപ്രസാദത്താൽ സജീവമായി അവിടുത്തോടു യോജിച്ച് ദൈവത്തിൻെറ ദത്തുപുത്രന്മാരായിത്തീരണം. അപ്പോൾ മാത്രമേ നമ്മൾ നിത്യരക്ഷയുടെ ഫലങ്ങൾ ഉല്പാദിപ്പിക്കുന്നതിന് യോഗ്യരാകയുള്ളൂ.

വരപ്രസാദം വഴിയുള്ള ഈ അടിസ്ഥാനവാസത്തിനു പുറമേ, ബുദ്ധിയും, മനസ്സും, മററു പ്രവർത്തനശക്തികളും മുഖേന ആത്മാവ് ഈശോയിൽ വസിക്കുന്നുണ്ട്.

ബുദ്ധിവഴി ക്രിസ്തുവിൽ വസിക്കുക എന്നു പറഞ്ഞാൽ അവിടുന്നു പഠിപ്പിച്ചിട്ടുള്ള സത്യങ്ങളെ പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ട് ബുദ്ധിശക്തിയെ അവിടുത്തേക്കു വിധേയപ്പെടുത്തുക എന്നർത്ഥം. നിത്യപിതാവിൻെറ ഹൃത്തടത്തിൽ വസിക്കയും അവിടുത്തെ നിത്യരഹസ്യങ്ങളെല്ലാം സ്പഷ്ടമായി അറിയുകയും ചെയ്യുന്ന ദൈവസുതൻെറ സ്വയസിദ്ധമായ പ്രകാശത്തിലുള്ള ഭാഗഭാഗിത്വമാണ് വിശ്വാസം. തൻമൂലം

(1) St. John 6/55.

വിശ്വാസം നമ്മുടെ ബുദ്ധിയെ പോഷിപ്പിക്കയും നമ്മെ ക്രിസ്തുവിൻെറ ബുദ്ധിയോട് അനുരൂപപ്പെടുത്തുകയും ചെയ്യുന്നു. ദിവ്യകാരുണ്യസ്വീകരണം ഈ സാധർമ്മ്യത്തെയും സഹവാസത്തേയും വർദ്ധിപ്പിക്കുന്നു. കാരണം, അതു് വിശ്വാസത്തിൻെറ ഒരുത്തമ അഭ്യസനവും പ്രകടനവുമാകുന്നു.

മിശിഹാ കർത്താവ് നമ്മുടെ മനസ്സിൻെറ മററു പ്രവർത്തനശക്തികളുടെയും ആസ്ഥാനമായിത്തീരുന്നു. സ്നേഹിക്കുകയും അവിടുത്തെ ഹിതാഹിതങ്ങളടങ്ങിയ കല്പനകൾ അനുസരിക്കുകയും ചെയ്യുന്നതിലാണിതടങ്ങിയിരിക്കുന്നതു്. പ്രവൃത്തിയോടുകൂടിയുള്ള സ്നേഹമാണല്ലോ യഥാർത്ഥസ്നേഹം.

ഈ സ്നേഹം വർദ്ധിപ്പിക്കാനാണ് പ. കുർബാനയിൽ നമ്മുടെ കർത്താവ് തന്നെത്തന്നെ നമുക്കു തരുന്നതു്. അതിനാലത്രേ ഇതു സ്നേഹത്തിൻെറ കൂദാശ എന്നു വിളിക്കപ്പെടുന്നതും. സ്നേഹത്തിൽ തൻെറ സകല പ്രവർത്തനശക്തികളെയും കേന്ദ്രീകരിച്ചുകൊണ്ടും, മിശിഹായോട് ഗാഢമായ സമ്പർക്കം പുലർത്തിക്കൊണ്ടും, ആത്മാവ് സ്വഭാവാതീതമായ ഒരന്തരീക്ഷത്തിൽ സദാ ജീവിച്ച് ദൈവ തിരുച്ചിത്തം നിറവേററണം. അതാണ് ദിവ്യകാരുണ്യസ്വീകരണത്തിൻെറ ലക്ഷ്യം.

### മിശിഹാ ആത്മാവിൽ

"ഞാൻ അവനിലും വസിക്കുന്നു" ഇവയാണ് ദൈവപുത്രൻ അരുളിച്ചെയ്തിട്ടുള്ള വാക്കുകൾ. എന്തിനു വസിക്കുന്നു? ആത്മാവിനെ തൻെറ പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കാൻ. വെറു കൈയുംകെട്ടിയോ, അലസനായിരിക്കാനോ അല്ല, അവിടുന്ന് ആത്മാവിൽ എഴുന്നെള്ളി വരുന്നതു്. തൻെറ ദൈവികത്വവും, സ്വർഗ്ഗീയസമ്പത്തുകളും ശക്തികളുമെല്ലാമാണ് അവിടുന്നു കൂടെക്കൊണ്ടുവരുന്നതു്. തൻെറ കൃപാവരവും, ചൈതന്യവും പ്രകാശവുംകൊണ്ട്, ആത്മാവിനെ നിറച്ചിട്ട് അവിടുന്നതിൽ പ്രവർത്തിക്കുന്നു, ഏതാണ്ട് താൻ നിത്യമായി സ്വീകരിച്ച മനുഷ്യപ്രകൃതിയാലെന്നപോലെ. അതിനാൽ മിശിഹായും ആത്മാവും തമ്മിലുള്ള ഐക്യം രണ്ടു സ്നേഹിതന്മാർ തമ്മിലുള്ള ധാർമ്മിക ഐക്യത്തേപ്പോലെ മാത്രമുള്ളതല്ല. അതിനേക്കാൾ കൂടുതൽ ഗാഢവും, പൂർണ്ണവും, വിശിഷ്യാ, സജീവവുമാണ്.

മിശിഹായോടുള്ള നമ്മുടെ യോജിപ്പ് അവിടുത്തെ മൗതികശരീരത്തിൻെറ അംഗങ്ങൾ വരെ എത്തുന്നു. അതുകൊണ്ടത്രേ ദിവ്യകാരുണ്യം ലോകമാസകലമുള്ള വിശ്വാസികൾ തമ്മിൽ സ്നേഹവും ഐക്യവും പുലർത്തിക്കൊണ്ടിരിക്കുന്നതു്. ദിവ്യകാരുണ്യകോൺഗ്രസ്സുകൾ ഈ വസ്തുതയുടെ അനിഷേധ്യമായ തെളിവാകുന്നു. അരിവാൾ, ചുററിക, ചെങ്കൊടി മുതലായ അന്തർദ്ദേശീയ വിപ്ലവത്തിൻെറ ഏതു ചിഹ്നങ്ങളുടെ ചുററും "സഖാത്വ" മനോഭാവത്തോടുകൂടി സ്വീകരിക്കാനൊട്ടും മടിക്കാത്ത യുവലോകം യഥാർത്ഥ സാർവ്വത്രിക സാഹോദര്യത്തിൻെറ ചിഹ്നവും ശക്തികേന്ദ്രവുമായ പ. കുർബാനയുടെ വെന്നിക്കൊടിയിൻ കീഴിൽ അണിനിരന്നിരുന്നെങ്കിൽ!! പല ഗോതമ്പുമണികളിൽ നിന്നുണ്ടാക്കുന്നെങ്കിലും ദിവ്യകാരുണ്യഭോജനം ഒന്നു തന്നെയല്ലയോ എവിടെയും?

ഒരു പക്ഷെ ഒരിക്കലും പ്രയോഗത്തിൽ വരുമെന്നു തോന്നുന്നില്ല മനുഷ്യരാശിമുഴുവൻേറയും പരിപൂർണ്ണയോജിപ്പ്. അതിനുവേണ്ടിയുള്ള അന്താരാഷ്ട്രീയ സമാധാനസമ്മേളനങ്ങൾ നീട്ടിക്കൊണ്ടു പോകുന്നതു തന്നെ അവയുടെ മറയിൽ യുദ്ധസന്നാഹങ്ങൾ ത്വരിതപ്പെടുത്താനാണ്. എന്നാൽ അഖിലലോകവ്യാപകമായ തോതിൽ സമാധാനവും സഹകരണവും സ്വപ്നം കാണുന്നതിനുമുമ്പ് വിശ്വാസികളായ നമ്മൾക്ക് ഒരു കടമ നിർവ്വഹിക്കാനുണ്ട്. നമ്മുടെ നാട്ടിലും വീട്ടിലും, സമുദായത്തിലും, ദിവ്യകാരുണ്യസ്ഥിതനായ ഈശോയിൽ നിന്നു ലഭിക്കുന്ന പ്രകാശകിരണങ്ങൾ വീശണം, ഒരേ വിശ്വാസത്താൽ പ്രേരിതരായി, ഒരേ മേശയ്ക്കു മുട്ടുകുത്തി, ഒരേ ബലിയിൽ നിന്ന്, ഒരേ ഈശോയെ ഉൾക്കൊള്ളുന്ന നമ്മൾ, നമ്മുടെ എല്ലാ ഭിന്നതകളെയും മനഃപ്പൂർവ്വം മറന്നും, മറച്ചും, പരിശുദ്ധമായ സ്നേഹശൃംഖലയാൽ ബന്ധിതരായി, തോളോടുതോൾ ചേർന്ന്, ഒററനിരയായി, ഒററക്കെട്ടായി നില്ക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതു് പ്രബലമായ അക്രൈസ്തവഭൂരിപക്ഷമദ്ധ്യത്തിൽ ജീവിക്കുന്ന നമുക്ക് മതപരവും സാമുദായികവുമായ സ്വതന്ത്രനിലനില്പിന് അത്യാവശ്യമാകുന്നു. അതിനും പുറമേ, നമ്മുടെ പ്രകടമായ യോജിപ്പ് അന്യമതസ്ഥരെ നമ്മുടെ വിശ്വാസചൈതന്യത്തിൻെറ പ്രകാശത്തിലേയ്ക്കും നമ്മുടെ സാർവ്വത്രികസാഹോദര്യത്തിൻെറ ആലിംഗനത്തിലേയ്ക്കും

ആനയിക്കുകയും ചെയ്യും. നേരേമറിച്ച്, ഒരേ മേശയ്ക്കിരുന്നു ഭക്ഷിച്ചതിന്റെ ശേഷം ഭക്ഷിച്ചതു് ദഹിക്കുന്നതിനുമുമ്പ് നമ്മൾ കലഹിക്കുന്നെങ്കിൽ നമ്മുടെ മതത്തിന്റെ ബദ്ധശത്രുക്കൾ നമ്മൾതന്നെയായിരിക്കും.

ദിവ്യരക്ഷകൻ തന്റെ മൌതിക ശരീരത്തോടു മാത്രമല്ല യോജിക്കുന്നതു്; വി. കുർബാനയുടെ സാദൃശ്യങ്ങൾ വഴിയായി നമ്മുടെ യഥാത്ഥ ശരീരത്തെയും അവിടുന്നു സ്പർശിച്ചു ശുദ്ധീകരിക്കുന്നു; അതിന്റെ ജഡമോഹങ്ങളെ കുറയ്ക്കുകയും അതിനെ മരണാനന്തരം മഹത്വമേറിയ ഉത്ഥാനത്തിനർഹമാക്കുകയും ചെയ്യുന്നു. ഗാഢമായ ദിവ്യകാരുണ്യൈക്യം പുരോഗമിക്കുന്നതു് ദിവ്യമണവാളനോടൊന്നിച്ചുചേന്നങ്ങിൽ രൂപാന്തരപ്പെടണമെന്നുള്ള ആത്മാവിന്റെ ആഗ്രഹനിർവൃതിയിലേയ്ക്കാണു്.

## (3) മിശിഹായിലേയ്ക്കുള്ള ആത്മാവിന്റെ രൂപാന്തരം

സഭാപിതാക്കന്മാരുടെ അഭിപ്രായത്തിൽ ഇതു് ദിവ്യകാരുണ്യസ്വീകരണത്തിന്റെ ഒരു പ്രത്യേകഫലമാകുന്നു. സ്വാഭാവിക ഭക്ഷണം ശരീരത്തിന്റെ അംശമായി രൂപാന്തരപ്പെടുന്നു. സ്വർഗ്ഗീയഭക്ഷണമായ വി. കുർബാന നേരേമറിച്ച് ആത്മാവിനെ കത്താവിലേയ്ക്കു് രൂപാന്തരപ്പെടുത്തുന്നു. വി. തോമസ് അക്വീനാസ് പ്രസ്താവിക്കുന്നതിപ്രകാരമാണു്: "ഭക്ഷിക്കുന്ന ആളിലേയ്ക്കു് രൂപാന്തരപ്പെടുന്നതിനുപകരം, ദിവ്യകാരുണ്യഭോജനം അതിലേയ്ക്കുതന്നെ ഭോക്താവിനെ രൂപാന്തരപ്പെടുത്തുന്നു. തൻമൂലം ഈ കൂദാശയുടെ പ്രത്യേകഫലം ക്രിസ്തുവിലേയ്ക്കു നമ്മളെ രൂപാന്തരീഭവിപ്പിക്കയാണു്. എത്രമാത്രമെന്നോ? "ഞാൻ ജീവിക്കുന്നു, പക്ഷെ ഞാനല്ല ജീവിക്കുന്നതു്, ക്രിസ്തുവാണെന്നിൽ ജീവിക്കുന്നതു്" എന്നു് ഓരോരുത്തരും പറയത്തക്കവിധത്തിൽ" (1)

ഈ ആത്മിക പരിവത്തനം നടക്കുന്നതെങ്ങനെയെന്നു് വിശുദ്ധൻതന്നെ വിശദമായി വ്യാഖ്യാനിക്കുന്നു. "സ്നേഹംവഴി നമ്മെ ക്രിസ്തുവിലേയ്ക്കു രൂപാന്തരപ്പെടുത്തുന്നതിലാണു് ഈ കൂദാശയുടെ ഫലദായകശക്തി അടങ്ങിയിരിക്കുന്നതു്....സ്നേഹിയെ സ്നേഹിതനിലേയ്ക്കു് രൂപാന്തരപ്പെടുത്തുക, ഇതാണു് സ്നേഹത്തിന്റെ വിശേഷശക്തി." ഇവിടെ ആത്മാവ് സ്നേഹിയും ഈശോ സ്നേഹിതനുമാകുന്നു. അധരം കൊണ്ടീശോയെ സ്വീകരിക്കുന്നെങ്കിലും, സ്നേഹം കൊണ്ടാണവിടുത്തോടു് ആത്മാവ് യോജിക്കുന്നതു്. ഈ സ്നേഹം ദിവ്യകാരുണ്യംവഴിയായി അവിടുന്നു് നമ്മുടെ ആത്മാവിൽ ജ്വലിപ്പിക്കുന്നു. ദൈവസ്നേഹത്താൽ കത്തിയെരിയുന്ന ആത്മാവ് തന്റെ ബുദ്ധിയും, മനസ്സും, മററു കഴിവുകളും മിശിഹായിക്കു സമപ്പിക്കയും അവിടുത്തെ തിരുവുള്ളംപോലെമാത്രം സദാ ജീവിക്കയും ചെയ്യുന്നു. തദ്വാരാ ആത്മാവും ഈശോയും തമ്മിലുള്ള ഐക്യം കൂടുതൽ കൂടുതൽ ഗാഢമായിത്തീരുന്നു. "സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു." (2).

ഈ സ്നേഹൈക്യം മുഖേനയുള്ള ആത്മപരിവത്തനം ആത്മാവിന്റെയും ശരീരത്തിന്റെയും സകല പ്രവത്തനശക്തികളിലും പ്രതിബിംബിക്കുന്നു. ഈശോ തന്റെ ദൈവികത്വത്തോടും മനുഷ്യത്വത്തോടും അവയുടെ സകല പൂണ്ണതകളോടും കൂടി നമ്മുടെ ഉള്ളിൽ എഴുന്നള്ളിവരുന്നതിനാൽ, നമ്മൾ അവിടുത്തെ സുകൃതങ്ങളിൽ പങ്കാളികളാകുന്നു. അവിടുത്തെ ആഗ്രഹങ്ങളിലും, വിചാരങ്ങളിലും, വികാരങ്ങളിലും, താല്പര്യങ്ങളിലും നമ്മുടെ ആത്മാവു സാധർമ്മ്യം പ്രാപിക്കുന്നു. അവിടുത്തെ ജീവൻ നമ്മുടെ ജീവനും അവിടുത്തെ മനസ്സ് നമ്മുടെ മനസ്സും, അവിടുത്തെ പ്രവത്തനശക്തികൾ നമ്മുടെ പ്രവത്തനശക്തികളുമാകുന്നു. നമ്മുടെ ശക്തികളൊന്നും നശിക്കുന്നില്ല; പിന്നയോ, അവിടുത്തോടു യോജിക്കുന്നതിനാൽ ഉന്നമിക്കുന്നു, ഉൽകൃഷ്ടങ്ങളാകുന്നു. നമ്മുടെ ജീവിതത്തിന്റെ പ്രചോദനം മുഴുവൻ ക്രിസ്തുവിൽ നിന്നു പ്രസരിച്ചുതുടങ്ങുന്നു. ആത്മാവ് വേറൊരു ക്രിസ്തുവായി പരിണമിക്കുന്നു. ഇതാണീപരിവത്തനത്തിന്റെ പരിണതഫലം, യഥാത്ഥക്രിസ്തീയജീവിതത്തിന്റെ അഗ്രിമഫലവും. "ഇനി ഞാനല്ല ജീവിക്കുന്നതു്, മിശിഹാ എന്നിൽ ജീവിക്കുന്നു".

ക്രിസ്തുവിന്റെ ബലിജീവിതം നമ്മുടെ ശരീരത്തിലും ആത്മാവിലും തുടന്നുകൊണ്ടു് ഇതര ക്രിസ്തുവാകാനുള്ള ദൈവികശക്തി ഇപ്രകാരം ദിവ്യകാരുണ്യസ്വീകരണത്തിൽ നിന്നു നമുക്കു ലഭിക്കുന്നു. എന്നാൽ

---

(1) In IV Sent. D. 12, Q. 2, a. 1,

(2) St. John 4/16.

ഈദൃശഫലങ്ങൾ ചില വ്യവസ്ഥകളനുസരിച്ചേ ആത്മാവിനു കൈവരുകയുള്ളൂ.

## ૩. വ്യവസ്ഥകൾ

തന്നെത്തന്നെ നമ്മുടെ ആത്മാവിനു പ്രദാനം ചെയ്യുന്നതിനു തീവ്രമായി ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ദിവ്യരക്ഷകൻെറ ഭാഗത്തുനിന്നു ഒരു വ്യവസ്ഥയുമില്ലെന്നുപറയാം. "ഈ പെസഹാ നിങ്ങളോടു കൂടി ഭക്ഷിക്കാൻ ഞാൻ അത്യധികം ആഗ്രഹിച്ചു കൊണ്ടിരുന്നു." (1) എന്നവിടുന്നു ശിഷ്യന്മാരോടരുളിച്ചെയ്തതു നാമോരോരുത്തരോടും ആവർത്തിക്കുന്നു. അതിനാൽ ആത്മാവിൻെറ ഭാഗത്തുനിന്നും പ്രതിബന്ധങ്ങളൊന്നുമില്ലെങ്കിൽ, കൂദാശ എപ്പോഴും ഫലസിദ്ധിയുള്ളതാണു; സ്വീകരിക്കുന്നയാളിൻെറ മനോഭാവമനുസരിച്ചു അതു കൂടുതലോ കുറവോ ആയിരിക്കും എന്നുമാത്രം. ദിവ്യകാരുണ്യസ്വീകരണത്തിൽനിന്നു മുൻപ്രസ്താവിച്ച വിശിഷ്ട ഫലങ്ങൾ പ്രാപിക്കണമെങ്കിൽ ഒരുക്കത്തിൻെറയും ഉപകാരസ്മരണയുടെയും കാര്യത്തിൽ ആത്മാവു പ്രത്യേകം ശ്രദ്ധിക്കണം. വി. പത്താം പീയൂസ് മാർപ്പാപ്പാ പറയുന്നു: "പുതിയ നിയമത്തിലെ കൂദാശകൾ സ്വയമേ ഫലസിദ്ധിയുള്ളവയാണെങ്കിലും, അവ സ്വീകരിക്കുന്നയാളിൻെറ മനോഭാവമനുസരിച്ചു അതിൽ കൂടുതൽ കുറവുണ്ടാകുന്നു. അതുകൊണ്ടു ദിവ്യകാരുണ്യസ്വീകരണത്തിനു മുമ്പു ഗൗരവമായ ഒരുക്കവും പിമ്പു തക്ക ഉപകാരസ്മരണയും ചെയ്യുന്നതിനു എല്ലാവരും ജാഗ്രതയുള്ളവരായിരിക്കണം."(2) ഇവയുടെ അഭാവം കൊണ്ടല്ലയോ ഈ സ്വർഗ്ഗീയ അപ്പം അനുദിനം ഭക്ഷിക്കുന്നവരിൽ പോലും ആത്മനാശോഷിച്ചവർ ധാരാളം കാണപ്പെടുന്നതു?

1. ഒരുക്കം

വി. കുർബാന "ജീവിക്കുന്നവരുടെ" കൂദാശയായിരിക്കുന്നതിനാൽ സ്വീകരിക്കുന്നയാൾ ദൈവപ്രസാദവരത്തിലായിരിക്കണമെന്നുള്ളതു വിദിതമാണല്ലോ. അല്ലെങ്കിൽ ജീവൻെറ ഭോജനം അയാൾക്കു മരണഹേതുകമായിരിക്കും. എന്നാൽ മൗലികമായ ഈ യോഗ്യത കൊണ്ടു ഒരാത്മാവു തൃപ്തിയടയരുതു. ദിവ്യകാരുണ്യം സ്വീകരിക്കുന്നതിൽ ആദ്യമായി "നിയോഗശുദ്ധി" ഉണ്ടായിരിക്കണം. അതെന്തിലന്തർഭവിച്ചിരിക്കുന്നു എന്നു മേൽ പ്രസ്താവിച്ച പ്രമാണരേഖയിൽ പ. പിതാവു പ്രസ്താവിക്കുന്നു: "ഒരാൾ ദിവ്യകാരുണ്യം സ്വീകരിക്കേണ്ടതു ദൈവത്തെ സംപ്രീതനാക്കുന്നതിനും, അവിടുത്തോടു സ്നേഹം വഴി കൂടുതൽ ഗാഢമായി യോജിക്കുന്നതിനും, തൻെറ കുറവുകൾക്കും ബലഹീനതകൾക്കും ഒരു ദിവ്യൗഷധമായിട്ടുമായിരിക്കണം; അതല്ലാതെ, പതിവു, വ്യർത്ഥാഭിമാനം, മർത്യഭയം ഇവ അയാളെ പ്രേരിപ്പിക്കരുതു."

പ. കുർബാന ദൈവൈക്യത്തിൻെറ കൂദാശയാണു. അതിനെ സദാ പുലർത്തുന്ന ഒരു മനോഭാവമാണു സാമാന്യമായ ഏററവും നല്ലയൊരുക്കം. നമ്മെത്തന്നെ പൂർണ്ണമായി മിശിഹായിക്കർപ്പിച്ചുകൊണ്ടു ജീവിക്കുക. അതാണവിടുത്തെ കൈക്കൊള്ളുന്നതിനു നമ്മെ അർഹരാക്കുന്ന ഉത്തമമാർഗ്ഗം. താദൃശ ആത്മാർപ്പണം പ്രയോഗത്തിൽ നമ്മോടാവശ്യപ്പെടും, ദൈവൈക്യത്തിനെതിരായി നിൽക്കുന്ന പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്വാൻ. ലഘുവായ പാപങ്ങൾ, മനസ്സാ പുലർത്തുന്ന അപൂർണ്ണതകൾ, അവിശ്വസ്തതകൾ, സ്വാർത്ഥസ്നേഹം, സൃഷ്ടികളോടുള്ള ക്രമരഹിതമായ പക്ഷങ്ങൾ സഹോദരവിദ്വേഷം മുതലായവ പരിപൂർണ്ണമായ ദൈവൈക്യത്തിനെപ്പോഴും വിഘാതങ്ങളാകുന്നു. ഇവയോടു മനഃപ്പൂർവ്വം സമരംചെയ്തുകൊണ്ടു ജീവിക്കുന്ന ആത്മാവാണു ദിവ്യകാരുണ്യസ്വീകരണത്തിൻെറ പൂർണ്ണഫലങ്ങൾ പ്രാപിക്കുന്നതു. ഇതു നിരന്തരമായ പരിത്യാഗം മൂലമേ സാധിക്കയുള്ളു എന്നതു തീർച്ചയാണല്ലോ. ആത്മാർപ്പണത്തിൽ അന്തർഭവിച്ചിരിക്കുന്ന ഈ ബലിജീവിതമാണു ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിനുള്ള ഉത്തമ ഒരുക്കം. ഈ ഒരുക്കം ബലിജീവിതം നയിക്കുന്നതിനാവശ്യമുള്ള അനുഗ്രഹങ്ങൾ ദിവ്യകാരുണ്യസ്ഥിതനായ ഈശോയിൽനിന്നു സമൃദ്ധിയായി സമ്പാദിക്കയും ചെയ്യും. രണ്ടു ബലിവസ്തുക്കൾ തമ്മിലുള്ള യോജിപ്പായിരിക്കണം ഓരോ ദിവ്യകാരുണ്യസ്വീകരണവും.

ദൈവൈക്യം പുലർത്തുന്നതിനു പുറമേ, നമ്മുടെ സകല പ്രവൃത്തികളെയും സഹനങ്ങളെയും ദിവ്യകാരുണ്യം സ്വീകരിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടി ഈശോക്കു കാഴ്ചവെയ്ക്കുന്നതും സാമാന്യമായി പറഞ്ഞാൽ ഒരു നല്ല ഒരുക്കമാകുന്നു.

---

(1) St. John. 22/15; (2) Decree of Dec. 20, 1905

കുർബ്ബാന കൈക്കൊള്ളുന്നതിനുമുമ്പുള്ള കാൽ മണിക്കൂറെങ്കിലും ആത്മാവിനെ വിശേഷവിധമായി ഒരുക്കുന്നതിനു ചെലവഴിക്കണമെന്നും, ഇതടങ്ങിയിരിക്കുന്നതു് വിശ്വാസം ശരണം, ഉപവി, മനഃസ്താപം, എളിമ മുതലായ സുകൃതങ്ങളുടെ പ്രകരണങ്ങളെ ഉല്പാദിപ്പിക്കുന്നതിലാണെന്നും എല്ലാവർക്കും അറിയാമല്ലോ. ഇതു മനസ്സാ ചെയ്യാനറിയാൻ പാടില്ലാത്തവർ പ്രാർത്ഥന പുസ്തകങ്ങളുപയോഗിക്കുന്നതു് കൂടുതൽ പ്രയോജനകരമായിരിക്കും.

ഈ അടുത്ത ഒരുക്കത്തിന്റെ മേന്മയനുസരിച്ചു മാത്രമല്ല ആത്മാവ് വി. കുർബ്ബാനയുടെ വിശിഷ്ടഫലങ്ങൾ സ്വായത്തമാക്കാൻ പോകുന്നതു്. ഈശോയെ കൈക്കൊണ്ടതിനു ശേഷമുള്ള കൃതജ്ഞതാപ്രകാശനത്തിനും അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്.

2. ഉപകാരസ്മരണ

ഈ സമയത്രേ മിശിഹായോടുള്ള ഐക്യം സാക്ഷാൽക്കരിക്കപ്പെടുന്നതു്. ഇതും ആത്മാവിന്റെ വിവിധപ്രകരണങ്ങൾ മുഖേനതന്നെ. കർത്താവിനെയും അവിടുത്തോടു ഗാഢമായി യോജിച്ചുകൊണ്ടു് പരമത്രീത്വത്തെയും നിസ്തുലമായി ആരാധിക്കുക, സ്നേഹത്താൽ നമ്മെ എരിയിക്കുന്നതിനാഗ്രഹിക്കുന്ന നമ്മുടെ ആത്മമണവാളന്റെ പരിശുദ്ധമായ ഹൃദയത്തിലേയ്ക്കു നമ്മളെതന്നെ ആഴ്ത്തുക, അവിടുത്തേക്കു നമ്മളെ സമർപ്പിക്കുക, നമ്മോടു് ഹൃദയംഗമമായി സംഭാഷിക്കുന്ന ഈശോയുടെ തൃപ്പാദത്തിങ്കലിരുന്നു അവിടത്തെ സസ്നേഹം ശ്രവിക്കുക, അവിടുത്തോടു് സവിനയം സമ്മസല്ലാപം ചെയ്യുക, സകല സൃഷ്ടികളെയും ക്ഷണിച്ചു കർത്താവ് കാണിക്കുന്ന കരുണയ്ക്കു് പ്രതിനന്ദി പ്രദർശിപ്പിക്കുക, മനോവിശ്വാസത്തോടുകൂടി നമ്മുടെയും അന്യരുടേയും ആവശ്യങ്ങൾ അങ്ങയോടുണർത്തിക്കുക മുതലായവ ഉചിതംപോലെയും പരിശുദ്ധാരൂപിയുടെ തോന്നിപ്പുകളനുസരിച്ചും ഫലപ്രദമായി ചെയ്യാവുന്നതാണു്. ഒരു കാര്യം അത്യാവശ്യം. നമ്മൾ ഈ ദിവ്യദാനത്തിന്റെ മഹത്വം വിശ്വാസവെളിച്ചത്തിൽ മതിക്കണം; അതിലടങ്ങിയിരിക്കുന്ന അമൂല്യനിക്ഷേപങ്ങളെ സ്നേഹത്താൽ സ്വായത്തമാക്കണം.

ദിവ്യകാരുണ്യ സ്വീകരണകൃത്യം, മറ്റെല്ലാ പ്രവൃത്തികളെയും പോലെ, പെട്ടെന്നു കഴിഞ്ഞുപോകുന്നു. എന്നാൽ അതിന്റെ ഫലം—ദിവ്യരക്ഷകനോടുള്ള യോജിപ്പു് — സ്ഥായീഭവിക്കണം. അതിനു ജീവിതം തന്നെ തുടർച്ചയായ ഒരുപകാരസ്മരണയാകണം.

ജ്ഞാനസ്നാനത്തിൽ ലഭിക്കുന്ന വരപ്രസാദമാണു് ക്രിസ്തീയ ജീവിതത്തിന്റെ ബീജം. അതിന്റെ അനന്തമായ ശക്തികളനുസരിച്ചു് അതു് വളർന്നു വികസിച്ചു് ആത്മാവിനെ ഇതരക്രിസ്തുവായി രൂപാന്തരപ്പെടുത്തി നിത്യജീവനിലാക്കണം. ഇതാണു് യഥാർത്ഥ ക്രിസ്തീയ ജീവിതം. ഈ ദൈവികജീവന്റെ വളർച്ചയ്ക്കു് ദൈവം തന്നെ ആത്മാവിനെ പോഷിപ്പിക്കേണ്ടിയിരിക്കുന്നു. ഇതവിടുന്നു് നിർവ്വഹിക്കുന്നതു് മുഖ്യമായി ദിവ്യബലിയും ദിവ്യകാരുണ്യവും മൂലമാണു്. അതിനാൽ അവ രണ്ടും യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രവും നീരുറവയും എന്നു് സിദ്ധിക്കുന്നു. നമ്മുടെ ദിവ്യഗുരുനാഥന്റെ വാക്കുകളും തിരുസഭയുടെ പഠനവും ഇതു് വ്യക്തമാക്കുന്നുണ്ടു്.

എന്നാൽ ഈ സ്വർഗ്ഗീയ കലവറയെ യഥാവിധി ഉപയോഗിച്ചെങ്കിൽ മാത്രമേ നമ്മുടെ ആത്മാവ് പുഷ്ടി പ്രാപിക്കയുള്ളൂ. ദിവ്യബലിയിലെ പ്രാധാനാചാര്യനും ബലിവസ്തുവുമായ ക്രിസ്തുവിനോടു് കാർമ്മികനായ പുരോഹിതൻവഴി ആത്മനാ ഗാഢമായി യോജിച്ചുകൊണ്ടു്, അവിടെത്തേയും അവിടുത്തോടുകൂടി നമ്മളെ തന്നെയും നിത്യപിതാവിനർപ്പിക്കണം; തദനന്തരം അവിടുത്തെ ബലിജീവിതം നമ്മുടെ ശരീരത്തിലും ആത്മാവിലും അനുദിനം തുടരുകയുംവേണം. ബലിയിലും ബലിജീവിതത്തിലും കർത്താവിനോടു നമ്മൾകൂടുതൽ ഐക്യപ്പെടുന്നതിനും, വിഷമമേറിയ ബലിജീവിതം നയിക്കുന്നതിനു് നമ്മൾ ബലിഷ്ഠരാകുന്നതിനും അവിടുന്നു് ദിവ്യകാരുണ്യംവഴിയായി നമ്മളുടെ ആത്മാവിൽ എഴുന്നെള്ളിവന്നു വസിക്കുന്നു. അതുമാത്രമോ? അവിടത്തെ സ്വീകരിക്കുന്നതിൽ നമ്മൾ പ്രദർശിപ്പിക്കുന്ന ഒരുക്കവും ഉപകാരസ്മരണയുമനുസരിച്ചു്, അവിടുന്നു് നമ്മളുടെ ആത്മാവിൽ പ്രവർത്തിച്ചുകൊണ്ടു് അതിനെ തന്നിലേയ്ക്കു രൂപാന്തരപ്പെടുത്തുകയും ചെയ്യും.

ഒരു ക്രിസ്ത്യാനിയുടെ ഭാഗ്യം എത്രയോ അസൂയാജനകം! അവൻ ക്രിസ്തുവിന്റെ ജീവനോടുകൂടി ജനിക്കുന്നു; ക്രിസ്തുവിനെ ഭക്ഷിച്ചു വളരുന്നു; അവസാനം ക്രിസ്തുവായി രൂപാന്തരപ്പെട്ടു മരിക്കുന്നു. തന്മൂലം ക്രിസ്തുവായി ഉയർത്തെഴുന്നേററു് മഹത്വീകരിക്കപ്പെടുന്നു. അല്ലയോ ക്രിസ്തീയ ആത്മാവേ, നിന്റെ സ്ഥാനമഹത്വം എത്രമാത്രമെന്നു ഗ്രഹിച്ചാലും!

# മാതൃകാപുഷ്പം

(വിദ്വാൻ ജോസഫ് പള്ളിപ്പാടം)

വെണ്മചൊരിഞ്ഞിടുമമ്പിളിയായ്,
കണ്ണുകൾക്കെന്നും കർപ്പൂരമായി,
'ലിസ്യൂ'വാമുദ്യാനവല്ലരിയി-
ലുല്ലസിച്ചീടുന്ന കൊച്ചുപൂവായ്,
എങ്ങുമേ വന്ദിതയായ് വിളങ്ങും
മംഗളചിത്തയാം കൊച്ചുത്രേസ്യാ.
മഞ്ജുളമാതൃകാപ്പൊൻമലരായ്
നന്മവഴിഞ്ഞുവിളങ്ങിടുന്നു.
പാപികൾക്കിങ്ങനുതാപബോധം
പാരമുൾത്താരിലുദിച്ചനന്തം
സ്വർഗ്ഗീയമാധുര്യമോഹമേലാൻ
മാർഗ്ഗമങ്ങൻപിൽത്തെളിച്ചുകൊണ്ടും,
സദ്ഗുണങ്ങൾ നിറഞ്ഞിടുന്ന
സർവ്വജീവസ്നേഹപ്പൂന്തേനൂറും
മാനവമാനസപ്പൂവിലിങ്ങ-
ന്നൂനംനിറഞ്ഞു വിലസിടുവാൻ
പാവനമാകിനതത്വസാര-
ബോധനതല്പരയായിമിന്നി.
സ്വാർത്ഥതയെന്നിയെയൊട്ടനേകം
നിസ്തുലനൽപരിത്യാഗകർമ്മം
പാരമാത്മാർത്ഥതയാൻമേറെ-
ക്കാരുണ്യമോടനുഷ്ഠിച്ചിരുന്നു.
നിത്യജീവിതരഹസ്യവും നൽ-
ത്തത്വസംഹിതയുമൊത്തിണങ്ങും
ദൈവികാനന്ദാംബുരാശിതന്നി-
ലാവിർമ്മോദേനമുഴുകീടാനായ്
നിർമ്മലഗ്രന്ഥപാരായണം താ-
നിങ്ങുസഹായകമെന്നുമേവം

മാനസത്താരിൽ കരുതീടിനാൾ
ദീനദയാനിധി, കൊച്ചുസൂനം
സ്നേഹത്തിൻദീപം നിറഞ്ഞവാക്യ-
സംഹിത, ഭക്തികലർന്നുതിങ്ങും
നിത്യമാവർത്തനം ചെയ്തുനന്നായ്
നിത്യവിചാരനിമഗ്നയായാൾ
വാനിലാമുല്ലപ്പൂപാകിയപോൾ
വാരിയന്നുള്ളൊരു താരകങ്ങൾ
താമരപ്പൊയ്കതടവിമന്ദം
പൂമണംപേറി വരുന്നതെന്നൽ
എന്നീവിലാസവിശേഷതക-
ളെന്നുമാമോദേന നോക്കിനോക്കി
ദൈവികശക്തിയറിഞ്ഞുതന്നുൾ-
പ്പൂവിനെവിണ്ണിലേയ്ക്കൂടുയർത്തി;
ധ്യാനനിലീനയായ് വാണു രാജി-
ച്ചാനന്ദചിത്തയാം കൊച്ചുറാണി.
പാരിതിൽദൈവവിശ്വാസമെങ്ങും
നേരിൽപ്രദർശിപ്പിച്ചീടുവാനായ്
അത്തലിങ്ങല്പവുമാർന്നിടാതെ
കത്തിക്കാളുന്നൊരുതീയിൽക്കൂടി
ചെമ്മേകടന്നുപോയീടുവാനും
സന്മതി,സന്നദ്ധയായിരുന്നാൾ
പാവനമാകിന നിത്യാനന്ദം
പാരിതിലാക്കുമനുഭവിപ്പാൻ
നിർമ്മലജീവിതമാർന്നിടാനായ്
ശർമ്മദമാർഗ്ഗമരുളുവോളായ്
മംഗളപ്പൊൻമലർവാടിതന്നിൽ
മിന്നിത്തിളങ്ങിയിക്കൊച്ചുസൂനം.

# പോപ്പുരാജൻ നീണാൾ വിരാജിക്കട്ടെ!*

(തുടർച്ച)

(Rt. Rev, Mgr. P. Kackacherry, Ph. D., D. D.)



അവിടുന്നു തിരുസഭാദ്ധ്യക്ഷനായി അവരോധിക്കപ്പെട്ടിട്ട് മൂന്നേ മൂന്നു വർഷങ്ങളെ കഴിഞ്ഞുള്ളു. എങ്കിലും ലൗകികമായ പ്രസക്തിയും പ്രതാപവും പ്രഭാവവും കേവലം പുല്ലായി തള്ളുന്ന പ്രകൃതനാണു ആ കർമ്മയോഗി. എങ്കിലും പൊതു ലോകാഭിപ്രായം ആധുനികരിൽ അഗ്രഗണ്യനായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചു കഴിഞ്ഞു.

ഇതിൽ ഒട്ടും തന്നെ അത്ഭുതം ഉൾക്കൊള്ളേണ്ടതില്ല. മാനവരാശിയുടെ ഐഹികവും പാരത്രികവുമായ ക്ഷേമൈശ്വര്യങ്ങളിൽ ഇത്ര ആത്മാർത്ഥവും നിസ്വാർത്ഥവുമായ താല്പര്യവും ഉൽക്കണ്ഠയുമുള്ള ഒരു ലോകമഹാരഥൻ മററാരുണ്ട്? അവിടുത്തെ രഹസ്യവും പരസ്യവുമായ പ്രസ്താവനകളും പ്രാർത്ഥനകളും അവിടുന്നു നിർദ്ദേശിക്കുന്ന പദ്ധതികളും ഈ വസ്തുതയെ നിതരാം വിശദമാക്കും. സ്നേഹത്തിലും സത്യത്തിലും നീതിയിലും അടിയുറച്ച ലോകസമാധാനം അഭംഗം പുലർന്നു കാണുവാൻ അവിടുത്തേപ്പോലെ തീവ്രാഭിലാഷമുള്ളവരായി, അഹോരാത്രം മനംനീറി പ്രാർത്ഥിക്കുകയും പ്രായശ്ചിത്തമനുഷ്ഠിക്കുകയും ചെയ്യുന്നവരായി മററാരെയും കണ്ടെത്തുകയില്ല. ഇക്കഴിഞ്ഞ സെപ്റ്റംബർ 10-ാം നു- വേനൽക്കാല വിശ്രമാരമനയിൽവെച്ചു ലോകസമാധാനാർത്ഥം പ്രത്യേകം പ്രാർത്ഥനാപരിപാടികളോടുകൂടി സാഘോഷം അവിടുന്നു ദിവ്യബലി അർപ്പിച്ചു. പ്രസ്തുത തിരുകർമ്മങ്ങളിൽ കത്തോലിക്കരേവരും ഭക്തിയോടും താല്പര്യത്തോടും കൂടി സംബന്ധിക്കണമെന്നും അവിടുന്നു നിർദ്ദേശം നല്കി. മററാരേയുംകാൾ നന്നായി അവിടുത്തേക്കറിയാം ലോകസമാധാനം ഇന്ന് അത്യാപൽക്കരമായൊരു പൊട്ടിത്തെറിയുടെ വക്കത്താണു വറച്ചുകൊണ്ടു വർത്തിക്കുന്നതെന്ന്; സമാധാനരാജനായ ക്രിസ്തു സാദരം കനിഞ്ഞനുഗ്രഹിച്ചാലല്ലാതെ മനുഷ്യപ്രയത്നംകൊണ്ടു മാത്രം ആ അത്യാഹിതം അകന്നുപോവുകയില്ലെന്ന്.

മററു പല രാഷ്ട്രമേധാവികളും ലോകസമാധാനത്തിന്റെ സംരക്ഷകരും പ്രവാചകരുമായി അഭിനയിക്കുന്നുണ്ട്. ചുവപ്പൻ രാഷ്ട്രങ്ങളുടെ ഏകാധിപതിയായി വിരാജിക്കുന്ന ക്രൂഷ്ച്ചേവാണ് അവരുടെ മുൻപന്തിയിൽ. സമയത്തും അസമയത്തും ആ "ഭീഷണി വിദഗ്ദ്ധൻ" ആഗോള സമാധാന സ്ഥാപനത്തിനായും, സകല രാജ്യങ്ങളുടേയും സമാധാനനിഷ്ഠമായ സഹവർത്തിത്വസിദ്ധിക്കായും ലോകത്തെ ആവർത്തിച്ചാഹ്വാനം ചെയ്തുകൊണ്ടിരിക്കയാണ്. എന്നാൽ ബഹിരാകാശ സഞ്ചാരികളായ ഗഗ്ഗാറിന്റേയും ടിട്ടോവിന്റേയും നേട്ടങ്ങളേയും വമ്പിച്ച തോതിലുള്ള അണുവായുധശേഖരത്തെയും ഉയർത്തിപ്പിടിച്ചുകൊണ്ടും, അവയുടെ പശ്ചാത്തലത്തിലുമത്രേ അദ്ദേഹം സമാധാനത്തിന്റെ പേരിലുള്ള ഈ ബഹളമെല്ലാം കാട്ടിക്കൂട്ടുന്നതെന്നോർക്കണം. നിരായുധീകരണം സംബന്ധിച്ചായാലും, ബർലിൻ പ്രതിസന്ധിയെക്കുറിച്ചായാലും, അണുകപരീക്ഷണനിരോധനം പരാമർശിച്ചായാലും സ്വന്തം വ്യവസ്ഥകൾ മറെറല്ലാരാഷ്ട്രങ്ങളും തലകുനിച്ചംഗീകരിച്ചുകൊള്ളണമെന്നാണു തന്റെ നീക്കുപോക്കില്ലാത്ത ദുശ്ശാഠ്യം. കമ്മ്യൂണിസ്റ്റിതര രാഷ്ട്രനേതാക്കൾ നിർദ്ദേശിക്കുന്ന യാതൊരു പദ്ധതിയും സ്വീകാര്യമല്ല. പണ്ടൊരു ബാലൻ പറഞ്ഞുവത്രെ! "എന്റെ അച്ഛൻ എന്നെ കാണുവാൻ വരിക; എനിക്കു വല്ലതും തരിക,

* 1961 ഒക്ടോബർ 4-ാം ലക്കം കാമ്മെൽ 128-ാം വശത്തുനിന്നും.

എൻെറ അച്ഛനെ ഞാൻ കാണവാൻ ചെല്ലക; എനിയ്ക്കു വല്ലതും തരിക." ക്രൂഷ്ചേവിൻെറയും കൂട്ടുകാരുടെയും വിചിത്രമായ മക്കടമുഷ്ടി ഇക്കഥയാണു നമ്മെ ഓർമ്മിപ്പിക്കുക. ലോകസമാധാനവിഷയകമായി പ. പിതാവിനുള്ള ആകാംക്ഷയും മററു സമാധാന പ്രാസംഗികരുടെ ആന്തരവും തമ്മിലുള്ള ഭീമമായ അന്തരം തെല്ലൊന്നു സൂചിപ്പിക്കുവാൻ വേണ്ടി ഇത്രയും പറഞ്ഞുവെന്നേയുള്ളൂ.

മുഖം ഹൃദയത്തിൻെറ സൂചികയാണല്ലൊ. അധികം പേർക്കും യോഹന്നാൻ പാപ്പായെ അഭിമുഖമായി ദർശിയ്ക്കുവാനുള്ള ഭാഗ്യം കിട്ടിയെന്നുവരില്ല. ഛായാപടത്തിൽ നോക്കി ചാരിതാർത്ഥ്യമടയുവാനേ ഒക്കൂ. പുഞ്ചിരിപ്പൂനിലാവു ചുററും പരത്തി പ്രശോഭിക്കുന്ന അദ്ദേഹത്തിൻെറ മുഖാരവിന്ദം എത്ര പ്രശാന്തരമണീയവും സൌമനസ്യ സമ്പൂർണ്ണവും ദയാർദ്രവുമാണെന്നു നോക്കുക. അസുലഭമായ സഹസൃഷ്ടിസ്നേഹവും സന്മനോഭാവവും സാരള്യവും സമഭാവനയും സഹാനുഭൂതിയും ഔദാര്യവും നിറഞ്ഞു കവിയുന്ന ഉൾത്തടത്തിൻെറ മനോജ്ഞമായൊരു മുഖവുര!

തിരുസഭയുടെ അധിനായകനായി ഉയർത്തപ്പെട്ട് ഏറെനാൾ കഴിയേണ്ടിവന്നില്ല, പുതിയ പാപ്പായുടെ നിസ്സർഗ്ഗസുന്ദരവും സർവ്വാശ്ലേഷകവുമായ മനുഷ്യത്വത്തെ ഉദാഹരിക്കുകയും ഉൽഘോഷിക്കുകയും ചെയ്യുന്ന സംഭവപരമ്പരകളെപററിയുള്ള ഹൃദ്യമായ കഥകൾ നാലുപാടും പരക്കുവാൻ. സത്യസഭയ്ക്കകത്തും പുറത്തുമുള്ള പരലക്ഷങ്ങളുടെ ശ്രദ്ധയേയും ആദരവിനെയും ഹഠാദാകർഷിച്ച പ്രത്യക്ഷ ഗുണവിശേഷം ഇതാണെന്നു സങ്കല്പിപ്പിക്കുന്നതിൽ തെററില്ല. പാപ്പാസ്ഥാനമലങ്കരിയ്ക്കുന്ന പരമോന്നത വ്യക്തിയെ വലയം ചെയ്യുന്ന പല മാമൂൽ വേലികളേയും പൊളിച്ചു വലിച്ചെറിയുവാൻ അവിടുത്തെ പ്രേരിപ്പിച്ചതും ഇതുതന്നെയാണ്. വത്തിക്കാൻ ചട്ടങ്ങളെ പാടെ അവഗണിച്ചുകൊണ്ടുള്ള പാപ്പായുടെ നീക്കങ്ങളും പ്രയാണങ്ങളും പരിപാടികളും പേപ്പൽ ഉദ്യോഗസ്ഥന്മാർക്കു തലവേദനയുളവാക്കിയ സന്ദർഭങ്ങൾ ദുർലഭമല്ല. യോഹന്നാൻ മാർപ്പാപ്പാ ഒന്നാമത്തെ ക്രിസ്തുമസുത്സവം ആഘോഷിച്ചതു് റോമാനഗരിയിലെ ഒരു കാരാഗാരം സന്ദർശിച്ചുകൊണ്ടാണല്ലൊ. തടവുപുള്ളികളും പാറാവുകാരും ഒന്നുപോലെ വിസ്മയംപൂണ്ടമ്പരന്നു പോയി; ആനന്ദത്തിൻെറ അശ്രുധാര സകലരുടെയും കണ്ണുകളിൽ നിന്നു നിറഞ്ഞൊഴുകി.

ലോകത്തിലെ സർവ്വോന്നതപദവിയെ അലങ്കരിക്കുന്നവനാണ് മാർപ്പാപ്പാ. യോഹന്നാൻ പാപ്പായ്ക്കാകട്ടെ, ഏതു സാധാരണക്കാരൻെറയും നിലവാരത്തിലേയ്ക്കിറങ്ങുവാൻ അശേഷം ആയാസമോ, സങ്കോചമോ ഇല്ലെന്നു് ഉദാഹരിക്കുന്ന സംഭവങ്ങൾ സുലഭമാണ്. ഒരു ഉദാഹരണം: വത്തിക്കാനിലെ ഒരു തോട്ടവേലക്കാരൻ തനിക്കുണ്ടായ അവിസ്മരണീയമായൊരനുഭവം വിവരിച്ചിരിരിക്കുന്നതിങ്ങനെയാണ്— „ഒരു ദിവസം ഞാൻ തോട്ടത്തിൽ ഒരു നീർച്ചാൽ വെട്ടിക്കൊണ്ടിരിക്കയായിരുന്നു. അപ്പോഴുണ്ട് പുതിയ പാപ്പ പുഞ്ചിരി തൂകിക്കൊണ്ടു് എൻെറ നേർക്കടുത്തു വരുന്നു. ഞാൻ ജോലിയിൽ പ്രവേശിച്ചിട്ട് ഏറെ നാൾ കഴിഞ്ഞിരുന്നില്ല. എങ്കിലും ചട്ടങ്ങളും കീഴ്വഴക്കങ്ങളും അറിയാമായിരുന്നു. വത്തിക്കാൻ ആരാമത്തിലൂടെ സവാരി ചെയ്യുന്ന മാർപ്പാപ്പായോട് ആരുമൊന്നും ഉരിയാടിപ്പോകരുതെന്നായിരുന്നു കർശനമായ നിയമം. ആകയാൽ ദൃഷ്ടിയിൽ പെടാതിരിപ്പാൻവേണ്ടി ഞാൻ ചാലിൽ പതുങ്ങിയിരുന്നു. അപ്പോഴേയ്ക്കും പ. പിതാവ് അടുത്തെത്തിക്കഴിഞ്ഞു. ഇതികർത്തവ്യതാമൂഢനായി ഒന്നും മിണ്ടുവാനാവാതെ ഞാൻ പകച്ചുനിന്നുപോയി. മാർപ്പാപ്പയാകട്ടെ, മധുരമായി പുഞ്ചിരിച്ചുകൊണ്ടു് കല്പിച്ചരുളി: „പേടിക്കുവാനൊന്നുമില്ല; ഞാനും ഇവിടെത്തന്നെ വേലചെയ്തു കഴിയുന്നവനാണ്!" തുടന്നു് എന്നേയും കുടുംബത്തേയുംപററി പല കാര്യങ്ങളും താല്പര്യപൂർവം അന്വേഷിച്ചറിഞ്ഞു. അനന്തരം എനിക്കു് അവകാശപ്പെട്ട മൂന്നു സൌജന്യവേതനങ്ങൾ കിട്ടിയോ എന്നു് സാദരം ആരാഞ്ഞു. എനിക്കതേപ്പററി രൂപമില്ലെന്നു മറുപടി പറഞ്ഞപ്പോൾ അവിടുന്നു് ഇങ്ങനെ വ്യാഖ്യാനിച്ചുത്തരിച്ചു: „ഒരു പാപ്പ നാടുനീങ്ങുമ്പോഴും, പിൻഗാമി തിരഞ്ഞെടുക്കപ്പെടുമ്പോഴും, സ്ഥാനാരോഹണം ചെയ്യുമ്പോഴും വത്തിക്കാനിലെ ഓരോ ജോലിക്കാരനും മൂന്നുമാസത്തെ മുഴുവൻ ശമ്പളവും ബോണസ്സായി ലഭിക്കുവാൻ അർഹതയുണ്ട്. അതു് ഇതുവരേയും കിട്ടിയില്ല, അല്ലേ? വല്ലായ്മയൊന്നും കരുതേണ്ട. ഇനിയങ്ങോട്ട് ഇക്കാര്യങ്ങൾ ഞാൻതന്നെ നേരിട്ടന്വേഷിക്കുവാൻ പോവുകയാണ്. മകനു് ശുഭം വരട്ടെ; ദൈവം അനുഗ്രഹിക്കയും ചെയ്യട്ടെ." ഇത്രയും

# ആ അത്ഭുതക്കുണ്ണി

(ബ്രദർ പീയൂസ്, സി. എസ്സ്. റ്റി.)

ആദവും ഹവ്വായും വിലക്കപ്പെട്ട കനി ഭക്ഷിച്ചു. കഷ്ടം! അലംഘനീയനായവന്റെ നിയമം ധൂളിയായവൻ ലംഘിച്ചു. അതിന്റെ ഫലമോ? ആ ആനന്ദവായ്പിന്റെ മലർവാടിയിൽ നിന്ന് അവർ നിഷ്കാസിതരായി. എങ്കിലും കാരുണ്യവായ്പായ ദൈവം രക്ഷയുടെ പ്രത്യാശ അവക്കു നൽകാതിരുന്നില്ല. 'സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതയ്ക്കും' എന്നുള്ള ദൈവവാക്യം അവരുടെ പ്രത്യാശയെ നിലനിറുത്തി. രക്ഷയുടെ അച്ചാരമായി അതു നിലകൊള്ളുകയും ചെയ്തു. വത്സരങ്ങൾ സഹസ്രക്കണക്കിനു മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. മാനവവംശം വാഗ്ദത്തസന്തതിയെ പ്രതീക്ഷിച്ചു കഴിഞ്ഞുകൂടി. സ്വയം ഒരുക്കി രക്ഷകനെ സ്വീകരിക്കുവാൻ. ബലികൾ അനേകമനേകം അവർ അർപ്പിച്ചു. അവസാനം കാലത്തിന്റെ തികവിൽ മനുഷ്യവംശം മുഴുവൻ, യഹൂദവംശം പ്രത്യേകിച്ച്, രക്ഷകനെ സ്വീകരിക്കുവാൻ ഒരുങ്ങിക്കഴിഞ്ഞപ്പോൾ ആ 'കന്യക' പരിശുദ്ധത്രീത്വത്തിലെ രണ്ടാമത്തെ ആളിനെ—ഉണ്ണി-യായി ബേത്ലേഹമിലെ പശുത്തൊഴുത്തിൽ ചെറു പുൽക്കൂട്ടിൽ പ്രസവിച്ച് വൈക്കോൽ മെത്തയിൽ കിടത്തി. ലോകരക്ഷകൻ ജാതികളുടെ പ്രതീക്ഷയായിരുന്നവൻ, ഇതാ! പൈതലായി കീറത്തുണിയിൽ പൊതിഞ്ഞു കിടത്ത

---

പറഞ്ഞുകൊണ്ട് പാപ്പ സോല്ലാസം ചുറുചുറുപ്പോടെ നടന്നകന്നുപോയി." ആധുനിക പാപ്പായ്ക്ക് "സാധാരണക്കാരന്റെ പാപ്പ" എന്ന മറുപേരിനെ നേടിക്കൊടുത്ത അനേകം ഉദാഹരണങ്ങളിൽ ഒരെണ്ണം മാത്രമാണിത്.

ഇന്നത്തെലോകം ആരെയും അമ്പരപ്പിക്കുംവിധം ത്വരിതഗതിയിലാണു മുന്നോട്ട് ഓടിക്കൊണ്ടിരിക്കുന്നത്. തിരുസഭയും കാലത്തിനും മാറിയ സാഹചര്യങ്ങൾക്കും അനുസൃതമായി ഉയരേണ്ട ആവശ്യകതയെപ്പറ്റി തികച്ചും ബോധവാനാണു യോഹന്നാൻ പാപ്പ. അവിടുന്നു തിരുസഭയുടെ ഭരണസാരഥിയായി ഉദ്യോഗത്തിൽ പ്രവേശിച്ച ഉടനെ പുരോഗമനപരവും വിപ്ലവാത്മകവുമായ പല നവീകരണങ്ങളും നടപ്പിൽ വരുത്തി. പാരമ്പര്യത്തെ പാടെ വിഗണിച്ചുകൊണ്ട് കർദ്ദിനാൾ സംഘത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ചു, ഇദംപ്രഥമമായി ആഫ്രിക്കൻ വങ്കരയുടെ പ്രതിനിധിയായി ഒരു നീഗ്രോ വൈദികാദ്ധ്യക്ഷനെ കർദ്ദിനാൾ സ്ഥാനത്തേക്കുയർത്തി ചരിത്രം സൃഷ്ടിച്ചു; ലത്തീൻ ആരാധനക്രമത്തിൽ കാലോചിതമായ ചില മാററങ്ങൾ വരുത്തി; ആണ്ടുവട്ടത്തിലെ ചില തിരുനാളുകൾ റദ്ദാക്കുകയും പുതിയതായി ചില തിരുനാളുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു; യഥാർത്ഥ ചരിത്രസാക്ഷ്യമില്ലാതിരുന്ന ചില പുണ്യാത്മാക്കളുടെ നാമങ്ങൾ തിരുസഭാപഞ്ചാംഗത്തിൽ നിന്നു നീക്കംചെയ്തു; ലത്തീൻ വൈദികരുടെ കാനോനികജപസമ്പ്രദായം പരിഷ്ക്കരിച്ചു; പുനരൈക്യപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുവാനും വിഭിന്നക്രൈസ്തവജനപദങ്ങളുമായി സന്ദർഭോചിതമായ സമ്പർക്കം പുലർത്തുവാനും ഉതകുന്നവിധം ഒരു കേന്ദ്രകാര്യാലയം ഏർപ്പെടുത്തി; ഇവയെല്ലാം മണിമകുടം ചൂടുവാനെന്നോണം ബൃഹത്തായ രണ്ടാംവത്തിക്കാൻ സാർവ്വദേശീയ സഭാസമ്മേളനം വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു. "കാലത്തിനൊത്തപാപ്പ", "പരിഷ്ക്കാരങ്ങളുടെ പാപ്പ" എന്നിത്യാദി വിശേഷണസംജ്ഞകൾ യോഹന്നാൻപാപ്പായ്ക്കു അനായാസേന കരഗതമായതിൽ അസാംഗത്യമുണ്ടോ?

പാപ്പാസ്ഥാനത്തിനും കത്തോലിക്കാസഭയ്ക്കും അഭൂതപൂർവ്വകവും നിസ്തുലവുമായ പ്രശസ്തിയും പ്രതാപവും പൊതുലോകസമ്മതിയും കൈവരുത്തി, പ്രായത്തിൽ വയോവൃദ്ധനെങ്കിലും, ചൈതന്യത്തിലും കർമ്മകുശലതയിലും യുവസഹജമായ ഉശിരോടും ചുറുചുറുപ്പോടും കൂടി സഭാഭരണം നിർവ്വഹിച്ചുരുളുന്ന 23-ാം യോഹന്നാൻ മാർപ്പാപ്പ ആയുരാരോഗ്യസൌഖ്യസൌഭാഗ്യങ്ങളോടെ നീണാൾ വിജയിച്ചരുളട്ടെയെന്നു നമുക്കേവക്കും സർവ്വാത്മനാ പ്രാർത്ഥിക്കാം.

പ്പെട്ടിരിക്കുന്നു. അത്ഭുതസ്തബ്ധരായി നമുക്കു നമ്മോടു തന്നെ ചോദിക്കാം, ജാതികൾ ആകാംക്ഷയോടെ പാത്തിരുന്നവൻ ഇപ്രകാരം വിഗണിക്കപ്പെട്ടിരിക്കുന്നുവോ? എന്ന്.

സമീപപ്രദേശങ്ങളിൽ തങ്ങളുടെ ആടുകളെ കാത്തു സൂക്ഷിച്ചിരുന്ന ആ പട്ടിണിപ്പാവങ്ങൾക്കു പെട്ടെന്ന് ഒരു ദൈവദർശനം. അവർ അമ്പരന്ന് ആ പ്രകാശപ്രഹർഷത്തിന്റെ കാഴ്ചയിൽ. ക്രിസ്തുമസ്സ് സന്ദേശവാഹകനായ ആ വാനദൂതൻ അവരോടു പറഞ്ഞു ഇതാ നിങ്ങൾക്കൊരു രക്ഷകൻ പിറന്നിരിക്കുന്നു. ആ വാനദൂതന്റെ ഔത്സ്യാനുസരണം ആ പട്ടിണിപ്പാവങ്ങൾ അജ്ഞാനിക്കുന്ന വിഭാഗത്തിനു് ആശ്വാസം പകർന്നു കൊടുക്കുന്നവനെ സന്ദർശിച്ചു. അവർ തങ്ങളുടെ 'കൊച്ചുകാഴ്ച'—വിനീതമായ ഭക്തിബഹുമാനങ്ങൾ—അവിടുത്തെ മൃദുലപാദങ്ങളിൽ സമർപ്പിച്ചു. ആ ദിവ്യശിശുവിൽനിന്ന് അമൂല്യമായ ആശിസ്സ് വാങ്ങി നിർന്നിമേഷരായി പിൻവാങ്ങി നിന്നു. അത്യുന്നതന്റെ ജനനം വിളംബരം ചെയ്യുവാൻ ഉന്നതത്തിൽ ഒരു പുതുനക്ഷത്രമുദിച്ചു. അതിന്റെ ദർശനമാത്രയിൽ ജ്യോതിഷശാസ്ത്രജ്ഞന്മാരായ മൂന്നു രാജാക്കൾ മിശിഹായെക്കാണുവാൻ യാത്ര പുറപ്പെട്ടു. അവർ ആ രാജാധിരാജന്റെ മുമ്പിലെത്തി പൊന്നും കുന്തിരിക്കവും മീറയും അവരുടെ 'നിറവിൽ' നിന്ന് അവിടുത്തെ പാദാരവിന്ദങ്ങളിൽ കാഴ്ച വെച്ചു ആനന്ദചിത്തരായി ആ പട്ടിണിപ്പാവങ്ങളോടൊപ്പം അവരും നിലകൊണ്ടു. ആ തൊഴിലാളികളെയും മുതലാളികളെയും കൂട്ടിയിണക്കുന്ന ഒരു അത്ഭുതകണ്ണിയായി സമ്പന്നനായവൻ ദരിദ്രനായി അവരുടെ മദ്ധ്യേ കടന്നുകൊണ്ടു തന്റെ പൊന്നോമൽക്കരങ്ങളുയർത്തി ഇരുകൂട്ടരെയും ആശീർവ്വദിച്ചു. അവർ ഇരുകൂട്ടരും വർഗ്ഗമത്സരത്തിന്റെ ലാഞ്ഛനയെന്ന്യേ ഉണ്ണിയീശോയുടെ സന്നിധിയിൽ ശിരോനമനം ചെയ്തു. തൊഴിലാളിയും മുതലാളിയും അവിടുത്തെ സന്നിധിയിൽ തുല്യരാണെന്നുള്ള കാര്യം അറിഞ്ഞിരുന്നെങ്കിൽ.

പശുത്തൊഴുത്തിൽ വൈക്കോൽ മെത്തയിൽ പള്ളികൊള്ളുന്ന ദൈവസുതൻ ഉണ്ണിയീശോ ലോകത്തിനു ഒരു പാഠം നൽകുന്നുണ്ട്. സമസ്തസുന്ദരമായ നീതിയുടെയും അലോകസുന്ദരമായ സാഹോദര്യത്തിന്റെയും ത്യാഗത്തിന്റെയും സന്ദേശം. അവിടുന്ന് ഉന്നതത്തിൽ നിന്ന് ഊഴിയിൽ വന്നതു നീതി പാലിക്കാനും സാഹോദര്യം പുലർത്താനും ത്യാഗം പഠിപ്പിക്കുവാനുമാണ്. നീതിയുടെ ആ നിലവിളക്കിനു മുമ്പിൽ തൊഴിലാളികളായ ആട്ടിടയന്മാരും മുതലാളികളായ രാജാക്കളും ഒരുമിച്ചു പ്രണമിക്കുന്ന കാഴ്ച എത്ര ഹൃദയാവർജ്ജകം. മനുഷ്യാവതാരത്തിൽ പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെയാളായ പുത്രൻ തമ്പുരാനിൽ ദൈവവും സാധുമനുഷ്യനും സംയോജിക്കുന്നതല്ലേ കൂടുതൽ വിസ്മയനീയം? 'സമ്പന്നനായവൻ നമ്മെപ്രതി സ്വമനസ്സാ ദരിദ്രനായി.' ആ പരമഗുരുവിന്റെ മുമ്പിൽ വച്ചു് ആളുകൾ പഠിക്കണം. അവർ സമുദായഗാത്രത്തിലെ വിവിധാവയവങ്ങൾ മാത്രമാണ്, പരസ്പരം കലഹിക്കേണ്ടവരല്ല എന്ന്. മുതലാളിയെക്കൊണ്ടു തൊഴിലാളിക്കും അതിലുമുപരിയായി തൊഴിലാളിയെക്കൊണ്ടു മുതലാളിക്കും ഉപകാരമുണ്ട്. ദരിദ്രൻ കൂടുതലായി ക്രിസ്തുവിന്റെ പ്രതിനിധിയാണ്. ദരിദ്രനെ സഹായിക്കുക എന്നതു് തന്റേമേൽ ദൈവാനുഗ്രഹം വർഷിപ്പിക്കുന്ന പ്രവൃത്തിയാണല്ലോ. 'ഈ ചെറിയവരിൽ ഒരുവനു് ചെയ്യുമ്പോൾ നിങ്ങൾ എനിക്കു ചെയ്തു' എന്നു പിന്നീടു പറയുവാനിരിക്കുന്നവനാണ് ഈ പുൽത്തൊഴുത്തിൽ ദരിദ്രനായി ശയിക്കുന്നതു്. ക്രിസ്തുമതത്തിലടിയുറച്ച നീതിയാലും സ്നേഹത്താലുമല്ലാതെ ഇന്നത്തെ തൊഴിലാളി-മുതലാളിമത്സരങ്ങൾ ഒഴിവാക്കാമെന്നു വ്യാമോഹിക്കുന്നതു് എത്രയോ മൗഢ്യം. അവിടുന്ന് എല്ലാവരെയും ജാതിമതഭേദമെന്ന്യേ തന്റെ സമീപത്തേക്കു മാടിവിളിക്കുന്നു. എന്തെന്നാൽ അവിടുന്നു ദൈവമായതുകൊണ്ടു് എല്ലാവരുടെയും പിതാവാണ്. അവിടുന്ന് തൊഴിലാളിയേയും മുതലാളിയേയും ഒരുപോലെ തന്റെ പാർശ്വങ്ങളിലേക്കു ക്ഷണിക്കുന്നു. എന്തെന്നാൽ അവിടുന്ന് ഉന്നതനായ ദൈവവും ദരിദ്രരിൽ ദരിദ്രനായ തൊഴിലാളിയുമാണ്.

തൊഴിലാളി—മുതലാളിദ്വേഷത്തിലല്ല പൊതുനന്മയെ അഭിലഷിക്കുന്നതിലും അതിനായി അനുസ്യൂതം യത്നിക്കുന്നതിലുമാണ് സാമുദായികനീതിയടങ്ങിയിരിക്കുന്നതു്. തൊഴിലാളി മുതലാളികൾ വിരുദ്ധചേരികളിൽനിന്നു പടവെട്ടേണ്ടവരല്ല. പ്രത്യുത അവർ മനുഷ്യഗാത്രത്തിലെ വിവിധാവയവങ്ങൾപോലെ സമുദായത്തിന്റെ ഉന്നമനത്തിനു്—ഒരു നല്ല നാളെ—യെ

# ഭാരതത്തിലെ പ്രേഷിതസഭ

(എം. റ്റി. പോൾ, വരാപ്പുഴ)

ഒരു ക്രിസ്ത്യാനിയാകുക എന്നു വച്ചാൽ അപ്പൊസ്തോലികമായൊരു ജീവിതത്തിനു സന്നദ്ധനാകുകയെന്നാണു് അർത്ഥം കല്പിക്കേണ്ടതു്. ക്രിസ്തീയ തത്വം തികച്ചും പ്രേഷിതാത്മകമാണു് "സകലജാതികളോടും സുവിശേഷം പ്രസംഗിക്കുക." എന്നുള്ള ദിവ്യഗുരുവിന്റെ ആഹ്വാനത്തെ വിശ്വസ്തമാംവിധാ ശ്രവിക്കുമ്പോൾ അങ്ങിനെയൊരു നിഗമനത്തിലെത്താതെ നിവൃത്തിയില്ല. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷന്റെ 25–ാംവകുപ്പിൽ വ്യക്തമായി പ്രസ്താവിക്കുന്നതു പോലെ "പൊതുക്രമങ്ങൾക്കും, സാന്മാർഗ്ഗികത്വത്തിനും ആരോഗ്യത്തിനും വിധേയമായി" എല്ലാവർക്കും അവരവരുടെ മതം അനുവർത്തിക്കുന്നതിനും, അഭ്യസിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനും ഒരു പോലെ അവകാശമുണ്ടു്.

## ചരിത്രപരമായ പശ്ചാത്തലം

സാക്ഷാത്തായ അപ്പൊസ്തോലിക പരിശ്രമങ്ങളുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കുന്നതിനു് ഭാരതത്തിലെ പ്രേഷിതപ്രവർത്തനങ്ങളുടെ വിശദമായൊരു ചരിത്രപഠനത്തിനൊരുമ്പെടാതെതന്നെ, കഴിഞ്ഞ അമ്പതൊ അറുപതൊ വർഷങ്ങൾക്കു മുമ്പുള്ള പശ്ചാത്തല വിശദീകരണം പ്രയോജനപ്രദമായിരിക്കും. ഇരുപതാം നൂററാണ്ടിന്റെ ആരംഭദശയിൽ ഭാരതത്തെ സംബന്ധിച്ചിടത്തോളം വലിയ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടു്. ഭാരതദേശീയ പ്രബുദ്ധതയുടെ പുരോഗതിയും ഉണർവ്വും, ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള അസാധാരണമായ സ്വാതന്ത്ര്യസമരവും, നിശ്ചിതസമയത്തുള്ള സ്വാതന്ത്ര്യലബ്ധിയും, ഏകദേശം 500–ൽപരം നാട്ടുരാജ്യങ്ങളുടെ നിർമ്മാർജ്ജനവും, ന്യായപ്രമാണനിർമ്മാണവും, രണ്ടു മഹായുദ്ധങ്ങളും കേരളത്തിലെ കമ്മ്യൂണിസ്റ്റുഭരണവും ഈ കാലഘട്ടത്തിലെ മഹൽസംഭവങ്ങളാണു്. ഈ മഹൽ സംഭവങ്ങളുടെ മദ്ധ്യത്തിലൂടെ വിശിഷ്യാ 1960–നുശേഷം ഭാരതത്തിലെ കത്തോലിക്കാപ്രേഷിതപ്രവർത്തനം പലവിധത്തിലും പുരോഗതി പ്രാപിച്ചിട്ടുണ്ടു്. കത്തോലിക്കരുടെ ജനസംഖ്യ 1900–ൽ 20 ലക്ഷമായിരുന്നതു് 1950–ൽ 50 ലക്ഷമായും 1958–ൽ5,744,000 എന്നവിധത്തിലും വർദ്ധിച്ചിട്ടുണ്ടു്. ഏഷ്യൻ സ്ഥിതിഗതിക്കനുസരിച്ചു് വമ്പിച്ചൊരു പുരോഗതിയാണതു്. നമ്മുടെ പുരോഗതിയിൽ വളരെ പ്രാധാന്യമർഹിക്കുന്നതു് ദേശീയമായ മിഷ്യൻ പ്രവർത്തനവും ഹയരാർക്കി സ്ഥാപനവും, വൈദികരും, സന്യാസിനീസന്യാസികളുമാകുന്നു.

---

ഉയർത്തിയെടുക്കുവാൻ തോളോടുതോൾ ചേർന്നു പ്രവർത്തിക്കേണ്ടവരാണു്. ഇതിനു ദൈവവിശ്വാസത്തിലടിയുറച്ച നീതിയും, സ്നേഹവും, സാഹോദര്യവും ആസ്പദമാക്കി പ്രവർത്തിക്കുന്ന ഒരുദാരമനസ്ഥിതിയുള്ളവരാകണം നാം. മുതലാളിത്വത്തിന്റെ സുഖലോലുപതയേയും അതിനേററതായ അന്യായത്തേയും വച്ചുപുലർത്തിക്കൊണ്ടുപോകുവാനുള്ള അവിശ്രമപരിശ്രമത്തിന്റെയും, അതിന്റെ അന്യായത്തെ മാത്രമല്ല സ്വകാര്യഉടമയേ കൂടിമായിച്ചു കളയുവാനുദ്യമിക്കുന്ന വിപ്ളവകക്ഷികളുടെയും മദ്ധ്യേ അക്രമരാഹിത്യപരമായ നീതിയുടെയും സ്നേഹത്തിന്റെയും പ്രമാണങ്ങൾ ഉണ്ണിയീശോ നമുക്കു നൽകുന്നു. എല്ലാവർക്കുമായി നൽകപ്പെട്ടിരിക്കുന്ന ദൈവദാനമായ സ്വത്തെല്ലാം കയ്യടക്കി അനേകരുടെ ഭാവിയെ അനിശ്ചിതവും അന്ധകാരപൂർണ്ണവുമാക്കുന്ന ദുഷിച്ച മുതലാളിത്വം ഒരു വശത്തും, വിദ്വേഷം, അരക്ഷിതത്വം, ക്രമലംഘനം ഇവയെ അഴിച്ചുവിടുന്ന വിപ്ളവാത്മക കമ്യൂണിസം മറുവശത്തും നിന്നു് മൽപിടുത്തം നടത്തുന്നു. ജോലിയനുസരിച്ചു് വേതനം നൽകുവാൻ മുതലാളിയോടും, ദൈവസ്ഥാപിതമായ സാഹോദര്യത്തിനു് ഭംഗം വരുത്താതെ ഐകമത്യവും സഹകരണവും പുലർത്തുവാൻ തൊഴിലാളിയോടും പുൽക്കൂട്ടിലെ ഉണ്ണിയീശോ ആവും മട്ടലമായ സ്വരത്തിൽ ഉപദേശിക്കുന്നു തൊഴിലാളിയേയും മുതലാളിയേയും സംയോജിപ്പിക്കുന്ന പ്രേമതന്തുവാണവിടുന്നു. അവിടുത്തെ അഭിലാഷമനുസരിച്ചു ശാന്തിയും സമാധാനവും കൈവരുവാൻ അവിടുന്നു ലോകത്തെ കനിഞ്ഞനുഗ്രഹിക്കട്ടെ.

പൗരസ്ത്യറീത്തിലുൾപ്പെട്ട എട്ടുപേരുൾപ്പെടെ ഇപ്പോൾ 45 മെത്രാന്മാരാണ് നമുക്കുള്ളതു്. ലത്തീൻ റീത്തിലുള്ള ആദ്യത്തെ നാട്ടുമെത്രാന്റെ നിയമനം 1921–ൽ മാത്രമായിരുന്നുവെന്നു അനുസ്മരിക്കുമ്പോൾ ഇക്കാലത്തുണ്ടായിട്ടുള്ള പുരോഗതി ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. 1901–ൽ 1580 നാട്ടുപുരോഹിതന്മാർ മാത്രമാണുണ്ടായിരുന്നതു്. അവരിൽ ഭൂരിഭാഗവും പടിഞ്ഞാറൻ തീരങ്ങളിലായിരുന്നു. എന്നാൽ 1958-ലെ കണക്കനുസരിച്ചു് അവരുടെ സംഖ്യ 4977 ആയി വർദ്ധിച്ചു. ഇപ്പോൾ ആകെയുള്ള വൈദികരിൽ 75%വും നാട്ടുകാരാണ്. അതുപോലെ തന്നെ ആകെയുള്ള സന്യാസസഹോദരന്മാരിൽ 75%വും, സന്യാസിനിഗണത്തിൽ 88%വും ഭാരതീയരാണ്.

### നിർണ്ണായകപുരോഗതി

നിർണ്ണായകമായ പ്രസ്തുത പുരോഗതികളെല്ലാം കത്തോലിക്കാസഭ കൈക്കൊണ്ടിട്ടുള്ള സുനിശ്ചിത പരിപാടിയേയും, പ്രേഷിതപ്രവർത്തനലക്ഷ്യത്തിന്റെ യഥാർത്ഥ ചിത്രത്തേയും ചൂണ്ടിക്കാണിക്കുന്നു. ഇതു നിശ്ചിതമായ ഭാവി പുരോഗതിയുടെയും സ്ഥിരീകരണത്തിന്റെയും പ്രതീക്ഷാജനകമായ ലക്ഷണമാണ്. ഭാരതത്തിലങ്ങോളമിങ്ങോളമുള്ള വൈദികവിദ്യാലയങ്ങളും നവ സന്യാസ ഭവനങ്ങളും ഇതിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ്.

ഭാരതസ്വാതന്ത്ര്യലബ്ധിക്കുശേഷം കത്തോലിക്കാ ആശുപത്രികളും, അനാഥശാലകളും, വയോവൃദ്ധസങ്കേതങ്ങളും വളരെയധികമായ വർദ്ധിച്ചിട്ടുണ്ട്. അടിയന്തിരമായ പല ആവശ്യങ്ങളും നാം ഇനിയും അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. ചിരകാലപ്രതീക്ഷിതമായ കത്തോലിക്കാ മെഡിക്കൽകോളേജിന്റെ നിർമ്മാണം ഏതാണ്ട് നിശ്ചിതപൂർത്തിയിലെത്തിയിട്ടുണ്ടെന്നുള്ളതു് സന്തോഷപ്രദമായൊരു വസ്തുതയാണ്. ഈ മാർഗ്ഗത്തിലൂടെ നാം പ്രൊട്ടസ്റ്റാണ്ടുകാരോടൊപ്പം എത്തിച്ചേർന്നിട്ടില്ലായെന്നുള്ളതു് വാസ്തവം മാത്രമാണ്.

### സാമൂഹ്യവും ബുദ്ധിപരവുമായ പ്രേഷിതപ്രവർത്തനം.

കത്തോലിക്കാസഭ കാലത്തിനൊത്ത പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞാൽ പ്രത്യേകമായി സാമൂഹ്യമണ്ഡലത്തിൽ പ്രായോഗികമായ പല പരിപാടികളോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. കത്തോലിക്കാ കോളേജുകളിൽ, സാമൂഹ്യശാസ്ത്രസംബന്ധമായ പല പരിപാടികളും, പരിശീലനങ്ങളും നടന്നുവരുന്നു. ശരിയായ രൂപത്തിലുള്ള ഒരു നടപടിയാണതു്. സാമൂഹ്യസ്ഥാപനങ്ങളിൽനിന്നു്, സാമൂഹ്യപ്രശ്നങ്ങൾ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. സാമൂഹ്യപ്രവർത്തനപരിപാടികളും നിർവ്വഹിച്ചുവരുന്ന ഭാരതീയ ബുദ്ധിജീവികളുടെയിടയിൽ ക്രിസ്തുവിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനുപയുക്തമായ മറെറാരു മാർഗ്ഗമാണ്, 11 വർഷം മുമ്പ് പ്രവർത്തനമാരംഭിച്ച "അന്വേഷണ പ്രേഷിതപ്രസ്ഥാനം" (Enquiry Apostotate) എന്നതു്. ഇതുവഴി വളരെ ഫലമുളവാകയും കിഴക്കൻ രാജ്യങ്ങളിലേയ്ക്കു ഇതിന്റെ പ്രവർത്തനം വ്യാപിക്കുകയും ചെയ്തിട്ടുണ്ട്. Catholic Triuth Society യുടെ പ്രസിദ്ധീകരണങ്ങളും വളരെ ഫലപ്രദായകമായിട്ടുണ്ട്.

അഭിവന്ദ്യമെത്രാന്മാരുടെ നിയന്ത്രണത്തിൽ കാര്യക്ഷമമായ കത്തോലിക്കാപ്രവർത്തനവും പ്രേഷിതജോലികളും നിർവ്വഹിക്കപ്പെടുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ ലീജിയൻ ഓഫ് മേരി, സൊഡാലിററി എന്നീ ഭക്തസഖ്യതകൾ വമ്പിച്ചസേവനങ്ങൾ ചെയ്തുവരുന്നുവെന്നുപറയാം. അൽമായ കത്തോലിക്കരുടെ സംഘടനയായ 'കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യാ' കത്തോലിക്കരുടെ അവകാശസംരക്ഷണത്തിനുവേണ്ടി വളരെയധികം പ്രവർത്തിച്ചുവരുന്നുണ്ട്.

### പ്രതീക്ഷയ്ക്കുവകാശം.

സുവിശേഷപ്രചരണത്തെ സംബന്ധിച്ചിടത്തോളം പ്രതീക്ഷയ്ക്കു വിപരീതമായിത്തന്നെ ദൈവപരിപാലനയിൽ സംഭവിച്ച ചില വസ്തുതകൾ ഇത്തരുണത്തിലനുസ്മരണീയമാണ്. രണ്ടു മഹായുദ്ധങ്ങൾ നാശകാരണമായിരുന്നുവെങ്കിലും അതിവേഗത്തിലുള്ള ഭാരതീയ മിഷ്യൻപ്രവർത്തനത്തിന്റെ ആവശ്യത്തേയും ഔചിത്യത്തേയും ശക്തിയുക്തം വിളിച്ചറിയിച്ചിട്ടുണ്ട്. 1947-ലുണ്ടായ ഭാരതസ്വാതന്ത്ര്യസമ്പാദനം ഇക്കാര്യത്തിൽ വളരെ സഹായപ്രദമായിട്ടുണ്ട്. ഒന്നാമതായി കോൺസ്റ്റിറ്റ്യൂഷൻതന്നെ ക്രിസ്തീയതത്വങ്ങളിലധിഷ്ഠിതമാംവിധമാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. അവരവരുടെ മതം അനുസരിക്കുന്നതിനും പ്രചരിപ്പിക്കുന്ന

# നിങ്ങൾ എന്തിനൊരു വൈദികനാകാൻ ആഗ്രഹിക്കുന്നു

(ചെറിയതുറ എക്സ്. ഫ്രഡി ഡിസിൽവ)

ഞാനെന്തിനൊരു വൈദികനാകാൻ ആഗ്രഹിക്കുന്നു? ഈ ചോദ്യം എന്നോടുതന്നെ പല പ്രാവശ്യവും ചോദിക്കുകയുണ്ടായി. അതേ, 2000 വർഷങ്ങൾക്കുമുമ്പ് ക്രിസ്തുനാഥൻ നൽകിയ ആ ആദർശം അതിനുത്തരം തരും. ആത്മാക്കളെ രക്ഷിക്കുക, സാധുക്കളെ സഹായിക്കുക, എൻെറ ആത്മരക്ഷയ്ക്കുവേണ്ടി മാത്രമല്ല, പിന്നെയോ അനേകായിരങ്ങളുടെ ആത്മരക്ഷയ്ക്കുവേണ്ടി. അനേകം ആത്മാക്കളെ രക്ഷിക്കുക, ദൈവത്തെ സ്നേഹിക്കുക, ലോകത്തിനും ജനങ്ങൾക്കും നന്മ ചെയ്യുക, അക്രൈസ്തവരെ ക്രിസ്തുമതത്തിലാക്കാൻ ശ്രമിക്കുക, അവശരേയും, ആലംബഹീനരേയും സ്നേഹിക്കുക, മാറോടണച്ചാശ്ലേഷിക്കുക — ഇതിനെല്ലാം ഈ പദവി ഞാനിഷ്ടപ്പെടുന്നു:

യേശുക്രിസ്തുവിൻെറ മുന്തിരിത്തോപ്പിൽ വേല ചെയ്ത് അദ്ദേഹത്തെ സഹായിക്കാൻ ഞാൻ വെമ്പൽ കൊള്ളുന്നു. ക്രിസ്തുനാഥൻെറ ശുശ്രൂഷകനാകേണ്ട ഭാഗ്യം ലഭിക്കുകയെന്നുള്ളത് എത്ര മഹത്തരം? വൈദികജീവിതം—അതിനു തുല്യമായ ഒരു ജീവിതം ലോകത്തിലില്ല—ആരും അർഹിക്കുന്നില്ല. ചില ഭാഗ്യവാന്മാർ മാത്രം ദൈവികകാരുണ്യത്തിൻെറ അത്ഭുതശക്തിയാൽ അതിലേക്കാകർഷിക്കപ്പെടുന്നു, പ്രത്യേകിച്ച് അന്യരുടെ പ്രാർത്ഥനവഴി. വിശുദ്ധിയുടെ ബലിപീഠത്തിൽ വസിക്കുന്നവനാണു ദൈവം. അവിടുത്തെ ശുശ്രൂഷകനാണു പുരോഹിതൻ. പുരോഹിതനാകുന്നതിനു ദൈവവിളി അവശ്യാവശ്യമാണ്. ദൈവാഹ്വാനം കൂടാതെ യാതൊരുത്തർക്കും പുരോഹിതനാകുക സാധ്യമല്ല. വിശുദ്ധന്മാർക്കുപോലും ഇക്കാര്യത്തിൽ ഭയമുണ്ടായിരുന്നുവെന്ന് ഗ്രന്ഥങ്ങൾ പറയുന്നുണ്ട്. മററുള്ളവർക്കുവേണ്ടിയായിരിക്കണം ഒരു വൈദികൻെറ ജീവിതം, വൈദികനാകുന്നതിനു ദൈവവിളി അത്യാവശ്യമാണ്. ദൈവവിളിയുടെ ലക്ഷണങ്ങൾ മൂന്നാണ്.

## 1. നിയോഗശുദ്ധി

തിരുസ്സഭ ഒരു വൈദികാർത്ഥിയിൽ നിന്ന് ആവശ്യപ്പെടുന്ന ഒന്നാമത്തെ ലക്ഷണമാണ് ശുദ്ധനിയോഗം. ആ അന്തസ്സിൽ പ്രവേശിക്കുന്നതിന് ഒരു നേരായ മാർഗ്ഗമാണിതു്. ദൈവത്തെ അടുത്തു ശുശ്രൂഷിക്കുന്നതിനും, ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടിയായിരിക്കണം ഓരോ പുരോഹിതനും മുതിരേണ്ടതു്.

## 2. പര്യാപ്തത

ദൈവവിളിയുടെ രണ്ടാമത്തെ ലക്ഷണം ശാരീരികവും, മാനസികവും, ആത്മികവുമായ പര്യാപ്തതയാണ്.

---

തിനും അതു വ്യക്തമായ അനുവാദം നൽകുന്നു. മതപരമായ ന്യൂനപക്ഷങ്ങൾക്ക് സ്കൂളുകൾ നടത്തുന്നതിനും, ഗവണ്മെൻറുസഹായം ലഭിക്കുന്നതിനും അതു വ്യവസ്ഥ നൽകുന്നുണ്ട്. മനുഷ്യൻെറ മാഹാത്മ്യത്തെ വ്യക്തമായി മനസ്സിലാക്കിക്കൊണ്ട് അതിനു വിരുദ്ധമായ ദുഷിച്ച സാമൂഹ്യതത്വങ്ങളെ അതു നിരോധിക്കുന്നു.

സർവ്വപ്രധാനമായി ഇന്ത്യൻ യൂണിയൻെറ ഭരണാധികാരികളിൽ ഉന്നതനിലയിലുള്ളവർ കത്തോലിക്കാസേവനങ്ങളേയും പരിപാടികളേയും അനുകൂലമനോഭാവത്തോടെയാണ് വീക്ഷിച്ചു വരുന്നതു് ക്രൈസ്തവ മിഷനറിമാരുടെ നിസ്വാർത്ഥസേവനങ്ങളെപ്പററി അങ്ങനെയുള്ള മഹാത്മാക്കൾ അനുമോദനവർഷങ്ങൾ തന്നെ ചൊരിഞ്ഞിട്ടുണ്ട്. ഇതെല്ലാം ഭാവിശ്രേയസ്സിൻെറ ഉത്തമ ലക്ഷ്യങ്ങളാണ്.

'ഭാരതമേ നിൻെറ രക്ഷ നിൻെറ സന്താനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു'വെന്നുള്ള ഭാഗ്യസ്മരണാർഹനായ 13–ാം ലെയോ മാർപ്പാപ്പായുടെ ആഹ്വാനത്തെ ചെവിക്കൊണ്ടുകൊണ്ട് ക്രിസ്തുവിൻെറ മുന്തിരിത്തോപ്പിൽ ചുറുചുറുക്കോടെ ജോലി ചെയ്യുവാൻ കേരള ക്രൈസ്തവ യുവസത്തമന്മാർ സന്നദ്ധരാവട്ടെ.

ആരോഗ്യവും, ദൈവശുശ്രൂഷയിലും ആത്മാക്കളുടെ രക്ഷയിലുമുള്ള തീക്ഷ്ണതയും പൗരോഹിത്യത്തിന് ആവശ്യമാണ്. വൈദികജീവിതത്തിന് അനുയോജ്യമായ ചില ഗുണങ്ങളെയത്രേ പര്യാപ്തത കൊണ്ടു വിവക്ഷിക്കുന്നത്. പഠനത്തിൽ സമർത്ഥനും, സ്വഭാവം കൊണ്ട് എത്ര വിശിഷ്ടനുമായിരുന്നാലും വൈദികജീവിതത്തിനുള്ള ആരോഗ്യമില്ലെങ്കിൽ ദൈവവിളി ഇല്ലെന്നുവേണം അനുമാനിക്കുവാൻ. നല്ല ആരോഗ്യം, ബുദ്ധിശക്തി, വിശുദ്ധി ഇവ ഒരു വൈദികന്റെ വിശിഷ്ട ഗുണങ്ങളായിരിക്കണം. മിശിഹായുടെ മുന്തിരിത്തോപ്പിൽ ജോലിചെയ്യാൻ ആഗ്രഹം മാത്രം പോരാ. ഈദൃശഗുണങ്ങളും ആവശ്യമാണ്. "ദൃഢഗാത്രത്തിൽ ദൃഢമാനസം" എന്ന ആപ്തവാക്യം തികച്ചും വാസ്തവമാണ്. ആരോഗ്യത്തിനുമേൽ സമ്പത്തില്ല, ഹൃദയാനന്ദത്തിനുമേൽ ആനന്ദവുമില്ല, എന്നല്ലേ പറയപ്പെടുന്നത്?

വൈദികജീവിതം അഭിലഷിക്കുന്ന ഓരോ വ്യക്തിയും ഒരു കാര്യം ഓർക്കണം. പൗരോഹിത്യം തനിക്കു വേണ്ടിയല്ല. പിന്നെയോ, മിശിഹായോടുള്ള അപാര സ്നേഹത്തെക്കുറിച്ച് മററുള്ളവർക്കായി സ്വയം ഉഴിഞ്ഞുവച്ചുള്ള ഒരു ജീവിതമാണ് വൈദികന്റേത്. അന്യർ വിശ്രമിക്കുകയും, നിദ്രാധീനരായിരിക്കുകയും ചെയ്യുന്ന അർദ്ധരാത്രിയിൽപോലും വിശ്രമരഹിതനായി ജോലി ചെയ്യുന്നതിനു വേണ്ടിയാണ് നീയൊരു വൈദികനാകാൻ ആഗ്രഹിക്കുന്നത് എന്നോർത്തുകൊള്ളണം. ജീവിതനൈർമ്മല്യത്തിന്റെ ആകെത്തുകയായിരിക്കേണ്ട ഒരു ജീവിതാവസ്ഥയാണ് പൗരോഹിത്യം. പുരോഹിതൻ എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ പ്രതിപുരുഷൻ എന്നാണ്. ക്രിസ്തുനാഥൻ ഗാഗുൽത്താമലയിൽ നടത്തിയ ദിവ്യബലി അനുദിനം അൾത്താരകളിൽ അർപ്പിക്കുന്ന ഭാഗ്യം ലഭിക്കുമെന്നുള്ളതിൽ ഞാനഭിമാനം കൊള്ളുന്നു. വിശ്വാസികളിൽ വിശുദ്ധിക്ക് അടിത്തറ പാകേണ്ടതും അവർക്ക് സുകൃതസമ്പാദനത്തിന് പരിശീലനം നൽകേണ്ടതും ഒരു വൈദികന്റെ കടമയല്ലേ? ഇതിനൊക്കെ പുരോഹിതൻ തീർച്ചയായും ഒരു പുണ്യവാനായിരിക്കണം. പുരോഹിതവൃത്തിയും, സന്യാസജീവിതവുമൊക്കെ പരിത്യാഗത്തിന്റേയും, സംയമനത്തിന്റേയും ഒരു ജീവിതമാണ്. ആത്മസംയമനശക്തർക്കും ത്യാഗസമ്പന്നർക്കുമുള്ളതാണ് പൗരോഹിത്യം.

## 3. മെത്രാന്റെ വിളി

മെത്രാന്റെ വിളിയെന്നു പറയുമ്പോൾ സഭയുടെ ഔദ്യോഗികമായ തിരഞ്ഞെടുപ്പാണെന്നു വേണം മനസ്സിലാക്കുവാൻ. ദൈവത്തിന്റെ പ്രേരണപോലെ തന്നെ സഭയുടെ ബാഹ്യമായ തിരഞ്ഞെടുപ്പുകൂടി ദൈവവിളിയുടെ പൂർണ്ണതയ്ക്കു് അനുപേക്ഷണീയമാകുന്നു. ആകയാൽ നിയോഗശുദ്ധി, പര്യാപ്തത ഇവ സുദീർഘവും, കൂലങ്കഷവുമായ പര്യാലോചനയ്ക്കുശേഷം ജീവിതനൈർമ്മല്യത്തോടുകൂടി ആരിൽ തെളിഞ്ഞുകാണുന്നുവോ ആ അർത്ഥിയെ തിരുമേനി തിരഞ്ഞെടുക്കുകയാണെങ്കിൽ അയാൾക്ക് യഥാർത്ഥ ദൈവവിളിയുണ്ടെന്ന് അനുമാനിക്കാം.

അവശരേയും, ആലംബഹീനരേയും മാറോടണച്ചാശ്ലേഷിച്ചവനും, രോഗികൾക്ക് ആരോഗ്യവും, കുരുടർക്ക് കാഴ്ചയും പ്രദാനം ചെയ്യുവനുമായ ആ നിർമ്മല നാഥന്റെ ശുശ്രൂഷകനാകേണ്ട ഭാഗ്യം ലഭിക്കുന്നതിനു ഞാൻ വൈദികപദവി ഇഷ്ടപ്പെടുന്നു.

ദൈവവിളി സ്വർഗ്ഗത്തിൽ നിന്നും അടർന്നുവീഴുന്ന ഒന്നല്ല. മിശിഹായുടെ പീഡാനുഭവങ്ങളുമായി യോജിച്ച് ലോകത്തിന്റെ പാപങ്ങളെ പരിഹരിക്കുന്നതിനും കൂടിയാണ് ഞാനീപദവി ഇഷ്ടപ്പെടുന്നത്. സർവ്വശക്തനായ നല്ല ഈശോയുടെ അനുഗ്രഹമുണ്ടെങ്കിൽ തീർച്ചയായും ഈ പദവിക്ക് നാം അർഹരാണ്. അനന്തമായി നമ്മെ സ്നേഹിച്ചിരുന്ന ഈശോയെ യൂദർ അടിച്ചു, മുറിവേല്പിച്ചു, മുൾമുടി ധരിപ്പിച്ചു, അവിടുത്തെ തിരുവസ്ത്രം ഉരിഞ്ഞെടുത്ത് നഗ്നനാക്കി പരിഹസിച്ചു, ഹൃദയം കുത്തിപിളർന്നു—ഇങ്ങനെ പലതും ദുഷ്ടർ ചെയ്തു. അയ്യോ! ഭയങ്കരം എനിക്കതോർക്കുമ്പോൾ സഹിക്കവയ്യ. സർവ്വലോക നിയന്താവായ ദൈവത്തിന്റെ ഉടുതുണിപോലും അഴിച്ചുമാററുക. അതോർക്കുമ്പോൾ അതിനു പരിഹാരമായി എന്തും സഹിക്കുവാൻ ഞാൻ തയ്യാറാണ്.

പ്രശസ്തി, ധനം, കുടുംബം, സൗന്ദര്യം, സ്വാധീനം ഇവയൊന്നും എനിക്കാവശ്യമില്ല. സർവ്വശക്തനായ എന്റെ നാഥനെ നഗ്നനാക്കിയ ഈ ലോകത്തിന്റെ കൃതഘ്നത എത്രമാത്രം! ഈ വേദനിക്കുന്ന സ്മരണയാണ് ദൈവവിളിയ്ക്കു പററിയ പ്രചോദനം. യഥാർത്ഥത്തിൽ ദൈവത്തെ അറിഞ്ഞ്,

# വിശുദ്ധകളുടെ പേരുകൾ

(തുടർച്ച)

(ഫാ. ഫിലിപ്പ്, ഒ. സി. ഡി.)

(56) കെലിഡോണിയാ: കന്യക. തിരുനാൾ: ഒക്ടോബർ 13. ഇററലിയിൽ സുബിയാക്കോ എന്ന സ്ഥലത്തു ജീവിതം നയിച്ചു വിശുദ്ധി പ്രാപിച്ചു.

(57) കിയോണിയാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ; ഏപ്രിൽ 3. ഡയക്ലേഷ്യൻ ചക്രവത്തിയുടെ കാലത്തു് തെസ്സലോനിക്കാ എന്ന പട്ടണത്തിൽ വച്ചു് സ്വസഹോദരിയായ അഗാപ്പെയോടൊന്നിച്ചു് സത്യവേദത്തെപ്രതി മരണം കൈവരിച്ചു.

(58) ക്രിസ്റ്റേററാ: രക്തസാക്ഷിണി. തിരുനാൾ: ഒക്ടോബർ 27. സ്പെയിനിൽ ആബുലാ

---

സ്നേഹിച്ചു്, അവിടുത്തേയ്ക്കു് ശുശ്രൂഷ ചെയ്തു് നിത്യമായി രക്ഷപ്രാപിക്കുക; എന്ന ജീവിതലക്ഷ്യം സാധിക്കുന്നതിൽ ഞാൻ കൃതാർത്ഥനാണു്. ഒരു വ്യക്തിയെ നിർബന്ധിച്ചു് വൈദികാന്തസ്സിൽ പ്രവേശിപ്പിക്കുന്നതു് ഒട്ടും ഉചിതമല്ല. മാതാപിതാക്കൾപോലും അതിനു മുതിരരുതു്. സ്വതന്ത്രമായിട്ടു വേണം ഈ പദവി കരസ്ഥമാക്കേണ്ടതു്. കർമ്മ: കിങ്കരന്മാരെ ആട്ടിപ്പായിക്കുന്നതിനും, അനേകം അജ്ഞാനികളെ സത്യവേദം പഠിപ്പിച്ചു് അവക്കു് ജ്ഞാനസ്നാനം നൽകുന്നതിനുമായിട്ടാണു് വൈദികവിദ്യാർത്ഥികൾ ഇതിലേക്കു വെമ്പൽ കൊള്ളുന്നതെന്നു ഞാൻ വിശ്വസിക്കുന്നു കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു് അനേകായിരങ്ങളെ മാറോടണച്ചാശ്ലേഷിച്ച ആ ദിവ്യഗുരുവിൻെറ ചൊല്ലടികളെ കർമ്മ: കാക്കു് പറഞ്ഞുകൊടുത്തു് അവരുടെ അവിവേകങ്ങളെ ഇല്ലാതാക്കുന്നതിനു് ഞാനീപദവി ഇഷ്ടപ്പെടുന്നു. കുരിശിൽ നിന്നു് ഒരേ ഒരു ആഗ്രഹം ആ നല്ല നാഥൻ നമ്മേ അറിയിക്കുന്നു. അതു നാം ശ്രവിക്കുന്നുണ്ടോ? "എനിക്കു ദാഹിക്കുന്നു"യെന്നു്. എന്തിനുള്ള ദാഹമാണതു്? പ്രപഞ്ചത്തെ മുഴുവനും വിരൽതുമ്പത്തു നിറുത്തുവാൻ കെല്പുള്ള സർവശക്തൻ കുരിശിൽ കിടന്നുകൊണ്ടു യാചിക്കുന്നതു് ഭൂമിയിൽനിന്നും ഊറിവരുന്ന ജലമാണോ? അല്ല നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽനിന്നും ഊറിവരുന്ന മാധുര്യമായ സ്നേഹജലമാണു് യാചനാസ്വരത്തിൽ ഈശ്വരൻ നരകുലത്തോടു് ആവശ്യപ്പെടുന്നതു്. അതേ, സകലത്തിൻെറയും അധിപൻ നമ്മോടാവശ്യപ്പെടുന്നതു് പാവനാത്മാക്കളെയാണു്. അതാണു് ജഗന്നിയന്താവിനാവശ്യം.

മനുഷ്യരെ സ്നേഹിക്കുകയും, സേവിക്കുകയും ചെയ്തതിനു് അവനെ ക്രൂശിക്കണമെന്നു് യൂദവംശം ആർത്തിരമ്പി. മനുഷ്യനെ സഹോദരാ എന്നു വിളിച്ചതിനു്, കൊള്ളരുതായ്മകളേയും, വൃത്തികേടുകളേയും ചൂണ്ടിക്കാണിച്ചു് അവയ്ക്കു പരിഹാരം കല്പിച്ചതിനു്, മരിച്ചവക്കു ജീവൻ നൽകിയതിനു്, അന്ധനു് അനശ്വരവെളിച്ചം കാണിച്ചുകൊടുത്തതിനു്, ബധിരൻെറ ശ്രവണപുടങ്ങളെ പരിപാവനമാക്കിയതിനു്, മുടന്തനെ സുഖപ്പെടുത്തിയതിനു്, അദ്ധ്വാനിക്കുന്നവരേയും ഭാരം ചുമക്കുന്നവരേയും മാടിവിളിച്ചതിനു്, വിശക്കുന്നവർക്കും, ദാഹിക്കുന്നവർക്കും ആഹാരപാനീയങ്ങൾ നൽകിയതിനു്, പണക്കാരോടു് പാവപ്പെട്ടവനു സഹായഹസ്തം നീട്ടി കൊടുക്കാൻ പറഞ്ഞതിനു്—ഇതിനെല്ലാം ഈശോയ്ക്കു് മനുഷ്യൻ കൊടുത്ത സമ്മാനം എന്താണെന്നോ? നന്ദിഹീനതയുടെ കാരിരുമ്പാണികളും, മനുഷ്യത്വമില്ലായ്മയുടെ മുൾക്കിരീടവും. നിയമത്തിൻെറ മൂടുപടമണിഞ്ഞ മനുഷ്യൻെറ അജ്ഞത! ഇതിൻെറയെല്ലാം ഫലമായി മിശിഹാരാജനിതാ ക്രൂശിതനായി. ആർക്കുവേണ്ടി? എന്തിനുവേണ്ടി? അതേ ഒരേ ഒരു സമാധാനമേ അതിനുള്ളൂ. തൻെറ അരുമമക്കളെ പാപത്തിൽ നിന്നു മോചിപ്പിച്ചു് എന്നന്നേയ്ക്കുമുള്ള പറുദീസാ നൽകുന്നതിനുവേണ്ടി ഇതിനെല്ലാം പരിഹാരം കണ്ടെത്തുന്നതിനാണു് നാം വൈദികപദവി ഇഷ്ടപ്പെടുന്നതു്. അതിനു ദിവ്യനാഥൻ നമ്മെ അനുഗ്രഹിക്കട്ടെ.

എന്ന സ്ഥലത്തു നടന്ന ഒരു വേദതെക്കകാലത്തു് വിൻസെൻറ്, സബീനാ എന്നു രണ്ടു കൂട്ടകാരോടൊന്നിച്ചു സ്വജീവൻ ബലിസമർപ്പിച്ചു

(59) ക്രിസ്റ്റീനാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: മാർച്ച് 13. പേർസ്യാ രാജ്യത്തുണ്ടായ ഒരു വേദതെരുക്കത്തിൽ രക്തസാക്ഷിമകുടം പ്രാപിച്ചു.

(60) സിലീനിയാ: വിവാഹിത. തിരുനാൾ: ഒക്ടോബർ 21. ഫ്രാൻസ് രാജ്യത്തിൻെറ പ്രേഷിതനായിരുന്ന വി. റെമീജിയസ് എന്ന വിശുദ്ധൻെറ അമ്മ. വൈവാഹികജീവിതത്തിലും വിശുദ്ധി സാദ്ധ്യമാണെന്നു തെളിയിച്ചു,

(61) ക്ലാര: കന്യക. തിരുനാൾ: ആഗസ്റ്റ് 12. അസ്സീസിയിൽ ജീവിച്ചു. വി. ഫ്രാൻസിസിനെ അനുകരിച്ചു ദാരിദ്ര്യം കൈവരിച്ചു. ക്ലാരസഭ സ്ഥാപിക്കുകയും, വിശുദ്ധിയുടെ പരിമളം ലോകമാസകലം വ്യാപിപ്പിച്ചുകൊണ്ടു് ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു.

(62) ക്ലാവുഡിയാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: മെയ് 18. ഗലാസിയാ എന്ന ദേശത്തു് അൻസീറാ എന്ന പട്ടണത്തിൽ വച്ചു് വേറെ ആറു കന്യകകളോടൊന്നിച്ചു വേദസാക്ഷിത്വം കൈവരിച്ചു

(63) കോയിറതാ: രക്തസാക്ഷിണി. തിരുനാൾ: ഫെബ്രുവരി 8. ഡേഷ്യസ് ചക്രവർത്തിയുടെ കാലത്തു് അലക്സാൻഡ്രിയാ പട്ടണത്തിൽ വച്ചു് സത്യവിശ്വാസത്തെപ്രതി മരണം പ്രാപിച്ചു

(64) കൊള്ളേത്താ: കന്യക തിരുനാൾ: മാർച്ച് 6. ബൽജിയത്തിൽ ഗെൻറ് എന്ന പട്ടണത്തിൽ ജീവിച്ചു. ആദ്യം ഫ്രാൻസിസ്സൻ മൂന്നാംസഭാംഗമായിരുന്നു. പിന്നീടു് രണ്ടാം സഭാംഗമാകുകയും ആ സഭയെത്തന്നെ പുനരുദ്ധരിക്കുകയും ചെയ്തു.

(65) ക്ലോട്ടിൽഡു്: രാജ്ഞി. തിരുനാൾ: ജൂൺ 3. അവളുടെ പ്രാർത്ഥനാഫലമായി ഫ്രാൻസിൻെറ രാജാവായിരുന്ന സ്വഭർത്താവു് ക്ലൊഡൊവേയസ്, ക്രിസ്തുമതം സ്വീകരിച്ചു.

(66) കൊളുംബാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഡിസംബർ 31. സെനോനാ എന്ന ദേശത്തു് ഔറേല്യൻ ചക്രവർത്തിയുടെ കാലത്തു്. ക്രിസ്തീയ വിശ്വാസത്തെപ്രതി അഗ്നിയിൽ ദഹിപ്പിക്കപ്പെട്ടു.

(67) കൊൺസെസ്സാ: രക്തസാക്ഷിണി. തിരുനാൾ: ഏപ്രിൽ 8. ആഫ്രിക്കയിൽ കർത്താഗോ എന്ന സ്ഥലത്തു് രക്തസാക്ഷിണിയായി മരിച്ചു.

(68) കൊൺകോർദിയാ: രക്തസാക്ഷിണി. തിരുനാൾ: ആഗസ്റ്റ് 13. വലേറിയൻ ചക്രവർത്തിയുടെ കാലത്തു് റോമാപ്പട്ടണത്തിൽ വച്ചു് രക്തസാക്ഷിത്വമകുടം സമ്പാദിച്ചു.

(69) കൊൺസോർസിയാ: കന്യക. തിരുനാൾ: ജൂൺ 22. ഫ്രാൻസിൽ ക്ളൂണി എന്ന സ്ഥത്തു് ജീവിച്ചു് പുണ്യപദവിയിലെത്തി.

(70) കൊൺസ്റ്റാൻസിയാ: കന്യകയും രക്തസാക്ഷിണയും. തിരുനാൾ: സെപ്റ്റംബർ 19. ന്യൂസേറിയാ എന്ന സ്ഥലത്തു് നീറോ ചക്രവർത്തിയുടെ കാലത്തു് രക്തം ചിന്തി ജീവൻ സമർപ്പിച്ചു

(71) കോർഡുളാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഒക്ടോബർ 22. ജർമ്മനിയിൽ ഉർസുളാ എന്ന കന്യകയുടെ കൂടെ ജീവിച്ചിരുന്നു. ഉർസുളായും, അവളുടെ പുത്രികളും പീഡകൾ സഹിക്കുന്നതു കണ്ടു് അവൾ ഒളിച്ചോടി. എന്നാൽ പിറേറദിവസം തൻെറ പ്രവൃത്തിയെപ്പററി പശ്ചാത്തപിച്ചു്, തിരിച്ചുവന്നു് രക്തസാക്ഷിത്വം കൈവരിച്ചു.

(72) കൊർണേലിയാ: രക്തസാക്ഷിണി. തിരുനാൾ: മാർച്ച് 31. ആഫ്രിക്കയിൽ, വേറെ പലരോടൊന്നിച്ചു് സത്യവിശ്വാസത്തെപ്രതി മരണം പ്രാപിച്ചു.

(73) കൊറോനാ: രക്തസാക്ഷിണി. തിരുനാൾ: മെയ് 14. അൻെറനീനസ് ചക്രവർത്തിയുടെ കാലത്തു് സിറിയായിൽ മതവിശ്വാസത്തെപ്രതി ജീവൻ വെടിഞ്ഞു. കൊറോനാ എന്ന വാക്കിൻെറ അർത്ഥം മുടി എന്നാകകൊണ്ടു്, ന. അമ്മ കന്യകാമറിയം സ്വർഗ്ഗത്തിൽ മുടി ചൂടപ്പെട്ട ദിനമായ ആഗസ്റ്റ് 15–ാം തീയതിയും, ഈ പേരുകാർ സ്വന്ത നാമഹേതുക തിരുനാളായിക്കരുതാറുണ്ടു്.

(74) ക്രെഷെൻസിയാ: രക്തസാക്ഷിണി. തിരുനാൾ; ജൂൺ_15. ഇററലിയിൽ, ലുക്കാനിയ എന്ന പട്ടണത്തിൽ, സത്യവേദത്തെപ്രതി മരണം പ്രാപിച്ചു.

(75) ക്രെഷെൻസിയാനാ: രക്തസാക്ഷിണി. തിരുനാൾ: മേയ്-5. റോമാപ്പട്ടണത്തിൽ സത്യവിശ്വാസത്തെപ്രതി ജീവൻ അർപ്പിച്ചു.

(76) ക്രിസ്റ്റീനാ: രക്തസാക്ഷിണി. തിരുനാൾ: ഡിസംബർ-5; ന്യൂമീഡിയായിൽ, തെബെസ്ത്തെ എന്ന സ്ഥലത്തുവച്ചു ക്രിസ്തുനാഥനെപ്രതി ശിരച്ഛേദനം ചെയ്യപ്പെട്ടു.

(77) കുനെഗുണ്ടിസ്: കന്യക. തിരുനാൾ; മാർച്ച്-3; റോമൻചക്രവർത്തിയായിരുന്ന ഹെൻറി ഒന്നാമന്റെ ഭാര്യയായിരുന്നെങ്കിലും, ആ വിശുദ്ധനോടൊന്നിച്ചു, നിത്യ കന്യാത്വം പാലിച്ചു.

(78) സീറാ: രക്തസാക്ഷിണി. തിരുനാൾ: ആഗസ്റ്റ് 3. സിറിയായിൽ. ബേരെയാ എന്ന സ്ഥലത്തുവച്ച് സത്യവിശ്വാസത്തെപ്രതി ജീവൻവെടിഞ്ഞു.

(79) സിറേനിയാ: രക്തസാക്ഷിണി. തിരുനാൾ: നവംബർ-1 മാക്സിമിയൻ ചക്രവർത്തിയുടെ കാലത്ത്, താർസീസ് എന്ന സ്ഥലത്തുവച്ച് രക്തസാക്ഷിമകുടം പ്രാപിച്ചു.

(80) സീറിയാ: രക്തസാക്ഷിണി. തിരുനാൾ; ജൂൺ-5. പലസ്തീനായിൽ സെസാരേയാ എന്ന സ്ഥലത്തുവച്ച്, വേറെ ചില കന്യകകളോടൊന്നിച്ച് സത്യവിശ്വാസത്തെപ്രതി പീഡകൾ സഹിച്ചു മരണം പ്രാപിച്ചു.

(81) സിറിയക്കാ: രക്തസാക്ഷിണി. തിരുനാൾ; മാർച്ച്-20 സിറിയാരാജ്യത്ത് ജീവിച്ചു അവിടെവച്ചുതന്നെ മററ് ചില ക്രിസ്ത്യാനികളോടൊന്നിച്ച് ക്രിസ്തുനാഥനെപ്രതി രക്തസാക്ഷിത്വം കൈവരിച്ചു.

(82) സിറില്ലാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ. ഒക്ടോബർ 28. ക്ലാവ്ഡിയർ ചക്രവർത്തിയുടെ കാലത്ത് റോമാപ്പട്ടണത്തിൽ രക്തം ചിന്തി മരണം പ്രാപിച്ചു.

(83) ദഫ്രോസ: രക്തസാക്ഷിണി. തിരുനാൾ; ജനുവരി-4. റോമിൽ ജൂലിയൻ ചക്രവർത്തിയുടെ കാലത്ത് വേദത്തെപ്രതി മരണം കൈവരിച്ചു.

(84) ദാരിയാ: രക്തസാക്ഷിണി. തിരുനാൾ; ഒക്ടോബർ-25. റോമിൽ നുമേരിയൻ ചക്രവർത്തിയുടെ കാലത്ത്, സ്വഭർത്താവായ ക്രീസാന്തസ്സിനോടൊന്നിച്ച് രക്തം ചിന്തി മരണം കൈവരിച്ചു.

(85) ദമേത്രിയാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ ജൂൺ-22. റോമിൽ, ജൂലിയൻ ചക്രവർത്തിയുടെ കാലത്ത് സത്യവിശ്വാസത്തെപ്രതി മരണം പ്രാപിച്ചു.

(86) ദർഹൂത്താ: രക്തസാക്ഷിണി. തിരുനാൾ; മാർച്ച്-20. അലെക്സാന്ത്രാ എന്ന കന്യകയോടൊന്നിച്ച് അമീസി എന്ന സ്ഥലത്തുവച്ചു, രക്തസാക്ഷിമകുടം പ്രാപിച്ചു.

(87) ദീഞ്ഞാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ; ജൂൺ-14. സ്പെയിനിൽ കോർഡോബാ എന്ന സ്ഥലത്ത് അനസ്താസിയാ എന്ന കന്യകയോടൊന്നിച്ച് സത്യവിശ്വാസത്തെപ്രതി ജീവൻ സമർപ്പിച്ചു.

(88) ദിയോനിസിയാ: രക്തസാക്ഷിണി. തിരുനാൾ; ഡിസംബർ-12. ഡേഷ്യൻ ചക്രവർത്തിയുടെ കാലത്ത് അലക്സാണ്ട്റിയായിൽ സത്യവേദത്തിനുവേണ്ടി മരണം പ്രാപിച്ചു,

(89) ദോദാ: കന്യക. തിരുനാൾ; ഏപ്രിൽ 24. ഫ്രാൻസിൽ റെയിംസ് എന്ന സ്ഥലത്തു ജീവിച്ചു പുണ്യപദവിയിലെത്തി.

(90) ദൊമിനിക്കാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ; ജൂലൈ-6. ഇററലിയിൽ കമ്പാനിയ എന്ന പ്രദേശത്ത്, ഡയക്ലേഷ്യൻ ചക്രവർത്തിയുടെ കാലത്ത്, രക്തസാക്ഷിമകുടം പ്രാപിച്ചു.

(91) ദോമ്നാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ; ഡിസംബർ-28. നിക്കൊമേഡിയായിൽ, ഡയക്ലേഷ്യൻ ചക്രവർത്തിയുടെ കാലത്തു ക്രിസ്തുനാഥനെപ്രതി മരണം കൈവരിച്ചു.

(92) ദൊമ്നീനാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ; ഏപ്രിൽ-14. ഇന്റെറാമ്ന എന്ന സ്ഥലത്തുവച്ച് രക്തസാക്ഷിണിയായി മരണം പ്രാപിച്ചു.

(93) ദൊനാററാ: രക്തസാക്ഷിണി. തിരുനാൾ; ജൂലൈ-17. ആഫ്രിക്കായിൽ കാർത്തേജ് എന്ന പട്ടണത്തിൽ രക്തംചിന്തി മരണം കൈവരിച്ചു.

(94) ദൊനററില്ലാ: കന്യകയും രക്തസാക്ഷിണിയും. തിരുനാൾ; ജൂലൈ-30. ആഫ്രിക്കായിൽ തുബൂർബിസ് എന്ന സ്ഥലത്ത് സത്യവിശ്വാസത്തെപ്രതി മരിച്ചു.

(തുടരും)

# വി. യൗസേപ്പിൻെറ ലില്ലി

റവ. ഫാ. തോമസ് മൂത്തേടൻ, എം. എ., ഡി. ഡി.



എൻെറ മേശപ്പുറത്തു് വി. യൗസേപ്പിൻെറ ഒരു ചെറിയ സുവർണ്ണ സ്വരൂപമിരിപ്പുണ്ടു്. അതു് ഒരു കലാകൗതുകമെന്നു പറയുവാൻ നിവൃത്തിയില്ലെങ്കിലും ഒരു ബലിഷ്ഠനായ തച്ചൻെറ കായികസൗഷ്ഠവവും കൃപാവരസമ്പുഷ്ടനായ ഒരാളിൻെറ മധുരമായ സൗന്ദര്യവും അതിൽ സുതരാം പ്രശോഭിക്കുന്നുണ്ടു്. അദ്ധ്വാനവും സഹനവും ആ മുഖം പ്രദ്യോദിപ്പിക്കുന്നു; എന്നുവരുകിലും അബലാസഹജമായ ഒരു ലില്ലി അവിടത്തെ കരങ്ങളിൽ സ്ഥിതി ചെയ്യുന്നുണ്ടു്. അദ്ധ്വാനശീലനായ ഒരു തച്ചൻ ഒരു ലില്ലിയും പിടിച്ചു നില്ക്കുന്നതു കാണുമ്പോൾ നവാരൂഢയായ ഒരു കുമാരിയുടെ ഓർമ്മയല്ലേ ജനിക്കുക എന്നാൽ ആ ലില്ലി ഒരു പാഠം നമ്മുടെ മുമ്പിൽ വരച്ചുവയ്ക്കുന്നുണ്ടു്.

ആദ്ധ്യാത്മികപരിപൂർണ്ണതയുടെ ഉച്ചിയിലെത്തിയ ഈ വിശുദ്ധനെ ശരിയായി പ്രതിനിധിവൽകരിക്കുന്നുണ്ടു് നല്ല ഉയരവും സൗന്ദര്യവുമുള്ള ആ ലില്ലി. ഈശോയും മറിയവും കഴിഞ്ഞാൽ യൗസേപ്പിനെക്കാൾ വലിയവൻ ആരുണ്ടു്? ലില്ലി നൈർമ്മല്യത്തിൻെറ ചിഹ്നമാണു്. അവതീർണ്ണനായ ദൈവപുത്രൻെറയും കന്യകയായ ദൈവമാതാവിൻെറയും സംരക്ഷകനായി തിരഞ്ഞെടുക്കപ്പെട്ടവനു് പരിപൂർണ്ണമായ നൈർമ്മല്യമുണ്ടായിരുന്നുവെന്നുള്ളതു് ആരു് നിഷേധിക്കും? ആകയാൽ ബലിഷ്ഠഗാത്രനായ ഒരു തൊഴിലാളിയാണു് യൗസേപ്പെങ്കിലും കൈയിൽ ഉളിക്കു പകരം ലില്ലിപിടിച്ചിരിക്കുന്നതു തികച്ചും ഉചിതമാണു്. ഇതര കരത്തിലിരിക്കുന്ന ഉണ്ണീശോയെ പ്രസാദിപ്പിക്കാൻ ഉളിയേക്കാളും മുഴക്കോലിനേക്കാളും നല്ലതു ലില്ലിയാണല്ലോ. ഞാൻ താഴ്‌വരയിലെ ലില്ലിയാണെന്നുള്ള വേദപുസ്തകവാക്യം ക്രിസ്തുനാഥനെപ്പററിയാണു് പ്രയോഗിച്ചിരിക്കുന്നതെന്നു വ്യാഖ്യാതാക്കൾ പറയുന്നുമുണ്ടു്. മുള്ളുകളുടെ ഇടയിലുള്ള ലില്ലിയായ കന്യകാ മറിയത്തിൻെറ ഭർത്താവു് ഒരു ലില്ലിക്കമ്പു കൈയ്യിലേന്തിയിരിക്കുന്നതു് എത്ര ഉത്തമം!

ആറുദളങ്ങളാണു് ആ ലില്ലിയിൽ ഞാൻ കാണുന്നതു്; അവ യൗസേപ്പുപിതാവിൻെറ ആറു വിശേഷഭാഗ്യങ്ങളെ അനുസ്മരിപ്പിക്കുന്നതായിക്കരുതാം. വി. യൗസേപ്പിനെ ദൈവപുത്രൻെറ വളർത്തുപിതാവായി തിരഞ്ഞെടുത്തതാണു പ്രഥമ ഭാഗ്യം. തിരഞ്ഞെടുപ്പു നടത്തിയതു പിതാവായ ദൈവം തന്നെയാണു്. തൻെറ പ്രതിഛായയായി പിതാവു് തിരഞ്ഞെടുത്ത യൗസേപ്പിൽ അത്യുന്നതമായ വിശുദ്ധി അവിടുന്നു വർഷിച്ചിരിക്കുമെന്നു് അനുക്തസിദ്ധമാണല്ലോ.

ദൈവപുത്രൻ വി. യൗസേപ്പിനെ "അപ്പച്ചാ" എന്നു വിളിക്കുമ്പോൾ എന്തൊരാനന്ദമായിരിക്കും യൗസേപ്പിനുണ്ടാവുക. അതു യൗസേപ്പിൻെറ രണ്ടാമത്തെ ഭാഗ്യമായി പരിഗണിക്കാവുന്നതാണു്. സ്വർഗ്ഗസ്ഥനായ പിതാവിൻെറ പ്രിയപുത്രനും ദിവ്യ ചെമ്മരിയാട്ടിൻകുട്ടിയുമായ ഈശോയെ കരങ്ങളിൽ വഹിക്കുക; ലോകത്തിൻെറ പ്രകാശമായ ശിശുവിൻെറ ദൃഷ്ടികൾ തൻെറമേൽ പതിയുന്നതു കാണുക, ലോകത്തിൻെറ സ്രഷ്ടാവിൻെറ കൈപിടിച്ചു നടത്തുക, നിത്യവചനമായ പുത്രൻതമ്പുരാൻ "അപ്പച്ചാ" എന്നു വിളിക്കുവാനിടയാക്കുക, ഇവയെല്ലാം വി. യൗസേപ്പിനു് എന്തൊരാശ്വാസമായിരിക്കും! ഒരു വളർത്തു

പിതാവ് മാത്രമാണു യൗസേപ്പെങ്കിലും ദൈവമാതാവിന്റെ ഭർത്താവെന്ന നിലയിൽ വളർത്തുപിതാവിന്റെ പിതൃത്വം സമുന്നതമാണ്.

ദൈവമാതാവിന്റെ ഭർതൃത്വം തന്നെയാണു വി. യൗസേപ്പിന്റെ മൂന്നാമത്തെ ഭാഗ്യം. എത്രയും നിർമ്മലമായ ഐകൈക്യമായിരുന്ന മറിയത്തിന്റെയും യൗസേപ്പിന്റേതും. ഒരു മാതാവിന്റേയും ഒരു ശിശുവിന്റേയും സംരക്ഷണമാണ് വി. യൗസേപ്പിനെ ഏല്പിച്ചിരുന്നതു്. എന്നാൽ ആ ശിശു ദൈവവും, ആ മാതാവു പാപപങ്കിലമായ മനുഷ്യപ്രകൃതിയുടെ ഏക സ്തുതിപാത്രവുമാണ്. ദൈവമാതാവെന്നു പറയുമ്പോൾ മറിയത്തിന്റെ മഹത്വമെല്ലാം പ്രോക്തമായി; ദൈവമാതാവിന്റെ ഭർത്താവെന്നു പറയുമ്പോൾ വി. യൗസേപ്പിന്റെ മഹത്വമെല്ലാം പ്രകാശിതമായിത്തീരുന്നു. സെൻറ് ജോൺ ഡമസീൻ പറയുന്നു: "നിങ്ങൾ യൗസേപ്പിനെ മറിയത്തിന്റെ ഭർത്താവെന്നു വിളിക്കുന്നു; ഇതു വജ്ജിക്കുവാൻ വഹിയാത്ത ഒരു സ്ഥാനമാണ്. കൂടുതലായി അവിടത്തെപ്പററി ഒന്നും പറയാനുമില്ല." മറിയത്തെ ദൈവമാതാവായി തിരഞ്ഞെടുത്തപ്പോൾ ആ സ്ഥാനത്തിനു് അനുയോജ്യമായ വിശിഷ്ട വരങ്ങൾ ദൈവം അവൾക്കു കൊടുത്തു; യൗസേപ്പിനെ മറിയത്തിന്റെ ഭർത്താവായി തിരഞ്ഞെടുത്തപ്പോൾ ആ സമുന്നത സ്ഥാനത്തിനു് അനുയോജ്യമായ വരങ്ങൾ സർവ്വേശ്വരൻ അവിടത്തേയ്ക്കു നൽകി.

യൗസേപ്പിന്റെ വേറൊരു ഭാഗ്യം അദ്ദേഹം ഒരേ സമയത്തൊരു പിതാവും ഒരു ബ്രഹ്മചാരിയുമായിരുന്നുവെന്നതാണ്. ഈശോയുടെ പിതാവായും മറിയത്തിന്റെ ഭർത്താവായും അനേകകൊല്ലം അവരോടുകൂടെ വി. യൗസേപ്പു ജീവിച്ചു. ജലത്തിൽ ഉത്ഭവിക്കുന്ന പുഷ്പം ജലത്തിൽ അലിഞ്ഞു ചേരാത്തതുപോലെ സ്ത്രീസഹവാസത്തിനിടയിൽ സ്ത്രീയോടു ചേരാതിരുന്നതാണു യൗസേപ്പിന്റെ ഒരു പ്രധാന മാഹാത്മ്യം. അതിനാൽ ഭാഗ്യപ്പെട്ടവൻ നീ, വാഴ്ക, വാഴ്ക എന്ന ഒരു പ്രാചീന പ്രാർത്ഥന പലർക്കും പരിചയമുള്ളതാണല്ലോ. അവിടത്തെ നീതിയും കന്യാത്വവുമാണ് ഈശോയുടെ വളർത്തുപിതാവായി തിരഞ്ഞെടുക്കുന്നതിനു് നിദാനമായിത്തീർന്നതു്. സെൻറ് അഗസ്റ്റിൻ പറയുന്നു: "വി. യൗസേപ്പു നീതിമാനായിരുന്നുവെന്നു സുവിശേഷം ഘോഷിക്കുന്നുണ്ടല്ലോ. ഭർത്താവു നീതിമനായിരുന്നു, അതുപോലെ ഭാര്യയും നീതിമതിയായിരുന്നു. അവരുടെ നീതിയിൽ പള്ളികൊണ്ടിരുന്ന പരിശുദ്ധാത്മാവ് അവർ രണ്ടുപേർക്കും ഒരു പുത്രനെ നൽകി. ജനനത്തിനു സാദൃശ്യതയുള്ള പ്രകൃതിയിൽ ഭർത്താവിന്റെ ഭാഗം അവിടന്നു നിർവഹിച്ചു." മിശിഹായുടെ മൗതിക ശരീരത്തോടു് വി. യൗസേപ്പിനു ബന്ധമുള്ളതായി ന്യായമായി കരുതാം. യഥാർത്ഥ ശരീരത്തിന്റെ വളർത്തുപിതാവ് അവിടത്തെ മൗതിക ശരീരത്തിന്റെയും വളർത്തുപിതാവാണ്. ആകയാൽ വി. യൗസേപ്പിനെ തിരുസ്സഭാസംരക്ഷകനായി 9-ാം പീയൂസ് പ്രഖ്യാപനം ചെയ്തതു് എത്ര സമുചിതമായിരിക്കുന്നു! ആകയാൽ വലിയ പ്രത്യാശയോടെ നമ്മുടെ സകല ആവശ്യങ്ങളിലും യൗസേപ്പിന്റെ പക്കൽ പോകാം.

ഈശോയ്ക്കു നൽകിയ സംരക്ഷണത്തിന്റെ പ്രതീകമായി യൗസേപ്പിന്റെ ലില്ലിയിലെ അഞ്ചാമത്തെ ദളത്തെ കരുതാവുന്നതാണ്. ലോകത്തിനു താങ്ങി നിറുത്തുവാൻ കഴിയാത്തവനെ വി. യൗസേപ്പു തന്റെ കരങ്ങളിൽ താങ്ങുന്നു. സ്വന്തച്ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചവൻ തന്റെ വളർത്തുപിതാവിന്റെ പക്കൽ നിന്നു തച്ചന്റെ പണി പഠിക്കുന്നു. യൗസേപ്പ് അദ്ധ്വാനിച്ച് ഈശോയിയ്ക്കു ഭക്ഷണം നേടി കൊടുത്തപ്പോഴും അനേകർക്കു ആത്മീയഭക്ഷണമായിത്തീരാൻപോകുന്ന ആ കുഞ്ഞുശിശുവിനെ ആരാധിക്കുകയായിരുന്നിരിക്കണം. ഈശോയ്ക്കു ഉടുപ്പാൻ വസ്ത്രവും പാർക്കാൻ സ്ഥലവും നൽകിയതു് യൗസേപ്പാണ്. ഒരു എളിയ മനുഷ്യനു നൽകുന്ന ഭക്ഷണവും വസ്ത്രവും തനിക്കു നൽകിയതുപോലെ കരുതുമെന്നു ഈശോ അരുളിച്ചെയ്തിട്ടുണ്ടെങ്കിൽ, ഈശോയിയ്ക്കു ഭക്ഷണവും വസ്ത്രവും കൊടുക്കുവാൻ കഴിയുന്നതു് എത്ര വലിയ ഭാഗ്യമാണ്! അവതീർണ്ണനായ ദൈവത്തെ കരത്തിലെടുത്തു അവിടത്തെ സ്നേഹസ്പന്ദനം ശ്രവിക്കുന്നതു് എത്ര ആശ്വാസദായകമാണ്.

"സൃഷ്ടത്രിത്വത്തിലെ" അഥവാ തിരുകുടുംബത്തിലെ ഒരംഗമായിരിക്കുകയെന്നതാണ് വി. യൗസേപ്പിന്റെ ആറാമത്തെ ഭാഗ്യം. നസറത്തിലെ ഒരു ഭവനത്തിൽ നിത്യപിതാവിന്റെ പ്രതിച്ഛായയായി വി. യൗസേപ്പിനേയും പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ അവതീർണ്ണനായ ഈശോയേയും, പരിശുദ്ധാത്മാവിന്റെ നിഴലും തിരുകുടുംബത്തിന്റെ

# സ്വാർത്ഥതയുടെ പ്രകടനങ്ങൾ

(P. L.)

സന്യാസ സാമൂഹ്യജീവിതത്തെ ആകർഷകവും അഭികാമ്യവുമാക്കുന്ന ആന്തരികവും അതിസ്വാഭാവികവുമായ ഐക്യത്തെക്കുറിച്ച് കഴിഞ്ഞതവണ പ്രതിപാദിച്ചിരുന്നു. ക്രിസ്തുനാഥൻ നൽകുന്ന മഹനീയാദർശങ്ങളുടെ വെളിച്ചത്തിൽ സന്യാസ സാമൂഹ്യജീവിതത്തിന്റെ പ്രായോഗികവശത്തേയ്ക്കുകൂടി ഒന്നെത്തിനോക്കുകയാണിപ്പോൾ. ഐക്യത്തെയും സാമൂഹ്യജീവിതത്തെയും ക്ഷയിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ചില ദുർഗ്ഗുണങ്ങൾ വ്യക്തികളിലുണ്ട്. അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടാതെ സാമൂഹ്യജീവിതം വിജയപ്രദമാകയില്ല. ആദ്യമായി നമ്മുടെ സ്വാർത്ഥതയുടെ പ്രകടനങ്ങൾ നിയന്ത്രിക്കപ്പെടണം.

സാമൂഹ്യജീവിതരംഗത്തേയ്ക്കൊന്നു കടന്നുനോക്കുക; ക്രിസ്തുനാഥൻ നമുക്കു നൽകുന്ന സാമൂഹ്യജീവിതാദർശങ്ങൾ പ്രയോഗത്തിൽ വരുത്തുന്ന കാര്യത്തിൽ പലപ്പോഴും നാം പരാജയപ്പെടുകയാണെന്നു കാണാം. ചില ക്രമക്കേടുകളും കുഴപ്പങ്ങളും സാമൂഹ്യജീവിതത്തിലുണ്ടാകുകയും തദ്വാരാ, പ്രതീക്ഷിക്കപ്പെടുന്ന സമാധാനവും സൗഭാഗ്യവും പ്രദാനം ചെയ്യുവാൻ സമൂഹം അശക്തമായി ഭവിക്കുകയും ചെയ്യുന്നു. സാമൂഹ്യജീവിതത്തിലുണ്ടാകുന്ന കുഴപ്പങ്ങൾക്കെല്ലാം മൂലകാരണം വ്യക്തികളുടെ സ്വാർത്ഥതാല്പര്യങ്ങളാണ്. സ്വാർത്ഥതയ്ക്കു സ്വാതന്ത്ര്യം കൊടുത്താൽ അതു സാമൂഹ്യജീവിതത്തെ നശിപ്പിക്കും. സ്വാർത്ഥതയുടെ മുമ്പിൽ ആദർശങ്ങൾ

---

ഹൃദയവുമായ മറിയത്തേയുമാണ് നാം ദർശിക്കുന്നത്. പരിശുദ്ധ ത്രിത്വത്തിന്റെ പ്രതിച്ഛായയായ ഒരു ത്രിത്വം തന്നെയാണ് തിരുകുടുംബം. നസറത്തിലെ അവരുടെ ജീവിതം വളരെ സാധാരണംതന്നെയായിരുന്നു; എന്നാൽ ക്രിസ്തു കേന്ദ്രമായ ആ കുടുംബജീവിതത്തെക്കാൾ ഉൽകൃഷ്ടമായ ഒരു ജീവിതം നമുക്കു ഭാവനം ചെയ്യാൻ കഴിയുമോ? മനുഷ്യരക്ഷയായിരുന്നു അവരുടെ മൂന്നുപേരുടേയും ഏക ചിന്താവിഷയം; അതിനുവേണ്ട രക്തം തങ്ങളുടെ ആരാധനീയ ശിശുവാണു ചിന്തുവാൻ പോകുന്നതെന്നുള്ള വിചാരം അവരുടെ ആശ്വാസവും ഉത്കണ്ഠയുമായിരുന്നു.

യൗസേപ്പുപിതാവിന്റെ ഈദൃശ മഹത്വങ്ങളെപ്പറ്റി അവിടത്തേക്കു പ്രതിഷ്ഠിച്ചിരിക്കുന്ന മാർച്ച്മാസത്തിൽ നാം ചിന്തിക്കണം. അവിടത്തെ കരങ്ങളിലിരിക്കുന്ന ഷഡ് ദളമുള്ള ലില്ലി നിർമ്മല ദുർബലതയുടെ ചരിത്രമായി നാം വീക്ഷിക്കരുത്; അതു് അവിടത്തെ സുന്ദരവും ധീരവുമായ നൈർമ്മല്യത്തിന്റെ പ്രതീകമാണ്. അവിടുന്ന് ഇന്നും ഈശോയുടെ വളർത്തുപിതാവായിട്ടാണ് അറിയപ്പെടുന്നത്. അവിടത്തെ വളർത്തുപുത്രന്റെ പ്രതിച്ഛായപോലെ ശരണത്തോടെ

നമുക്കു യൗസേപ്പിന്റെ പക്കൽ പോകാം. "പോകുവിൻ വി. യൗസേപ്പിന്റെ പക്കൽ" എന്നു വലിയ ത്രേസ്യാ പുണ്യവതിയും ഉദ്ബോധിപ്പിക്കുന്നുണ്ടല്ലോ.

അവസാനമായി ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ വാക്കുകൾകൂടി ശ്രവിച്ചാലും: "പ്രിയ മക്കളേ, ഞാൻ ചോദിക്കുന്നു: നസറത്തിൽ തിരുകുടുംബത്തെ പോററി സംരക്ഷിക്കുന്നതിനു വി. യൗസേപ്പു സർവ്വാത്മനാ പരിശ്രമിച്ചുവെങ്കിൽ, തിരുസ്സഭയുടെ ശിരസ്സിനെ സംരക്ഷിച്ചതുപോലെ സഭയേയും അതിന്റെ അംഗങ്ങളേയും സ്നേഹപൂർവ്വം സംരക്ഷികയില്ലേ?. "ഉവ്വ്" എന്നു നിങ്ങൾ പ്രത്യുത്തരിക്കുന്നതായി ഞാൻ കേൾക്കുന്നു. തിരുസ്സഭയുടെ മക്കളിൽ പലർക്കും സഹായം ആവശ്യമാണെന്ന് അവിടത്തേക്ക് അറിയാം. അനുതാപബാഷ്പവും നിലനില്പിന്റെ വരവും ദൈവതിരുച്ചിത്തത്തിനു വിനീതമായി കീഴ്പ്പെടാനുള്ള അനുഗ്രഹവും വേണം പലർക്കും. യൗസേപ്പു നസറത്തിലെ തന്റെ വളർത്തു മകന്റെ പക്കലേക്കു തിരിയുന്നു; തൽക്ഷണം ആത്മാക്കൾക്ക് അനുഗ്രഹങ്ങൾ സുലഭമായി സിദ്ധിക്കുന്നു.........വി. യൗസേപ്പു നിങ്ങളെ സഹായിക്കാൻ നിങ്ങളുടെ സമീപത്തുണ്ടെന്നു നിങ്ങൾ ഒരിക്കലും വിസ്മരിക്കരുത്."

ബലികഴിക്കപ്പെടുന്നു. വ്യക്തികൾ സ്വകാര്യം ലക്ഷ്യമാക്കി പ്രവർത്തനം തുടങ്ങുമ്പോൾ സാമൂഹ്യജീവിതാദർശങ്ങൾ വിസ്മരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യാതിരിക്കയില്ല സമൂഹത്തെയും സഹോദരങ്ങളുടെ നിസ്വാർത്ഥസേവനത്തെയും ഉപകരണങ്ങളാക്കി മുതലെടുക്കാനും സ്വാർത്ഥത മടിക്കുകയില്ല സഹോദരനെ തരംതാഴ്ത്തിയും തട്ടിയിട്ടും മുന്നേറുവാൻ ശ്രമിക്കുക സ്വാർത്ഥതയുടെ സ്വഭാവമാണ്. സാമാന്യ നീതിബോധംപോലുമില്ലാതെ സ്വന്തം കാര്യം കാണാൻ എന്തും ചെയ്യാൻ സ്വാർത്ഥത എപ്പോഴും സന്നദ്ധമായിരിക്കും.

## അധികാരവും സ്വാർത്ഥതയും

സമൂഹത്തിൽ അധികാരികൾക്കു പ്രാധാന്യം നൽകണം. എല്ലാ അധികാരവും ദൈവത്തിൽ നിന്നു വരുന്നു. മേലധികാരികളിൽ സ്ഥിതിചെയ്യുന്ന അധികാരത്തെ ആദരിക്കുമ്പോൾ ദൈവത്തെ ആദരിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. സന്യാസസമൂഹങ്ങളുടെ കാര്യത്തിൽ ഇതു കൂടുതൽ വ്യക്തമാണ്. സഭാധികാരികൾ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് സന്യാസജീവിതം ഉറപ്പിച്ചിരിക്കുന്നത്” “നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു” എന്നാണല്ലോ ക്രിസ്തുനാഥൻ പറയുന്നത്. അവിടുത്തെ ഈ വാക്കുകൾ അക്ഷരംപ്രതി അനുസരിച്ചുകൊണ്ട് സഹോദരങ്ങൾ സമൂഹത്തിൽനിന്ന് ചില വ്യക്തികളെ അധികാരസ്ഥാനത്തേക്കു നിയമാനുസൃതം തിരഞ്ഞെടുത്ത് അവരെ ദൈവത്തിന്റെ പ്രതിനിധികളായി ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. സമൂഹത്തിന്റെ ഭരണഭാരം അങ്ങിനെ അവരുടെമേൽ ചുമത്തപ്പെടുന്നു. ദൈവമഹത്വത്തിനും സമൂഹത്തിന്റെ നന്മയ്ക്കുമായി തങ്ങൾക്കാവുന്നതെല്ലാം ചെയ്യാനുള്ള ചുമതലയും അതിനാവശ്യമായ അധികാരവും ആനുകൂല്യങ്ങളും നിയമാനുസൃതം അവർക്കു ലഭിക്കുന്നുമുണ്ട്. സമൂഹത്തിന്റെ നന്മയെ ഉദ്ദേശിച്ചു നൽകപ്പെടുന്ന ഈ അധികാരവും ആനുകൂല്യങ്ങളും സ്വാർത്ഥതാല്പര്യങ്ങൾക്കായി ദുരുപയോഗിച്ചാൽ അധികാരി കുററക്കാരനായിരിക്കും. അങ്ങിനെ അധികാരസ്ഥാനത്തിരുന്ന് സ്വാർത്ഥപ്രകടനത്തിനൊരുമ്പെടുന്നവർ സമൂഹത്തിന്റെ അതൃപ്തിക്കും നിശിതവിമർശനത്തിനും പാത്രമാകാതിരിക്കയില്ല.

“ഭരിക്കുക എന്നതിനേക്കാൾ പ്രയോജനപ്പെടുക” എന്നതായിരിക്കണം അധികാരികളുടെ ആദർശം എന്നു വി. ബർണ്ണാർദ്ദ് അഭിപ്രായപ്പെടുന്നു. സുവിശേഷവെളിച്ചത്തിൽ നോക്കിയാൽ അധികാരസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടുന്നത്, ആത്മാർപ്പണത്തിനും നിസ്വാർത്ഥസേവനത്തിനുമുള്ള ഒരാഹ്വാനമാണെന്നു കാണാം. “നിങ്ങളിൽ ഒന്നാമനായിരിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കണം” എന്നാണല്ലോ ക്രിസ്തുനാഥന്റെ അനുശാസനം. ഇതനുസരിച്ചു നിസ്വാർത്ഥസ്നേഹത്തിൽ സേവനം ചെയ്യുവാൻ സന്നദ്ധതയുള്ളവർ അധികാരസ്ഥാനത്തിരിക്കുന്നത് സമൂഹത്തിനു ലഭിക്കാവുന്നതിൽ ഏററവും വലിയ ഒരനുഗ്രഹമായിരിക്കും. സമൂഹത്തിനു ജീവനും ശക്തിയുംപകരുവാൻ അവരുടെ നിസ്വാർത്ഥസ്നേഹത്തിനും സേവനമനോഭാവത്തിനും ഒരു പ്രത്യേക കഴിവുണ്ട്.

നേരേമറിച്ച് അധികാരിയിൽ സ്വാർത്ഥത സ്വതന്ത്രഭരണം തുടങ്ങിയാൽ സമൂഹത്തിന്റെ സ്ഥിതി പരിതാപകരമായിത്തീരും, അധികാരം ദുരുപയോഗിക്കപ്പെടുകയും തോന്നുന്നതെല്ലാം ദൈവനിവേശിതമെന്നഭാവത്തിൽ പല സാഹസങ്ങൾക്കും അധികാരപ്രകടനങ്ങൾക്കും മുതിരുകയും ചെയ്യും. അവയുടെ എല്ലാ പ്രത്യാഘാതങ്ങളും സമൂഹത്തിനായിരിക്കുമല്ലോ. അനിയന്ത്രിതമായി സ്വാർത്ഥത വളന്നാൽ അതു മനുഷ്യനെ അന്ധനാക്കും — അധികാരമുള്ളവരിലായാൽ അതിന്റെ സ്ഥിതി കൂടുതൽ വഷളാകുകയായി. അധികാരഭ്രമത്തിൽ അഹംഭാവമായ് രൂപാന്തരപ്പെടുന്ന സ്വാർത്ഥതയുടെ പ്രകടനങ്ങളും, ക്രമക്കേടുകളും, അവിവേകവും അനീതിയും അനാവശ്യങ്ങളും, അവയുടെ പ്രത്യാഘാതങ്ങളും അനന്തരഫലങ്ങളും സമൂഹത്തിന് അസഹ്യമായിത്തീരും. സഹനശക്തി നഷ്ടപ്പെട്ട് ചില ജീവിതങ്ങൾ തന്നെ തകർന്നു സഹനസാഗരത്തിൽ മുങ്ങിപ്പോകാനും ഇവ കാരണമായേക്കാം.

## ചില പ്രകടനങ്ങൾ

സ്വാർത്ഥത എല്ലാമനുഷ്യരിലും മറഞ്ഞിരുന്നു പ്രവർത്തിക്കുന്നുണ്ട്. ബാഹ്യപ്രകടനത്തിനു ലഭിക്കുന്ന അവസരം അതു നഷ്ടപ്പെടുത്തുകയില്ല. ഓരോരോ വേഷത്തിലും വിധത്തിലും സ്വാർത്ഥത രംഗപ്രവേശം ചെയ്യുന്നതു രസാവഹമാണ്. ആന്തരികവും ബാഹ്യവുമായ നമ്മുടെ പ്രവർത്തനങ്ങളെല്ലാം കർശനമായ പരിശോധ

നയ്ക്കു വിഷയമാക്കിനോക്കിയാൽ കാണാം സ്വാർത്ഥതയ്ക്കു് അവയിലെല്ലാം വലിയ പങ്കുണ്ടെന്നു്.

ജീവിതകാലം മുഴുവനും സ്വാർത്ഥതയെ "ഓരോമനക്കുഞ്ഞി"നെപ്പോലെ താലോലിച്ചുകൊണ്ടിരിക്കുകയാണു് പലരും. അതിനെപ്പോഴും പാലും പഴവും പഞ്ചസാരയും പലഹാരങ്ങളും കൊടുത്തു ഹൃദയത്തൊട്ടിലിൽ കിടത്തി താരാട്ടുപാടി ഉറക്കുകയാണവരുടെ പ്രധാന ജോലി. സാമൂഹ്യജീവിതത്തിൽ ഈ 'സ്വാർത്ഥതക്കുഞ്ഞു' വരുത്തുന്ന ക്രമക്കേടുകൾക്കു കണക്കില്ല. ആരുമാരും ഈ ഓമനക്കുഞ്ഞിനെ കാണുന്നില്ലെന്നാണു് ഭാവം. ആരെങ്കിലും ഒന്നുനോക്കിയാൽ, ഒന്നു തൊട്ടുപോയാൽ, 'കുഞ്ഞ്'കരയും, ക്ഷോഭിക്കും, പിന്നെ പലതും പറയും, പ്രവർത്തിച്ചെന്നും വരും. ചിലപ്പോൾ വിരോധം ശമിക്കയില്ല. ആമരണം അതു മനസ്സിൽ മറച്ചുവച്ചിരിക്കും. നമ്മുടെ ഈ കൊച്ചുസ്വാർത്ഥതയുടെ കഥയെത്രവിചിത്രം! ഏതെല്ലാം വേഷത്തിലാണതു രംഗപ്രവേശം ചെയ്യുക! സ്വന്തം കാര്യംനേടാൻ എന്തെല്ലാം വിക്രിയകളാണു് ചെയ്തുകൂട്ടുക!

ഒരു തെററുചെയ്താൽ ഉടനെ അതു മറയ്ക്കാൻ ശ്രമിക്കും, അല്ലെങ്കിൽ അറിയാത്ത മട്ടു നടിക്കും, അതുമല്ലെങ്കിൽ മററുള്ളവരെ പഴിക്കും. സുകൃതാഭ്യാസത്തിലും സ്വാർത്ഥത പ്രത്യക്ഷപ്പെടാതിരിക്കയില്ല. തീക്ഷ്ണതയുടെ പേരിലും എളിമയുടെ വേഷത്തിലും മററുമാണു് അവിടെ കടന്നുകൂടുന്നതു്. മററുള്ളവരുടെ മുമ്പിൽ നല്ലവനായി കാണപ്പെടണം. അതിനായി ചില ഭക്താഭ്യാസങ്ങളും പുണ്യപ്രവൃത്തികളും ചെയ്യുകയായി. ആർക്കെങ്കിലും ഒരുപകാരം ചെയ്തുകൊടുക്കാൻ അവസരം ലഭിച്ചാൽ സ്വാർത്ഥത അവിടെയും എത്തിക്കഴിഞ്ഞു, ചില പ്രത്യേക ഉദ്ദേശങ്ങളുമായി. അധികാരികളുടേയും മററും പ്രീതി സമ്പാദിക്കുക, മററുള്ളവരുടെ പ്രശംസയ്ക്കു പാത്രമാകുക, അല്ലെങ്കിൽ ഏതെങ്കിലും പ്രതിഫലത്തിനായി ചെയ്യുക അങ്ങിനെ പ്രവൃത്തിയുടെ യോഗ്യതയും നഷ്ടമാകുന്നു. ഉപകാരം ചെയ്തുകൊടുത്തിട്ടു് ഒരു 'നന്ദി'യെങ്കിലും പറയുന്നില്ലെങ്കിൽ സ്വാർത്ഥതയ്ക്കു വ്യസനമായി. അതോടുകൂടി പരോപകാരവും നിറുത്തിവയ്ക്കും. പിന്നീടു് നന്ദിയില്ലാത്ത ആ 'ജന്തുക്കളെ' കാണാതെ മാറി നടക്കും; കണ്ടാലും മിണ്ടാതിരിക്കും; വല്ലതും പറഞ്ഞാൽ അതു് പരിഭവസൂചകമായിരിക്കും. ഇങ്ങനെ പോകുന്നു സ്വാർത്ഥതയുടെ സാഹസപ്രകടനങ്ങൾ.

അംഗങ്ങൾ ഓരോരുത്തരും സ്വാർത്ഥതയിൽ അവരവരുടെ കാര്യം മാത്രം നോക്കുമ്പോൾ പൊതുക്കാര്യം വിസ്മൃതമാകുന്നു. പരസ്പര സഹകരണമനോഭാവം നഷ്ടപ്പെട്ടു് സംഘടിതമായ പ്രവർത്തനങ്ങൾ ക്രമേണ അധഃപതിച്ചുപോകുന്നു. സമൂഹം ക്ഷയിക്കുന്നു, നശിക്കുന്നു.

വ്യക്തികൾക്കു് ആന്തരിക ഐക്യവും സ്നേഹവുമില്ലെങ്കിൽ അവരുടെ സമൂഹത്തിൽ ക്രിസ്തുനാഥനും ഉണ്ടായിരിക്കയില്ല, ക്രിസ്തുനാഥനില്ലാത്ത സന്യാസസമൂഹം, സ്നേഹമില്ലാത്ത സാമൂഹ്യജീവിതം. അതു നാരകീയം. അവിടെ വ്യക്തികൾ പരസ്പരം പാപകാരണമാകുകയാണു്. തെററിദ്ധാരണ, വിമർശനം, അസൂയ, ഏഷണി, വിദ്വേഷം, കോപം, മത്സരം മുതലായവ ഒരു വശത്തു്. മറുവശത്തു് പ്രത്യേക സ്നേഹം, കൂട്ടുകെട്ടു്, വാത്സല്യ പ്രകടനങ്ങൾ, സമ്മാനദാനങ്ങൾ. എപ്പോഴും ഇതൊന്നും മറഞ്ഞിരിക്കയില്ല. അതു പുറം പരന്നു് സന്യാസജീവിതത്തിൻെറ വിലയിടിക്കുവാൻ കാരണമാകുന്നു.

വ്യക്തികൾ സ്വാർത്ഥമനോഭാവം വെടിഞ്ഞു് സന്യാസ സാമൂഹ്യജീവിതാദർശങ്ങൾ പ്രയോഗത്തിൽ വരുത്തിയാൽ സമൂഹത്തിനു് സ്വർഗ്ഗത്തിൻെറ പ്രതീതിയാണുണ്ടാകുക.

—o—

1. "ഏററവും വലിയ ദുരന്തനാടകം നാം വിശുദ്ധരല്ലെന്നുള്ളതാണു്". ലേയോൻ ബ്ളോയി
2. 'വിശുദ്ധരെ നമുക്കാവശ്യമുണ്ടു്, ദൈവം വസിക്കുന്ന നമ്മുടെ സ്വന്തം ഹൃദയങ്ങളിലേയ്ക്കു് നമ്മെ നയിക്കുവാൻ'.
3. 'വിശുദ്ധരെ നമുക്കാവശ്യമുണ്ടു്, വെറുപ്പിൻെറ മദ്ധ്യത്തിൽ തുടർന്നു സ്നേഹിക്കുന്നതിനുള്ള ധൈര്യം നമുക്കു നൽകുവാൻ'.
4. വിശുദ്ധരെ നമുക്കാവശ്യമുണ്ടു്. നുണകൾ നിറഞ്ഞ ഈ ലോകത്തിൻെറ മദ്ധ്യത്തിൽ സത്യം തുറന്നു പറയുന്നതിനും അതനുസരിച്ചു ജീവിക്കുന്നതിനും നമ്മെ പ്രേരിപ്പിക്കുവാൻ.
5. അനുദിന ജീവിതത്തിൽ ദൈവസ്നേഹത്തെക്കുറിച്ചു് വീണ്ടും വീണ്ടും ചെയ്യപ്പെടുന്ന സാധാരണ ചെറിയ കൃത്യങ്ങളുടെ വലിപ്പം കാണിച്ചുകൊടുക്കുന്ന വിശുദ്ധരെ നമുക്കിന്നു കൂടുതലാവശ്യമുണ്ടു്.

# സമാധാനമാർഗ്ഗം

Fr. Younan O. I. C.

(തുടർച്ച)

കാതോലിക്കാബാവാതിരുമേനി പറയുന്ന "മലങ്കരയിലെ വി. തോമ്മാശ്ലീഹായുടെ സിംഹാസനത്തെ നശിപ്പിക്കാൻ റീത്തുകാർ പരിശ്രമിക്കുന്നെന്ന്" മാർത്തോമ്മാശ്ലീഹായുടെ മലങ്കരസിംഹാസനം ഏതാണ്? ചരിത്രകാരന്മാർക്ക് അതറിയാം. ഹൈന്ദവ പണ്ഡിതന്മാർപോലും അറിയാം. ഇവിടത്തെ പൂർവ്വിക ക്രിസ്ത്യാനികൾ കത്തോലിക്കരാണെന്നും സെൻറ് തോമസ്സ് അപ്പോസ്തലൻെറ പിൻഗാമികൾ കത്തോലിക്കാബിഷപ്പന്മാരാണെന്നുള്ള വസ്തുത. നിഖ്യാവിശ്വാസപ്രമാണം ചൊല്ലിയതുകൊണ്ടോ തങ്ങളുടെ സഭയ്ക്ക് മാർത്തോമ്മാശ്ലീഹായുടെ നാമം ചേർത്തുപറഞ്ഞതുകൊണ്ടോ മാതാവിൻേറയും പുണ്യവാന്മാരുടേയും നാമത്തിൽ പള്ളികൾ സ്ഥാപിച്ചതുകൊണ്ടോ ഇന്നത്തെ രീതിയിലുള്ള പ്രവർത്തനങ്ങൾ കൊണ്ടോ സ്വതന്ത്രസഭകൾ പുരാതനസഭയായി രൂപാന്തരം പ്രാപിക്കുന്നില്ല. പുനരൈക്യം കൊണ്ടു മാത്രമെ പുരാതനസഭയുടെ അംഗമായിതീരുവാൻ—ശാന്തി കണ്ടെത്തുവാൻ—സാധിക്കുകയുള്ളു. വിശ്വാസത്തിലും ഭരണത്തിലും ഐക്യം പാലിക്കാത്ത കാലത്തോളം ശീദ്മയും പാഷണ്ഡതയും അതിൻെറ തനിനിറം കാണിച്ചുകൊണ്ട് പരാജയമടയുകതന്നെചെയ്യും. പാപത്തിൻെറ പുഴുക്കുത്തേല്ക്കാതെ പരിശുദ്ധിയുടെ പട്ടുടുപ്പ് ധരിക്കുവാൻ സത്യ തിരുസഭയെ ആശ്ലേഷിക്കുകതന്നെവേണം. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ ഇവിടത്തെ ക്രിസ്തുമതത്തിൻെറ പിള്ളത്തൊട്ടിയായ കൊടുങ്ങല്ലൂരിൽ— ഭാരതഹൃദയത്തിൽ— നിക്ഷേപിച്ചിരിക്കുന്നു. വളരെ അമാന്തിച്ചാണ് നമുക്കതു സിദ്ധിച്ചതു്. ആരുടെ പരിശ്രമത്താൽ എവിടെനിന്നും പൂജ്യാവശിഷ്ടങ്ങൾ ഇവിടെ കൊണ്ടുവന്നു? അകത്തോലിക്കരോ പ്രോട്ടസ്റ്റൻറുകാരോ പൂജ്യാവശിഷ്ടങ്ങളെപ്പററി ചിന്തിക്കുന്നുണ്ടോ? അവിടെപോയി പ്രാർത്ഥിക്കുന്നുണ്ടോ? സ്വതന്ത്രസഭയിലെ ക്രൈസ്തവർക്കു ഇതൊന്നും ചിന്താവിഷയമല്ല ഇററലിയിലെ ഓർട്ടോണാപട്ടണത്തിലുള്ള ഭദ്രാസനദേവാലയത്തിൽ നിന്ന് വിശുദ്ധൻെറ പൂജ്യാവശിഷ്ടങ്ങൾ—വലതുകരം— ഇവിടെ കൊണ്ടുവന്നതു് കത്തോലിക്കരാണ്. മററാർക്കും ആവശ്യമില്ലായിരുന്നു. യഥാർത്ഥമായ മാർത്തോമ്മാസഭ കത്തോലിക്കാസഭയാണ്. റോമാതിരുസിംഹാസനത്തിൻെറ അനുമതിയോടുകൂടി ഓർട്ടോണായിലെ ആർച്ച്ബിഷപ്പ് തിരുമനസ്സുകൊണ്ട് വി. തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ അവിടെ സൂക്ഷിക്കുന്നുണ്ട്. ഇന്ന് മൈലാപ്പൂരിൽ വിശുദ്ധൻെറ കബറിടത്തിൽ ദിവ്യപൂജയർപ്പിക്കുവാൻ സ്വതന്ത്രസഭകളിലെ മേല്പട്ടക്കാർക്കും പട്ടക്കാർക്കും നിർവ്വാഹമില്ലാത്തതെന്തുകൊണ്ടാണ്. മാർത്തോമാശ്ലീഹാ A. D 52-ൽ ഇൻഡ്യയിൽ വന്നു. മററു പതിനൊന്നു അപ്പസ്തോലന്മാരും ലോകത്തിൻെറ നാനാഭാഗങ്ങളിൽ ഏകസത്യമതം പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ പിൻഗാമികൾ ഇന്നും സ്തുത്യർഹമായി ഭരിച്ചുകൊണ്ടിരിക്കുന്നു. ഇനിയും സുരക്ഷിതമായി ലോകാന്ത്യംവരെ അനുസ്യൂതം ഭരിച്ചുകൊണ്ടിരിക്കും. മലങ്കരയിലെ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തെ റീത്തുകാർ നശിപ്പിക്കുന്നു എന്നു പറഞ്ഞാൽ പ്രകൃതിപോലും കോപിക്കുകയില്ലേ എന്നും സംശയിച്ചുപോകുന്നു. ഓർത്തഡോക്സുസഭയിൽ നിന്നും വൈദികരും മേല്പട്ടക്കാരും അത്മായരുമായി ആയിരങ്ങൾ തിരുസഭയോടു പുനരൈക്യപ്പെട്ടുകൊണ്ടിരിക്കുന്നു. ആ സൗഭാഗ്യാവസ്ഥയെപ്പററി പ്രലപിച്ചുകൊണ്ടായിരിക്കും മാർത്തോമ്മാശ്ലീഹായുടെ സിംഹാസനനശീകരണമായി അതിനെ നാമനിർദ്ദേശം ചെയ്തിരിക്കുന്നതു്. സ്വതന്ത്രസഭക്കാർക്കു മാർത്തോമ്മാശ്ലീഹായുടെ സിംഹാസനവുമായി യാതൊരു ബന്ധവുമില്ല ആ ബന്ധം സ്ഥാപിക്കേണ്ടതു് പുനരൈക്യം കൊണ്ടാണ്. ആ ബന്ധസൂത്രണത്തിൻെറ പരമശത്രു അന്തിക്രിസ്തുവാണ്. ശീദ്മയും പാഷണ്ഡതയും വിതയ്ക്കുന്നതു് പിശാചാണ്. അതു നിസ്സാരമായ തെററല്ല.

ലോകത്തിലെവിടെയെങ്കിലും ശ്ലീഹന്മാരുടെ അനന്തരഗാമികളായി ഭാഗ്യമോടെ ഭരണം നടത്തുന്ന മേല്പട്ടക്കാരുടെ പള്ളികളിൽ—കത്തോലിക്കാദേവാലയങ്ങളിൽ—അകത്തോലിക്കാ ബിഷപ്പന്മാർക്കോ വൈദി

കൾക്കാ പ്രവേശിച്ചു കൂദാശകൾ അനുഷ്ഠിക്കുവാൻ നിർവ്വാഹമില്ലാത്തതെന്തുകൊണ്ടാണ്? ഇതരസമുദായാംഗങ്ങൾക്ക് അവിടെ വി. കുർബാന അനുഭവിക്കാമോ? മർത്ഥീനിലെ കുക്കുമദയറായും കോട്ടയത്തെ ദേവലോകം അരമനയും, മഞ്ഞനിക്കര ദയറായും മററും വിശുദ്ധ ശ്ലീഹന്മാരോടു ബന്ധമുള്ള സ്ഥാപനങ്ങളല്ല. സ്വതന്ത്ര സ്ഥാപനങ്ങളാണ്. മതത്തെപ്പററി പറഞ്ഞാൽ സ്വതന്ത്രസ്ഥാപനങ്ങൾ ക്രിസ്തുനാഥന്റെ തിരുഹിതത്തിനു വിപരീതമാകുന്നു. സത്യവിശ്വാസത്തിൽ നിന്ന് അനേകായിരങ്ങളെ വ്യതിചലിപ്പിക്കുന്ന നിർഭാഗ്യസ്ഥാപനങ്ങൾ തന്നെ. പുരാതനമായ ശീദ്‌മസഭകളിലെ ആരാധനക്രമത്തിൽ തന്നെ ഇപ്രകാരം കാണുന്നുണ്ട്. "അപ്പോസ്തോലന്മാരായ ഞങ്ങൾ നിങ്ങളോടു ഉപദേശിച്ചതിനു എതിരായി സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതൻ വന്നു പറഞ്ഞാലും അവൻ ശപിക്കപ്പെട്ടവനാകട്ടെ" ഏവൻഗേലി വായനയ്ക്കുമുമ്പുള്ള ഗീതത്തിൽ അതു ചേർത്തിരിക്കുന്നു. "പൗലോസ് ശ്ലീഹാധന്യൻ ചൊൽ കേട്ടനിതേവം." "നിങ്ങളെ ഞങ്ങളറിച്ചതൊഴിച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ വാനവനെങ്കിലുമട്ടൂതൻ താനേൽക്കും സഭയിൻശാപം". അഹങ്കാരവും വിഷയമോഹവും കൊണ്ടാണ് വളരെയധികം സഭകൾ ഉടലെടുത്തിട്ടുള്ളത്. പരിഷ്കരിച്ച പിശാചുക്കളെ ബഹിഷ്ക്കരിക്കണമെങ്കിൽ വയരെയധികം അനുതാപം വേണം. ദൈവത്തോടടുക്കണം. സത്യമാണ് സൗന്ദര്യമെന്നു കീററ്സ് പാടി. യഥാത്ഥമാണു താഴ്മയെന്നുവേദപാരംഗതരും പായുന്നു.

ഒരു പേരെടുത്ത പ്രസംഗകനെന്ന് സ്വയം അഭിമാനിച്ചുകൊണ്ടു തിരുക്കൊച്ചിയിൽ അകത്തോലിക്കാകേന്ദ്രങ്ങളിൽ ചുററി സഞ്ചരിച്ചു കത്തോലിക്കാസഭയെ അവഹേളിച്ചു പ്രസംഗം നടത്തിക്കൊണ്ടിരുന്ന ഒരു പുരോഹിതനെ പലരും അറിവുള്ളതാണല്ലോ. വിജ്ഞാനനാണ്യങ്ങൾ കരസ്ഥമാക്കാൻ അവിടെ കൂടുന്നവർ നിരാശാഭരിതരായി സ്ഥലം വിട്ടിട്ടുണ്ട്. സത്യത്തിൽനിന്നകന്നു ജീവിക്കുന്നവക്ക് ഒരു സന്തോഷവും. മതത്തിന്റേയും സന്മാർഗ്ഗത്തിന്റേയും ഹരിശ്രീ പഠിച്ചിട്ടില്ലാത്തവർ കരഘോഷം മുഴക്കീട്ടുണ്ട്. "റോമ്മാസഭയെ നിനക്കു സുല്ല്" എന്നൊക്കെ കേൾക്കുമ്പോൾ പിതൃഭവനം വിട്ടിറങ്ങിയ ചിന്താവിഹീനന്മാർ നർത്തനം ചെയ്യുന്നതു സഹജമാണല്ലോ. ഇവയെല്ലാം എണ്ണി എണ്ണി കണക്കു കൊടുക്കേണ്ടതാണെന്നു പ്രബോധനക്കാരനും പാർട്ടിക്കും ബോദ്ധ്യമാകട്ടെ. പ്രസ്തുത പുരോഹിതന്റെ പ്രസംഗചാതുര്യത്തെ—സംസ്കാരശൂന്യമായ പ്രഭാഷണത്തെ—മദ്ധ്യതിരുവിതാംകൂറിൽ ഒരിടത്തുവച്ചു ആര്യ്യചരിതരും അഭ്യസ്തവിദ്യരുമായ ഹൈന്ദവസഹോദരങ്ങൾ ചോദ്യം ചെയ്തതായി അറിവുള്ളതാണ്. മാനവസംസ്കാരത്തിനുശേഷം യോജിക്കാത്തതായ ആ പ്രസംഗപരമ്പര അങ്ങനെ അവസാനിപ്പിക്കേണ്ടതായി വന്നു. എന്നിട്ടും അതേ പല്ലവി തന്നെ പാടുന്ന സ്വതന്ത്ര പ്രബോധകരെ ലോകത്തിൽ കാണാം. ആയിരം കുടത്തിന്റെ വായ് മൂടാം, ഒരു മനുഷ്യന്റെ വായ് മിണ്ടടയ്ക്കാൻ പ്രയാസം, എന്നൊരു പഴഞ്ചൊല്ലുണ്ട്.

(തുടരും)

# ക്രിസ്തുമസ്സ് ഗാനം

ഫാ. യോനാൻ, ഒ. ഐ. സി.

(പച്ചപ്പനം തത്തേ......... എന്ന മട്ട്)

ആരോമലുണ്ണിക്കുരാരിരം രാരാരോ
ചാരു സ്വരൂപനീശോ
രാവിലുദിച്ച വെൺചന്ദ്രനെപ്പോൽ ഭുവിൽ
ജാതം ചെയ്തോനേ ദേവാ!

1. ചാണയ്ക്കുവച്ചൊരു നൽചന്തമേറുന്ന
മാണിക്യകല്ലാണു നീ
ക്ഷോണിക്കിരുൾ നീക്കാൻ താതൻ സർവ്വേശ്വരൻ
കാണിച്ച പൊൻവിളക്കൊ

2. സച്ചരിത മേരിയമ്മ മടിയിലെ
പിച്ചകപ്പൂവു നീയോ
സച്ചിദാനന്ദസ്വരൂപനാണങ്ങുന്നു
തച്ചന്റെ സൂനുവും നീ

3. തൊഴുകൈകളോടെ ഞാൻ സ്വാഗതമോതുന്നു
ഏഴകൾ രക്ഷകാ നീ
പിഴയെന്യെ കാലടിവച്ചിടേണം ദേവാ
ഭാവുക പ്രതീക്ഷകൾ നീ

4. പുഴയിലെ നീർത്തുള്ളിയോരോന്നും പോലെയാ
പഴയവർഷങ്ങൾ പോയി
അവയിൽ വിളഞ്ഞ ശുഭാശുഭങ്ങളൊക്കെ
ഇനിയെന്തു ചെയ്തിടേണ്ടു

5. നവജാതനായുള്ള രക്ഷകാ നിന്നോട—
ങ്ങൊരു കാര്യമോതിടട്ടെ
ജനകീയവാഴ്ചയാൽ ശാന്തിവന്നിടണെ
വന്ദനം പൊന്നേശുവേ.

# കത്തോലിക്കാ ലോകം

(ഫാ. സിറിയക്ക് ഒ. സി. ഡി.)

*ലോകത്തിൽ* ആകെ ജനസംഖ്യ: 266 കോടി. കത്തോലിക്കർ 51 കോടി; പ്രോട്ടസ്റ്റൻറ്കാർ 21 കോടി; മററു ക്രിസ്ത്യാനികൾ 13 കോടി; മഹമ്മദീയർ 38 കോടി.

*ഇൻഡ്യയിൽ:* ആകെ ജനസംഖ്യ 43.8 കോടി; കത്തോലിക്കർ 59 ലക്ഷം; മററു ക്രിസ്ത്യാനികൾ 50 ലക്ഷം; കത്തോലിക്ക വൈദികർ 5262, ബ്രദേഴ്സ് 1351; കന്യാസ്ത്രികൾ 18403 (ഇതിൻെറ മൂന്നിൽ ഒരു ഭാഗം കേരളത്തിലാണ്.) കത്തോലിക്കാ കോളജുകൾ 72; വിദ്യാർത്ഥികൾ 40,000; കത്തോലിക്കാ വിദ്യാർത്ഥികൾ 9000. ആകെയുള്ള 2200 കോളേജ് അദ്ധ്യാപകരിൽ 384 വൈദികർ മാത്രം.

*ബൽജിയം:* ബ്രസ്സൽസിൽ 7000 കോളേജ് വിദ്യാർത്ഥികളുടെ അദ്ധ്യാപനത്തിനായി 240 വൈദികരുണ്ട്—മററദ്ധ്യാപകർക്കു പുറമേ.

*സ്വിററ്സർലണ്ട്:* 741 വൈദികർ കോളേജുകളിൽ അദ്ധ്യാപകരായി ജോലിചെയ്യുന്നുണ്ട്.

*യൂറോപ്പിൽ:* ആകെ ജനസംഖ്യ 33,7 കോടി; കത്തോലിക്കർ 17.8 കോടി വൈദികർ 213,000.

*ലാററിൻ അമേരിക്കയിൽ:* 15.5 കോടി കത്തോലിക്കർക്ക് 30,700 വൈദികർ മാത്രമാണുള്ളതു്.

*ഫൊർമോസാ:* ആകെ കത്തോലിക്കർ 200,200 (1952-ൽ 20,100 കത്തോലിക്കർ മാത്രമാണുണ്ടായിരുന്നതു്.) കഴിഞ്ഞ വർഷത്തിൽ 8542 ശിശുക്കൾ ഉൾപ്പെടെ 22927 പേർ മാമ്മോദീസാ സ്വീകരിച്ചു. 45,521 പേർ മാമ്മാദീസായ്ക്കു തയ്യാറായിരിക്കുന്നു. ആകെ വൈദികർ 588; (ഇവരിൽ 171 പേർ ചൈനാക്കാരാണ്.) 459 സിസ്റ്റേഴ്സ് (274 പേർ ചൈനാ.) 72 ബ്രദേഴ്സിൽ 20 ചൈനാക്കാർ.

*ഫിൻലണ്ട്:* ആകെ ജനസംഖ്യ 44 ലക്ഷം; കത്തോലിക്കർ 2200; വൈദികർ 20; 5 ഇടവകകൾ. സ്വദേശികളായി ആകെ 2 വൈദികർ മാത്രമാണുള്ളതു്.

*ഇസ്രായേൽ:* ജർമ്മൻ കുരിശുയുദ്ധക്കാരുടെ വകയാണെന്നു് വിശ്വസിക്കപ്പെടുന്ന ഒരു ദൈവാലയം ആക്കർ എന്ന സ്ഥലത്തിനടുത്തു് ഗവേഷകന്മാർ ഭൂമിക്കടിയിൽ കണ്ടുപിടിച്ചിരിക്കുന്നു,

*വിധവകളുടെ സംഘടന:* ലണ്ടനിലുള്ള 13 വിധവകൾ ചേർന്നു് രണ്ടുകൊല്ലം മുമ്പു് ഒരു സംഘടന രൂപവൽക്കരിച്ചു. ഇപ്പോൾ 7 രൂപതകളിൽ ഇതിനു് ബ്രാഞ്ചുകളുണ്ട്.

*വൃദ്ധന്മാരായ വൈദികവിദ്യാർത്ഥികൾ:* അമേരിക്കയിലുള്ള ന്യൂ ജേഴ്സിൽ 60 വൃദ്ധന്മാർ സെമിനാരിയിൽ പ്രവേശിച്ചിരിക്കുന്നു.

*ഇംഗ്ലണ്ട്:* C. T. S (ക്യാത്തലിക്ക് ട്രൂത്ത് സൊസൈററി)യ്ക്കു് ഇപ്പോൾ 40,000-ൽ പരം അംഗങ്ങളുണ്ട്. അടുത്തകാലത്തു് C. T. S. ൻെറ ആഭിമുഖ്യത്തിൽ ബൈബിളിൻെറ 500,000 കോപ്പികൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലഘുലേഖകളുടെ എണ്ണം (1960-ൽ) 750,000.

—o—

*തിരുവനന്തപുരം:* ബൻസിഗർ ധ്യാനമന്ദിരത്തിൽ, 1961-ൽ പുരുഷന്മാർക്കായി ഒൻപതും, സ്ത്രീകൾക്കായി ആറും ഏകാന്തധ്യാനങ്ങൾ നടത്തപ്പെട്ടു. അവയിൽ, ആകെ 562 പുരുഷന്മാരും, 372 സ്ത്രീകളും പങ്കെടുത്തു.

## പുതിയ പുസ്തകങ്ങൾ

1. ക്രിസ്തുമസ്സ് ഗാനങ്ങൾ.– Fr. Younan, O. I C. വശങ്ങൾ 18, വില 12 nP. വിജയാപ്രസ്സ്, കാഞ്ഞിരംകുളം, 1961.

2. കത്തോലിക്കരോട്—ലഘുലേഖ, ഗ്രന്ഥകർത്താ: ഫാദർ ജോസ് അക്കരക്കാരൻ; Better Life Movement, Aloor, Irinjalakuda; വശങ്ങൾ 8. 1961. ഉത്തമജീവിതം നയിക്കുവാൻ കത്തോലിക്കരോട് ആഹ്വാനം ചെയ്യുകയാണ് പുസ്തകത്തിന്റെ ഉദ്ദേശം.

---


# കാർമ്മൽ സന്യാസാർത്ഥി മന്ദിരം

## എറണാകുളം

കർമ്മെലീത്താ ഒന്നാം സഭയുടെ മലബാർ പ്രോവിൻസിൽ പ്രവേശിച്ച് പ്രാർത്ഥനാപരവും ത്യാഗസമ്പൂർണ്ണവും മരിയാനുഗതവുമായ ഒരാന്തരികജീവിതം നയിച്ചുകൊണ്ട് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അനുസരണം ആവശ്യപ്പെടുന്ന ബാഹ്യജോലികളും ചെയ്യുന്നതിനാഗ്രഹിക്കുന്ന നിയോഗശുദ്ധരും, ഉദാരമതികളും, ഉത്സാഹശീലരും, ആരോഗ്യവാന്മാരുമായ സ്കൂൾഫൈനൽ & കോളേജു വിദ്യാർത്ഥികൾ നേരത്തെ താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുവിൻ.

viii, ix സ്റ്റാൻഡേർഡുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

Rev. Fr. Director, Carmel Mandir,
St. Teresa's Carmelite Monastery,
Banerji Road, Ernakulam-1.

or

Very Rev. Fr. Provincial,
Carmel Hill Monastery,
Trivandrum-1.


---

## ഈ ലക്കത്തിൽ


| | | വശം |
|---|---|---|
| 1. | സമസ്തലോകസമാധാന വാർഷികം ... ... ... | 1 |
| 2. | അവൻ വരുന്നു (പി. എക്സ്. പുല്ലുവിള) ... ... ... | 3 |
| 3. | ക്രിസ്തീയ ജീവിതത്തിന്റെ രണ്ടു നീരുറവകൾ (തുടർച്ച) (ഫാ. എലിസേവൂസ്, ഒ. സി. ഡി.) ... | 7 |
| 4. | മാതൃകാ പുഷ്പം (കവിത) (വിദ്വാൻ ജോസഫ് പള്ളിപ്പാടം) ... ... | 13 |
| 5. | പോപ്പുരാജൻ നീണാൾ വിരാജിക്കട്ടെ (തുടർച്ച) (Rt. Rev. Mgr. P. Kackacherry, Ph. D., D., D.,) | 14 |
| 6. | ആ അത്ഭുത കന്യക (ബ്രദർ പീയൂസ്, സി. എസ്സ്. റ്റി) ... ... | 16 |
| 7. | ഭാരതത്തിലെ പ്രേഷിത സഭ (എം. റ്റി. പോൾ, വരാപ്പുഴ) .. ... | 18 |
| 8. | നിങ്ങൾ എന്തിനൊരു വൈദികനാകാൻ ആഗ്രഹിക്കുന്നു? (ചെറിയതുറ ഫ്രഡി. ഡിസിൽവ.) ... | 20 |
| 9. | വിശുദ്ധകളുടെ പേരുകൾ (തുടർച്ച) .. .. ... | 22 |
| 10. | വി. യൗസേപ്പിന്റെ ലില്ലി (റവ. ഫാ. തോമസ് മുത്തേടൻ, എം. എ., ഡി. ഡി..) ... | 25 |
| 11. | സ്വാതന്ത്ര്യയുടെ പ്രകടനങ്ങൾ (P. L) ... .. .. | 27 |
| 12. | സമാധാന മാർഗ്ഗം (തുടർച്ച) (ഫാ. യൗനാൻ, ഒ. ഐ. സി. ) ... ... | 30 |
| 13. | ക്രിസ്തുമസ്സ് ഗാനം (ഫാ. യൗനാൻ, ഒ. സി. ഡി.) ... ... ... | 31 |
| 14. | കത്തോലിക്കാലോകം (ഫാ. സിറിയക്ക്, ഒ. സി ഡി.) ... ... | 32 |

# തിരുവസ്ത്രരീയത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്. പത്തു ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നവർക്കു് ആകർഷണീയമായ കമ്മീഷൻ.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-1.

---

വിദേശത്തു നിന്നും വരുത്തിയ മനോഹരങ്ങളായ ക്രിസ്തുമസ് കാർഡുകൾ, പടങ്ങൾ, കൊന്തകൾ, കലണ്ടറുകൾ, കാശുരൂപങ്ങൾ, ലോക്കററ്സ് മുതലായ ഭക്ത സാധനങ്ങൾക്കു ഞങ്ങളെ സമീപിക്കുക.

വിലവിവരപ്പട്ടിക ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കും.
കച്ചവടക്കാർക്കും മൊത്തമായി വാങ്ങുന്നവർക്കും നല്ല കമ്മീഷൻ.

**കാർമ്മൽ ബുക്കു് സ്റ്റാൾ**
തിരുവനന്തപുരം - 1.

---

# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശങ്ങൾ:— അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിനു് മുൻകൂർ 1 രൂ. 50 ന. പ.

കത്തിടപാടുകൾക്കുള്ള മേൽവിലാസം :

വരിപ്പണം സംബന്ധിച്ചു്:- മാനേജർ, "കാർമ്മൽ", സെന്റു് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1

ലേഖനങ്ങൾ സംബന്ധിച്ചു്:— പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1


Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors for the Proprietors: Discalced Carmelite Fathers of the Province of Malabar.

CARMEL 1962
02002774